# തുളസീരവം

— ഫെബ്രുവരി 2025 —




PSCEA

**പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ**

# സംസ്ഥാന കമ്മിറ്റി 2024–25

പ്രസിഡന്റ്



സുഭാഷ് ചന്ദ്രൻ പി. കെ.

ജനറൽ സെക്രട്ടറി



അജിത്കുമാർ.എസ്

ട്രഷറർ



സൂരജ് വി.

## വൈസ് പ്രസിഡന്റുമാർ



രേണുദാസ് എൻ.



അൻവർ സാജിദ് പി.



ശ്രീലത ടി.സി.

## ജോയിന്റ് സെക്രട്ടറിമാർ



സന്തോഷ് കുമാർ ഡി.



സഞ്ജിത് വി.

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ



അനിൽകുമാർ വി.എസ്.



സനീഷ് സമദ്



വിനാംസി ലോറൻസ്



സുനിൽ വൈ.



അനിൽവാട്സ്



ജയസേനൻ എസ്.എസ്.



ഗോപകുമാർ എസ്.എസ്.



ആൽബിൻരാജ് ഡി.എസ്



ലളിത.എസ്



മിനു ആർ. എൽ.

# തുളസീരവം

## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ മുഖപത്രം

സ്ഥാപിതം : 1989
രജി. നമ്പർ : 267/91
ഫെബ്രുവരി 2025
പുസ്തകം : 13
ലക്കം : 1



**ചീഫ്എഡിറ്റർ**
ആൽബിൻരാജ് ഡി.എസ്.

**മാനേജിംഗ് എഡിറ്റർ**
അനിൽകുമാർ വി.എസ്.

**എഡിറ്റർമാർ**
സഞ്ജീവ് പി.എ.
സഞ്ജിത് വി.

**പത്രാധിപസമിതി അംഗങ്ങൾ**
സുഭാഷ്ചന്ദ്രൻ പി.കെ.
അജിത് കുമാർ എസ്.
പ്രദീപ്കുമാർ. ഐ.പി.
ഫ്രഞ്ചസ് ഡി.
ലളിത എസ്.
അനൂപ് വി. എസ്.
ശ്രീദേവ് എം.എസ്.
അനിൽകുമാർ വി.



പി.എസ്.സി. എംപ്ലോയീസ്
അസോസിയേഷനുവേണ്ടി
ജനറൽ സെക്രട്ടറി
**അജിത് കുമാർ എസ്.**
പ്രസിദ്ധീകരിക്കുന്നത്
**പി.എസ്.സി. ജീവനക്കാർക്ക് മാത്രം.**

**ഡി.റ്റി.പി**
സി.എസ്.ഐ.പി.എഫ്

**ലേഔട്ട് & പ്രിന്റിംഗ്**
ടൈം ഓഫ്സെറ്റ്



ലേഖകരുടെ അഭിപ്രായങ്ങൾ തുളസീരവത്തിന്റേത് ആയിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**അനിവാര്യമായ പണിമുടക്ക് / പണിമുടക്കിയ ജീവനക്കാർക്ക് അഭിവാദ്യങ്ങൾ** ..................................... 6
സുഭാഷ് ചന്ദ്രൻ.പി.കെ

**35–ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്** .............................. 8
അജിത്കുമാർ.എസ്

**വനിതാ സമ്മേളന റിപ്പോർട്ട്**........................................... 12
ലളിത.എസ്

**ഡോ. മൻമോഹൻസിംഗ് അതീവമാന്യനായ അതികായൻ**....... 13
സഞ്ജിത്.വി

**താർ മരുഭൂമിയിലെ ഒരു ദം ബിരിയാണി വിശേഷം**................. 16
ഷാനവാസ്.ഇ

**മാവും ആത്മാവും**.................................................... 19
കോനാതിരി

**13 –ൽ പന്ത്രണ്ടാമത് കണ്ടെത്തിയ മികച്ച പാതി**................. 20
വി.ലോറൻസ്

**കടവൊഴിഞ്ഞു കാലവും** ............................................ 25
ഷെമീല സലിം

**നിശബ്ദതയുടെ നിലവിളി**.............................................. 27
അമൽ ജോർജ്ജ്

**സമാന്തര രേഖകൾ**.................................................... 33
ഗോകുൽ ഉണ്ണികൃഷ്ണൻ

**ഓർമ്മക്കടൽ**.......................................................... 35
ആസിഫ് മുഹമ്മദ്.എ.എൻ

**മലയാളത്തിന്റെ ഭാവഗായകന് വിട**................................... 36
അനിൽകുമാർ.വി

**പാരീസിലെ കാറ്റും കൊളോണിലെ ഭ്രാന്തനും ടൈബറിന്റെ ചിരിയും**.................................................. 38
അനിൽ വാട്സ്

**ചെറുപുഞ്ചിരി**........................................................ 45
ബിനു.എസ്

**വിട പറയും നേരം**................................................... 46
ജിതിൻ ജോസ്

**സമകാലിക രാഷ്ട്രീയവും കേരളവും**................................ 47
എ.കെ.സാദിക്

**കാകദൃഷ്ടി**............................................................ 51
പി.എസ്.സി.ഇ.എ

**മലയാളസിനിമ 2024 ഒരു തിരനോട്ടം**.............................. 54
ദിവ്യ ഉണ്ണി

**വേർപാടിന്റെ വേദന**.................................................. 58
ഷാജി.എ

EDITORIAL



# എഡിറ്റോറിയൽ

ഭൂതകാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് പിന്നിട്ട വർഷത്തിന്റെ വിജയവും പരാജയവും വിചിന്തനം ചെയ്ത് നവപ്രതീക്ഷയുടെ പൂർത്തീകരണത്തിന്റെ തുടക്കമാകട്ടെ 2025-ാം വർഷം. തിരികെ ലഭിക്കാത്ത ആയുസ്സിലേയ്ക്കുള്ള കാൽവയ്പ്പാണ് ഓരോ പുതുവർഷവും. സുഖമുള്ള നിമിഷങ്ങളും നിറമുള്ള സ്വപ്നങ്ങളും നനവാർന്ന ഓർമ്മകളും ബാക്കിയാക്കി കടന്നുപോയ കാലത്തിൽ മനുഷ്യഭാവനയിൽ കാണുന്ന ഉദാഹരണങ്ങളെക്കാൾ ഒരിക്കലും മായാത്ത ജീവിതാനുഭവങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് നമുക്ക് മുന്നേറാം. പരാജയങ്ങളിൽ നിന്ന് വിജയിക്കാനുള്ളതാണ് ജീവിതമെന്നും മനസ്സാണ് നമ്മുടെ സൗന്ദര്യമെന്നും ഉൾക്കൊണ്ട് പുതിയ വർഷംഐശ്വര്യ പൂർണമാക്കാം.

ഇന്ത്യയെ ഇന്ന് നാം കാണുന്ന ഒരു രാജ്യമാക്കി മാറ്റിയത് ഇന്ത്യ ഭരിച്ച കോൺഗ്രസ് സർക്കാരുകളാണ്. നാനാത്വത്തിൽ ഏകത്വമാണ് ഇന്ത്യയെ വ്യത്യസ്തമാക്കിയിരിക്കുന്നത്. ഈ വ്യത്യസ്തതയെ ഏകമാക്കാൻ ശ്രമിക്കുകയാണ് കേന്ദ്രം ഭരിക്കുന്ന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ദൃഢമായിരുന്നു ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ. എന്നാൽ വൻകിട കോർപ്പറേറ്റുകൾക്ക് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ തീറെഴുതി കൊടുത്ത് ഇന്ത്യയെ അവർക്ക് പണയപ്പെടുത്തിയിരിക്കുന്നു. ലോകത്തിലെ മറ്റ് രാജ്യങ്ങളെ പോലെ പുതിയ കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് വികസനത്തിലേയ്ക്ക് ഇന്ത്യയെ നയിക്കാതെ അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും മുന്നിൽ ഇന്ത്യൻ ജനതയെ കൊണ്ട് എത്തിച്ച് ജനാധിപത്യത്തെയും മതേതരത്വത്തെയും തുരങ്കം വച്ച് ഇന്ത്യയെ ശിഥിലമാക്കി കൊണ്ട് മുന്നേറുകയാണ് ഇന്ന് രാജ്യം ഭരിക്കുന്ന സർക്കാർ ചെയ്യുന്നത്.

സമാധാനത്തിന്റെയും മതേതരത്വത്തിന്റെയും സഹവർത്തിത്വത്തിന്റെയും നാടായിരുന്നു കേരളം. ഇന്ന് ലഹരി, കൊലപാതകം, അക്രമം, പീഡനം എന്നീ നിലയിലേയ്ക്ക് കേരളത്തെ മാറ്റിയിരിക്കുന്നു. ക്രൂരമായ പീഡനങ്ങളും കൊലപാ തകങ്ങളും കേട്ടുമാത്രം അറിഞ്ഞിരുന്ന കേരള ജനതയ്ക്ക് മുന്നിൽ നിത്യേന മൃഗീയമായ സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന നാടായി കേരളം മാറിയിരിക്കുന്നു. ഇതിന് പ്രധാന കാരണം ഗുണ്ട,

EDITORIAL

മയക്കുമരുന്നു മാഫിയകളുടെ ഒരു താവളമായി കേരളം മാറി എന്നതാണ്. നിയമങ്ങൾ കർശനമാക്കി കേരളത്തെ ലഹരി മുക്തമാക്കാൻ ശ്രമിക്കുന്നതിനുപകരം കുറ്റം ചെയ്യുന്നവർ തങ്ങളുടെ പാർട്ടിക്കാരായാൽ അധികാരം ഉപയോഗിച്ച് വെള്ള പൂശി അവരെ വിശുദ്ധരാക്കുവാൻ ശ്രമിക്കുന്നതിന്റെ നേർചിത്രമാണ് കേരളം ഒരു ഭ്രാന്താലയമായി തീർന്നത്.

കേരളത്തിലെ സർക്കാർ ജീവനക്കാർ സമാനതകളില്ലാത്ത ആനുകൂല്യ നിഷേധങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ആനുകൂല്യ നിഷേധത്തിനെതിരെ ജനുവരി 22-ാം തീയതി നടന്ന പണിമുടക്ക് വൻവിജയമാക്കി തീർത്ത കേരളത്തിലെ സർക്കാർ ജീവനക്കാർ അഭിനന്ദനത്തിന് അർഹരാണ്. ഉപ്പ് തൊട്ട് കർപ്പൂരം വരെ വില കൂട്ടിയിട്ടും ജീവനക്കാരന്റെ ശമ്പളം മാത്രം വർദ്ധനവില്ലാതെ തുടരുന്നു. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും കൊണ്ട് കേരളത്തെ ഭരിച്ച് മുടിച്ചിട്ട് അതിന്റെ പാപഭാരം സർക്കാർ ജീവനക്കാർ വഹിക്കുന്ന സ്ഥിതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഇത്രയും ഗതികെട്ട സർക്കാരിനെതിരെ ഒന്ന് ശബ്ദിക്കാൻ പോലും കഴിയാതെ വായ് മൂടിക്കെട്ടിയിരിക്കുന്നു ഭരണപക്ഷ സംഘടനകൾ. ഇന്ന് ഈ സർക്കാരിനെക്കുറിച്ച് വാഴ്ത്തുപാട്ട് പാടി സ്തുതിക്കാനെങ്കിലും വായ് തുറക്കുന്നല്ലോ അത് ഓർത്തെങ്കിലും നമുക്ക് ആശ്വസിക്കാം.

ഭരണഘടനാ സ്ഥാപനമായ പി.എസ്.സി യിലെ ജീവനക്കാരുടെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. ജീവനക്കാരെ അടിമകളാക്കി പണി ചെയ്യിപ്പിച്ചിട്ട് നിസാര തെറ്റുകൾക്ക് കനത്ത നടപടികൾ എടുത്ത് ജീവനക്കാരെ വീണ്ടും ക്രൂശിക്കുകയാണ് ചെയ്യുന്നത്. പി.എസ്.സി യിലെ തെറ്റായ രീതികൾക്കെതിരെ ശബ്ദമുയർത്താൻ ഇന്ന് പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ മാത്രമാണ് പി.എസ്.സി യിൽ ഉള്ളത്. എന്നാൽ പ്രതിഷേധങ്ങൾ പലരെയും അസ്വസ്ഥരാക്കുന്നുണ്ട്. ജീവനക്കാർക്ക് വേണ്ടി ഒരു ചെറുവിരൽ അനക്കാത്ത ഭരണപക്ഷ സംഘടനകൾ ഇന്ന് പ്രതിഷേധിക്കുന്നവരുടെ വാക്കുകൾക്ക് ഭംഗി പോര എന്ന് പറഞ്ഞ് സായൂജ്യമടയുന്നു. അടിമ ചങ്ങല പൊട്ടിച്ച് ജീവനക്കാർ മോചനത്തിലേയ്ക്ക് വരുന്ന കാലം വിദൂരമല്ല. ജീവനക്കാരുടെ ആവശ്യങ്ങൾക്ക് വേണ്ടി ഇന്ന് ഒരക്ഷരം മിണ്ടാതെ ഇരിക്കുന്ന അഭിനവ നേതാക്കൾ ഒരിക്കൽ ജീവനക്കാരുടെ മുന്നിൽ ചോദ്യചിഹ്നമായി നിൽക്കും എന്നതിൽ യാതൊരു സംശയവുമില്ല.

പുതിയ പ്രതീക്ഷകളുടെ നാളുകളാണ് നമ്മുടെ മുന്നിലേയ്ക്ക് കടന്നു വരുന്നത്. ആ പ്രതീക്ഷകൾക്ക് നിറം പകരാൻ നമുക്ക് ഒരുമിച്ച് പോരാടാം. ഒരുമിച്ച് പ്രയത്നിക്കാം. 35-ാം സംസ്ഥാന സമ്മേളനത്തെ സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും വൻവിജയമാക്കി തീർത്ത പി.എസ്.സി യിലെ എല്ലാ ജീവനക്കാർക്കും ഒരായിരം നന്ദി.

പിൻവാതിൽ നിയമനങ്ങൾക്കും സ്വജന പക്ഷപാതത്തിനും വേണ്ടി സമാന്തര റിക്രൂട്ട്മെന്റ് ബോർഡുകളും പാർട്ടി സംവിധാനങ്ങളും ഉപയോഗിച്ചു യോഗ്യരായ യുവതീയുവാക്കൾക്ക് ജോലി നിഷേധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരായ ലക്ഷോപലക്ഷം അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ ആശ്രയമായ പി.എസ്.സി യെ ശക്തിയുക്തമാക്കുവാൻ ബഹു. കമ്മീഷനോടൊപ്പം നമുക്കും ഒരുമയോടെ പ്രവർത്തിക്കാം. പി.എസ്.സി യിലെ എല്ലാ ജീവനക്കാർക്കും ഐശ്വര്യപൂർണ്ണമായ പുതുവത്സരാശംസകൾ.

*സ്നേഹത്തോടെ,*

**ആൽബിൻ രാജ് ഡി. എസ്.**

ചീഫ് എഡിറ്റർ



# അനിവാര്യമായ പണിമുടക്ക് – പണിമുടക്കിയ ജീവനക്കാർക്ക് അഭിവാദ്യങ്ങൾ....



സുഭാഷ്ചന്ദ്രൻ പി.കെ

സർക്കാർ ജീവനക്കാരും അദ്ധ്യാപകരും സമാനതകളില്ലാത്ത നീതിനിഷേധത്തിന്റെ ഒരാണ്ടുകൂടി പിന്നിട്ടിരിക്കുന്നു. പി.എസ്.സി ജീവനക്കാരുടെ അവസ്ഥയും മറിച്ചല്ല. 2024 ജനുവരി 24ലെ SETO പണിമുടക്കിനെ രാഷ്ട്രീയപ്രേരിതമായ പണിമുടക്ക് എന്ന് വിശേഷിപ്പിച്ചവർക്ക് വർഷാന്ത്യം പണിമുടക്കിൽ ഉന്നയിച്ച അതേ ആവശ്യങ്ങൾ മുൻനിർത്തി സെക്രട്ടറിയേറ്റ് ധർണ്ണ സംഘടിപ്പിക്കേണ്ടി വന്നത് എന്തുകൊണ്ടെന്ന് ജീവനക്കാർക്ക് ബോധ്യമുണ്ട്. ആസന്നമായ ഭരണമാറ്റം മുന്നിൽക്കണ്ട് സ്ലീപ്മോഡിൽ നിന്നും സ്ട്രൈക് മോഡിലേക്ക് മാറാനുള്ള ഒരു തയ്യാറെടുപ്പായാണ് ഇത് സംഘടിപ്പിച്ചതെങ്കിലും എന്തിനാണ് ധർണ്ണ നടത്തിയത് എന്ന് വിശദീകരിക്കാൻ നേതാക്കൾ പെട്ട പാട് ചില്ലറയല്ല. ഒടുവിൽ സമരം സർക്കാരിനെതിരല്ല എന്നും സർക്കാർ പി.എസ്.സിയ്ക്ക് എല്ലാം തന്നുവെന്നും പി.എസ്.സിയ്ക്ക് അപാര ശക്തിയാണെന്നും. മൊഴിഞ്ഞു തടിതപ്പിയത് ഏറെ പണിപ്പെട്ടാണ്. പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും ഡിഎ 246 ശതമാനമായി കൂട്ടുകയും കുടിശ്ശിക പണമായി നൽകാനും തീരുമാനിക്കുക വഴി സർക്കാർ ചില്ലറയൊന്നുമല്ല പി.എസ്.സിയെ ശക്തിപ്പെടുത്തിയത്. സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കിട്ടേണ്ടിയിരുന്ന ശമ്പളപരിഷ്കരണ കുടിശ്ശിക, ഡിഎ എന്നിവയൊക്കെ തരും തരും എന്ന പല്ലവി ഈ സർക്കാർ ഉള്ളകാലം വരെ തുടരും.

ഭവന വായ്പ റദ്ദാക്കപ്പെട്ടത് ജീവനക്കാരെ ഏറെ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്. വർദ്ധിപ്പിക്കുന്ന വായ്പാനിരക്കിനനുസൃതമായി വായ്പാ തവണ അടയ്ക്കാൻ ശമ്പള വർദ്ധനവില്ലാതെ ജീവനക്കാർ ബുദ്ധിമുട്ടുകയാണ്. സർവ്വീസ് വെയിറ്റേജും നഗരബത്തയും ഒഴിവാക്കി നടത്തിയ ശമ്പള പരിഷ്കരണം ശമ്പള പരിഷ്കരണത്തിന്റെ ആത്മാവ് തന്നെ ഇല്ലാതാക്കി. 2021 ൽ നടപ്പാക്കിയ 2019 ജൂലൈ മുതലുള്ള വേതനബാക്കിയായ ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്കായി ഇന്നും മാനത്ത് നോക്കിയിരിക്കേണ്ട ഗതികേടാണ്.

എൽ.ഡി.എഫ് സർക്കാരുകൾ പി.എസ്.സി യ്ക്കും സർക്കാർ ജീവനക്കാർക്കും എല്ലാം വാരിക്കോരി നൽകി എന്ന വായ്ത്താരിയാണ് ചിലർ സദാസമയം നടത്തുന്നത്. 1984 ൽ കരുണാകരൻ മന്ത്രിസഭയാണ് പി.എസ്.സി യിലെ ജില്ലാ ഓഫീസർ തസ്തിക ഡി.എസ് ആക്കി ഉയർത്തി നൽകിയത്. 1985 ൽ ആദ്യമായി ജോയിന്റ് സെക്രട്ടറി തസ്തിക ലഭിച്ചു. (GO(P) **515/85/**



fin dtd. 16.09.1985) സീനിയർ ഗ്രേഡ് : ഗ്രേഡ് I : ഗ്രേഡ് II തസ്തികളുടെ 3:4:5 അനുപാതം 1:1:1 ആക്കി വൻ പ്രമോഷൻ സാധ്യത അസിസ്റ്റന്റു മാർക്ക് നൽകി. ഗ്രേഡ് II അസിസ്റ്റന്റുമാർക്ക് 4 അഡ്വാൻസ് ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തിൽ ഉയർത്തി. 25 വർഷം സർവ്വീസുള്ള അറ്റൻഡർമാർക്ക് സീനിയർ ഗ്രേഡ് സ്കെയിൽ നൽകി. 1995 ൽ എ.കെ.ആന്റണി സർക്കാർ 3 മേഖലാ ഓഫീസുകൾ അനുവദിച്ചു പുതിയ 101 തസ്തികകൾ നൽകി. 3 എൻക്വയറി ഓഫീസർ തസ്തികകൾ ലഭിച്ചു. 14 ജില്ലാ സഹകരണബാങ്കുകൾ 15 അപ്പെക്സ് സൊസൈറ്റികൾ എന്നിവയുടെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടത് വഴി പി.എസ്.സി യ്ക്ക് കൂടുതൽ ശക്തി പകരുകയും തസ്തികകൾ ലഭിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്തു. 5:1 ഹയർ ഗ്രേഡ് : ഗ്രേഡ് II പ്യൂൺ അനുപാതം 2:1 ആക്കി മാറ്റി. പി.എസ്.സി യുടെ ചരിത്രത്തിൽ ആദ്യമായി ഒരു അഡി. സെക്രട്ടറി തസ്തിക അനുവദിച്ചു. ഫിറ്റ്മെന്റ് ബെനിഫിറ്റ് 12% മിനിമം 200 രൂപ, ഡി.എ ലയിപ്പിക്കൽ 80% സർവ്വീസ് വെയിറ്റേജ് 0.5%, പരമാവധി 15% ഇൻക്രിമെന്റ് മിനിമം 230 ൽ നിന്നും 500 ലേയ്ക്ക് (ഇരട്ടിയിലേറെ വർദ്ധന), DCRG 7 ലക്ഷത്തിൽ നിന്ന് 14 ലക്ഷം (ഇരട്ടി) പെൻഷൻ ഫിക്സേഷന് 18% ഫിറ്റ്മെന്റ് ബെനിഫിറ്റ് തുടങ്ങിയവ നൽ കിയപ്പോൾ 2019 ൽ എൽ.ഡി.എഫ് സർക്കാർ അടിസ്ഥാന ശമ്പളം 16500 ൽ നിന്ന് കേവലം 23000 (39% വർദ്ധന) മാത്രമാണുയർത്തിയത്. സർവ്വീസ് വെയിറ്റേജ് നിഷേധിക്കുകയും ഇൻക്രിമെന്റ് മിനിമം 500 ൽ നിന്നും കേവലം 700 മാത്രമായി ഉയർത്തുകയുമാണുണ്ടായത്.

പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന് ഉറപ്പ് നൽകി അധികാരത്തിൽ വന്നവർ ആളെപ്പറ്റിക്കാൻ കമ്മിറ്റിയെ നിയോഗിച്ച് പഠിച്ചശേഷം റിപ്പോർട്ട് പൂഴ്ത്തി വച്ചു. കോടതി കണ്ണുരുട്ടിയപ്പോൾ ആയത് പിൻവലിക്കുന്നതിന് നിയമ തടസ്സമില്ലെന്നുള്ള കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുകയും അത് ഇപ്പോൾ വീണ്ടും പഠന വിധേയമാക്കുകയുമാണ്. അപ്പോഴും NPS വരിക്കാരെ പണയപ്പെടു ത്തി കോടികൾ കടമെടുക്കുന്നതിൽ സർക്കാരിന് അൽപ്പം പോലും ഉളുപ്പ് തോന്നുന്നില്ല.ഇന്ത്യയിൽ NPS നിലവിലുള്ള എല്ലാ സംസ്ഥാനങ്ങളിലും 14% മാണ് സർക്കാർ വിഹിതമെന്നിരിക്കെ കേരളത്തിൽ മാത്രം ഇത് 10% ആണ്. ഇവിടെ മാത്രം എൻ.പി. എസ് കാർക്ക് DCRG നിഷിദ്ധവും ലീവ് സറണ്ടർ അരൂപിയായി അന്തരീക്ഷത്തിൽ അലഞ്ഞു നടക്കുകയാണ്. നോക്കുകൂലി പിരിവ് മാത്രമായി ചുരുങ്ങിയ മെഡിസെപ്പ് പൂർണ്ണ പരാജയമെന്ന് ഇടതുപക്ഷ സംഘടനകൾ തന്നെ കണ്ടെത്തുകയും പകരം പദ്ധതികളുമായി മുൻപോട്ട് പോകുകയും ചെയ്യുന്നു. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരെങ്കിൽ പ്രതിവർഷം 12,000 രൂപ വെറുതെ നഷ്ടപ്പെടുന്ന ഗതികേട്. 2024 ജനുവരി 24 – ലെ SETO പണിമുടക്കിനു ശേഷം 2 ഗഡു ഡി.എ ആണ് ആകെ അനുവദിച്ചത്. അതിൽ 21 ജനുവരി മുതൽ ലഭിക്കേണ്ട 2% ഡി.എ 2024 ഏപ്രിൽ മുതലും 21 ജൂലൈ മുതൽ ലഭിക്കേണ്ട 3% ഡി.എ ഒക്ടോബർ മുതൽ മാത്രവും അനുവദിക്കുക വഴി രണ്ടു ഗഡുക്കൾക്കും 39 മാസത്തെ വീതം അരിയർ ആവിയാക്കി സർക്കാർ തുല്യനീതി ഉറപ്പുവരുത്തി. ക്ഷാമബത്താ ഉത്തരവുകളിൽ പ്രഖ്യാപിക്കപ്പെടുന്ന ക്ഷാമബത്താ ഗഡുവിന്റെ കാലയളവ് ബോധപൂർവ്വം മറച്ചുവച്ച് കേന്ദ്രനിരക്കിലെ ക്ഷാമബത്താ പ്രാബല്യാവകാശം ജീവനക്കാർക്ക് ഇല്ലാതാക്കുന്ന കൊടിയ വഞ്ചനയാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. ആറു ഗഡു ക്ഷാമബത്ത (19%) കുടിശ്ശികയാക്കുക വഴി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ അഞ്ചിലൊന്നും കവർച്ച ചെയ്യുന്ന സർക്കാർ 2024 ജൂലൈ മുതൽ ലഭ്യമാക്കേണ്ട ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയമിക്കാൻ പോലും മറന്നുപോയിരിക്കുന്നു. ഈ സാഹചര്യങ്ങളിലാണ് സർക്കാർ ജീവനക്കാരും അധ്യാപകരും കഴിഞ്ഞ ജനുവരി 22 ന് പണിമുട ക്കിന് നിർബന്ധിതരായത്.

2024 ജനുവരി 24 ലെ പണിമുടക്കിനെ രാഷ്ട്രീയ പ്രേരിതമെന്ന് വിശേഷിപ്പിച്ചവരിൽ ജോയിന്റ് കൗൺസിലും ഇതേ ദിവസം പണിമുടക്കുകയുണ്ടായി. സർക്കാരിന്റെ സ്തുതിപാഠകരായി വാഴ്ത്തുപാട്ടും വ്യക്തിപൂജയുമായി ഇപ്പോഴും മുന്നോട്ടുപോകുന്നവർക്ക് കാലം മാപ്പുനൽകില്ല എന്ന് ഓർമ്മപ്പെടുത്തുന്നു. യോജിച്ച സമര പോരാട്ടങ്ങൾക്ക് തയ്യാറായില്ലെങ്കിൽ ജീവനക്കാർക്ക് ഇത്തരക്കാർ ഒരു ഭാരമാകുമെന്നതിൽ തർക്കമില്ല. സർക്കാരിന്റെ ജീവനക്കാരോടുള്ള വഞ്ചനാപരമായ നിലപാടിനെ ചോദ്യം ചെയ്ത ഈ ഐതിഹാസിക പണിമുടക്ക് വൻവിജയമാക്കിയ എല്ലാ ജീവനക്കാരെയും അസോസിയേഷന് വേണ്ടി അഭിവാദ്യം ചെയ്യുന്നു. ഭരണത്തിലായാലും അല്ലെങ്കിലും ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളാൻ അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണ്.

**ഏവർക്കും**

പുതുവർഷാശംസകൾ.

**സുഭാഷ് ചന്ദ്രൻ.പി.കെ**

സംസ്ഥാന പ്രസിഡന്റ്



# 35-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്



**അജിത്കുമാർ.എസ്**

**പി**എസ് സി എംപ്ലോയിസ് അസോസിയേഷന്റെ 35-ാമത് സംസ്ഥാന സമ്മേളനം 2025 ഒക്ടോബർ 8,9,10 തീയതികളിൽ തിരുവനന്തപുരത്ത് നടന്നു. 08.10.2024 ന്രാവിലെ 10.30 ന് അസോസിയേഷൻ ഹാൾ അങ്കണത്തിൽ പ്രവർത്തകരുടെ ആവേശോജ്വലമായ മുദ്രാ വാക്യം വിളികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ.സുഭാഷ്ചന്ദ്രൻ. പി. കെ മൂവർണ്ണക്കൊടി ഉയർത്തി. തുടർന്ന് 1.15 ന് പി എസ് സി എംപ്ലോയിസ്അസോസിയേഷൻ ഹാളിൽ വച്ച് ' മാറുന്ന തൊഴിൽ സാഹചര്യങ്ങളും സിവിൽ സർവീസിന്റെ ഭാവിയും''എന്ന വിഷയത്തിൽ കോൺഗ്രസ് പ്രവർത്തകസമിതി അംഗം ഡോക്ടർ ശശി തരൂർ എംപി സെമിനാർ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ.പി.കെ.സുഭാഷ് ചന്ദ്രൻ മോഡറേറ്റർ ആയിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ വളർച്ചയിൽ ലോകത്തിലെ തൊഴിൽ സാഹചര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്നും അതിനനുസരിച്ച് സിവിൽ സർവീസും ഉദ്യോഗസ്ഥരും മാറേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളത്തിലെ വ്യവസായ മന്ത്രി രാജീവ് മൂന്നു നിമിഷം കൊണ്ട് പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകും എന്നാണ് പറയുന്നത്. എന്നാൽ ലോകരാജ്യങ്ങളിൽ 13 ദിവസവും ഇന്ത്യയിൽ 147 ദിവസവും കേരളത്തിൽ 250 ദിവസവുമാണ് ഒരു തൊഴിൽ സംരംഭകന് വ്യവസായം തുടങ്ങാൻ കാത്തിരിക്കേണ്ടി വരുന്നത്. ആയതുമാറേണ്ടതുണ്ട്. ഉദ്യോഗസ്ഥർ എന്നും ധീരമായി തീരുമാനമെടുക്കണം. സാങ്കേതികവിദ്യകൾ വളരുമ്പോൾ നാം അതിനൊത്ത് മുന്നേറണം. ഫയലുകളിൽ ധീരമായ ഉത്തരവുകൾ രാഷ്ട്രീയ നിറം നോക്കാതെ എടുക്കുവാൻ ഉദ്യോഗസ്ഥർ തയ്യാറാക്കണം. നിങ്ങൾക്ക് പറയാനുള്ളത് ഫയലിൽ എഴുതി ഒരു നിമിഷം പോലും വൈകാതെ തീരുമാനം എടുക്കുവാൻ സിവിൽ സർവീസ് മേഖലയിലെ ഉദ്യോഗസ്ഥർ തയ്യാറാകണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.ആർട്ടിഫിഷൽ ഇന്റലിജൻസ് വഴിയോ ചാറ്റ് ജി പി റ്റി വഴിയോ നമുക്ക് ഒരുതീരുമാനം എടുക്കുന്നതിന് മൂന്നു മിനിറ്റ് നാല് നിമിഷം മതി. എന്നാൽ അത് പരിശോധിക്കാതെ കണ്ണടച്ച് വിശ്വസിച്ചു തീരുമാനമെടുക്കാൻ കഴിയില്ല. അമേരിക്കയിലെ ഒരു കോടതിയിൽ ചാറ്റ് ജിപി റ്റി വഴി നൽകിയ റിപ്പോർട്ട് കോടതി സ്വീകരിച്ചില്ല. കാരണം അതിൽ റഫറൻസിൽ പറയുന്ന പല ഓർഡറുകളും കാലഹരണപ്പെട്ടതായിരുന്നു.

ഒരിക്കലും സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ജോലി നഷ്ടപ്പെടുന്നതിന് കാര



ണമാകില്ല ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് വേഗത്തിൽ തീരുമാനമെടുക്കുന്നതിന് സഹായിക്കുന്നതിനും എടുത്ത തീരുമാനങ്ങൾ വളരെ വേഗം നടപ്പിലാക്കുന്നതിനും ഉദ്യോഗസ്ഥരെ സഹായിക്കും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഒക്ടോബർ ഒൻപതാം തീയതി രാവിലെ അസോസിയേഷൻ സംസ്ഥാന കൗൺസിൽ യോഗവും സംസ്ഥാന കമ്മിറ്റി യോഗവും നടന്നു. തുടർന്ന് ഉച്ചയ്ക്ക് 1 15ന് നടന്ന വനിതാ സമ്മേളനം മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീമതി നിഷ സോമൻ തെറ്റയിൽ ഉദ്ഘാടനം ചെയ്തു. പി എസ് സി വഴി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ സംഘടന ഓഫീസുകളിൽ വിളിച്ചുവരുത്തി ഭീഷണിപ്പെടുത്തി അംഗത്വം നൽകുന്ന നടപടികൾ സംഘടനകൾ അവസാനിപ്പിക്കണമെന്നും വിവിധ അധ്യാപക തസ്തികകളിൽ നിയമനം ലഭിക്കുന്നവരെ പ്രസ്തുത വകുപ്പിലെ സംഘടനകൾ അവരുടെ സംഘടന ഓഫീസുകളിൽ നിയമന ഉത്തരവ് നൽകുന്നതിനു മുമ്പ് വിളിച്ചുവരുത്തി അംഗത്വം നൽകുന്നവർക്ക് മാത്രം അവരുടെ വീടിനടുത്തുള്ള സ്ഥലങ്ങളിൽ നിയമിക്കുന്ന പതിവാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് ശ്രീമതി നിഷ സോമൻ തെറ്റയിൽഅഭിപ്രായപ്പെട്ടു. അസോസിയേഷൻ സംസ്ഥാന ജോയിൻ സെക്രട്ടറി ശ്രീമതി ശ്രീലത ടിസി അധ്യക്ഷയായ ചടങ്ങിൽ ശ്രീമതി മീനു R L സ്വാഗതവും തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ശ്രീമതി മേരി പുഷ്പം ജോൺസൺ മുഖ്യപ്രഭാഷണം നടത്തി. ശ്രീമതിമാരായ ബിന്ദുസോജ, സിന്ധു എ എസ്, ലളിത എസ്, വനിതാ കൺവീനർ ശ്രീമതി ജീജ എം എന്നിവർ സംസാരിച്ചു.

ഒക്ടോബർ 10 -ാം തീയതി ശിക്ഷക് സദൻ ( ശ്രീ പി ടി കുഞ്ഞുണ്ണി നഗർ ) തമ്പാനൂരിൽ നടന്ന മൂന്നാം ദിവസത്തെ കാര്യപരിപാടികൾ രാവിലെ 9.30ന് പ്രതിനിധികളുടെ രജിസ്ട്രേഷനോടെ ആരംഭിച്ചു. രാവിലെ പത്തിന് നടന്ന ഉദ്ഘാടന സമ്മേളനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി സതീശൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ പി കെ സുഭാഷ് ചന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ അജിത് കുമാർ എസ് സ്വാഗതം ആശംസിച്ചു. ശ്രീ വിനാം സി ലോറൻസ് അനു ശോചന പ്രമേയം അവതരിപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി ഡി സതീശൻ ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനങ്ങളുടെ പിഎസ്സിയെക്കാളും മികച്ചതും കാര്യക്ഷമതയുള്ളതുമാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്ന ഖ്യാതി ഉള്ളപ്പോൾ ജോലിഭാരത്തിനനുസൃതമായി ജീവനക്കാരില്ലാത്ത ഭരണഘടന സ്ഥാപനമാണ് എന്ന വിധിവൈപരീത്യം കൂടിയുണ്ട് എന്ന് അഭിപ്രായപ്പെട്ടു. ദശലക്ഷക്കണക്കിന് അപേക്ഷകൾ വർഷംതോറും കൈകാര്യം ചെയ്യുന്ന കേരള പി എസ് സിയിൽ ആകെയുള്ള സ്ഥിരം ജീവനക്കാർ 1737 എണ്ണം മാത്രമാണ് ഭരണസംവിധാനത്തിന്റെ നെടുംതൂണുകളിൽ ഒന്നായ എക്സിക്യൂട്ടീവ് അഥവാ ഭരണനി

ർവഹണത്തിലേക്ക് ആവശ്യമായ കാര്യപ്രാപ്തിയും ചുമതലാ ബോധവുമുള്ള ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തു നൽകുന്ന ഭരണഘടനാ സ്ഥാപനത്തിൽ പ്രസ്തുത ജോലി നിർവഹണത്തിന് ആവശ്യമായ ജീവനക്കാരെ നൽകേണ്ടത് സർക്കാറിന്റെ പരമപ്രധാനമായ കർത്തവ്യമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

പി എസ് സിയുടെ സേവനത്തിന്റെ വ്യാപ്തി സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ ഉള്ള ജനവിഭാഗങ്ങൾ വരെ എത്തിയാൽ മാത്രമേ അതിന്റെ പ്രവർത്തനലക്ഷ്യം പൂർത്തിയാവുകയുള്ളൂ. സർക്കാർ സർവീസിൽ ഒരു ജോലി ലഭിക്കണമെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് വ്യക്തമായ ധാരണയും അറിവുമില്ലാത്ത ഒരു വിഭാഗം ഇപ്പോഴും സമൂഹത്തിൽ ഉണ്ട്. അക്ഷയ സെന്ററുകളോ, ജനസേവനകേന്ദ്രങ്ങളോ ഇല്ലാത്ത മേഖലകൾ കേരളത്തിൽ ധാരാളമുണ്ട്. ഓൺലൈനായി അപേക്ഷ അയക്കുവാൻ അറിയാത്തത് മൂലമോ അതിനു വേണ്ട സൗകര്യങ്ങൾ ഇല്ലാത്തത് മൂലമോ ആദിവാസി ഊരുകളിലും വികസനം എത്തിച്ചേരാത്ത വിദൂര മലയോര ഗ്രാമങ്ങളിലും ഉള്ള ഉദ്യോഗാർത്ഥികൾക്ക് പിഎസ് സിക്ക് അപേക്ഷ സമർപ്പിക്കാൻ ആകാത്ത സാഹചര്യമുണ്ട്. ആയതിനാൽ പി എസ് സി തന്നെ ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

പിഎസ് സി യുടെ മാനവ വിഭവശേഷി ഉപയുക്തമാക്കാവുന്ന മറ്റു മേഖലകൾ കണ്ടെത്തി പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനെ കുറിച്ച് ചിന്തിക്കേണ്ട സമയം കൂടിയാണിത് എന്നും യോഗത്തിൽ  അദ്ദേഹം അഭിപ്രായപ്പെട്ടു സാമ്പത്തിക നിയന്ത്രണങ്ങളുടെ പേരിൽ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയTA സീലിംഗ് മൂലം വിദൂര ജില്ലയിൽ പരീക്ഷ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്വന്തം കീശയിൽനിന്ന് കാശ് എടുത്തോ, വായ്പ വാങ്ങിയോ യാത്രാചെലവ് കണ്ടെത്തേണ്ട ഗതികേടാണ് ഉള്ളത്.

രണ്ട് ശതമാനം ഡിഎ ജീവനക്കാർക്ക് നൽകിയെന്ന് പറയുമ്പോൾ അതിന്റെ അരിയറിനെ കുറിച്ച് ഉത്തരവിൽ മിണ്ടാട്ടമില്ല. എന്നാൽ ജുഡീഷ്യൽ ഓഫീസേർസിനും ഐഎഎസ് ഓഫീസേഴ്സിനും പി എസ് സി അംഗങ്ങൾക്കും ഡി എ അരിയർ കുടിശ്ശിക പണമായി നൽകി കഴിഞ്ഞു. മെഡിസെപ്പ് എന്ന ഓമനപ്പേരിട്ട് വിളിച്ച പദ്ധതിക്ക് നാട്ടിൽ ഒരു ഹോസ്പിറ്റലിലും ചികിത്സ നൽകില്ല എന്നതാണ് സ്ഥിതി.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം മുടക്കിയ സർക്കാരാണ് കേരളം ഭരിക്കുന്നത്. കഴിഞ്ഞ മാർച്ച് മാസത്തിൽ കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളം മുടങ്ങി. കെഎസ്ആർടിസിക്കാരുടെ കാര്യം അതിലും കഷ്ടമാണ്. സമയത്തിന് ശമ്പളം കിട്ടി എന്ന് അവർക്ക് പറയണമെങ്കിൽ കേരളത്തിൽ യുഡിഎഫ് സർക്കാർ വരേണ്ടതുണ്ട്.

കേരളത്തിലെ മാവേലി സ്റ്റോറുകളിലോ മറ്റ് കൺസ്യൂമർ ഔട്ട്ലെറ്റുകളിലോ അവശ്യസാധനങ്ങൾ ഒന്നും ലഭ്യമല്ല. എല്ലായിടത്തും സാധനം ലഭ്യമല്ല എന്ന ബോർഡ് ആണ് ഉള്ളത്. എന്നിട്ടും വകുപ്പു മന്ത്രി പറയുന്നത് എല്ലായിടത്തും സാധനങ്ങളുണ്ട് എന്നാണ്. അവശ്യസാധങ്ങൾ ഇല്ലാ എന്ന കാര്യത്തിൽ മന്ത്രിയുടെ ഭാര്യയ്ക്ക് പോലും അഭിപ്രായവ്യത്യാസം ഇല്ല.

മറ്റൊരു വകുപ്പ് (ധനകാര്യ) മന്ത്രിയുടെ ഭാര്യ തെരുവിൽ സമരത്തിലാണ്.സ്വന്തംഭാര്യമാരെ പോലും വിവരം ബോധ്യപ്പെടുത്തുവാൻ കഴിയാത്ത മന്ത്രിമാരാണ് കേരളത്തിലുള്ളത്. ക്ഷേമ പെൻഷൻ കൊടുക്കുമെന്നോ എന്നു കൊടുക്കുമെന്നോ എത്ര മാസം കൊടുക്കും എന്നോ ഒരു ധാരണയുമില്ല സർക്കാറിന്.

പിഎസ്സിയിൽ ആണെങ്കിൽ ഇപ്പോൾ അന്വേഷണമാണ്. ഡിജിപി പറയുന്നു ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ചോർന്നെന്ന്. കമ്മീഷൻ പറയുന്നു ചോർന്നിട്ടില്ലെന്ന്. എന്തായാലും ചോർന്നതിനെ കുറിച്ചുള്ള അന്വേഷണമല്ല നടക്കുന്നത്, ചർച്ച കുറുപ്പ് ചോർന്നതിനെക്കുറിച്ചാണ്. കുറുപ്പ് ചോർന്നതിനെ കുറിച്ച് അന്വേഷിക്കുമ്പോൾ അതിൽ കമ്മീഷൻ അംഗങ്ങളും പ്രതിയാണെന്ന കാര്യം മറക്കരുത്. നിങ്ങളിൽ  തന്നെയാണ് പ്രതിയുള്ളത്. അതിന് ജീവനക്കാരെ കുറ്റം പറയരുത്. എന്തായാലും ജീവനക്കാർക്ക് ഞാൻ ഉറപ്പു തരുന്നു 2026-ൽ യുഡിഎഫ് സർക്കാർ അധികാരത്തിൽ എത്തുമെന്ന് ഉറപ്പാണ്. അതിനു വേണ്ടി നിങ്ങൾ പരിശ്രമിക്കണം. നിങ്ങൾക്ക് നഷ്ടപ്പെട്ട ആനു കൂല്യങ്ങൾ എല്ലാം തിരികെ തരാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. ഇപ്പോൾ നടക്കുന്ന ഡാറ്റാ ചോർച്ചയെ കുറിച്ചുള്ള അന്വേഷണം നിങ്ങളിൽ കുറ്റം ചുമത്താനാണ്. അതിന് കമ്മീഷൻ ഏതറ്റം വരെ പോയാലും ചെറുക്കുവാൻ എന്നും അസോസിയേഷനും അവർക്ക്  പിന്തുണയായി ഞങ്ങളും ഉണ്ടാകും. ഒരു കാര്യം കൂടി ഓർമിപ്പിച്ചു കൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. നിങ്ങൾക്ക് വേണ്ടി സംസാരിക്കാനോ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സംസാരിക്കുവാനോ അല്ല ഇപ്പോഴത്തെ കമ്മീഷൻ ശ്രമിക്കുന്നത്. അവർക്ക് അവരുടെ ശമ്പളം വർധിപ്പിക്കുവാനും ഡിഎ വർദ്ധിപ്പിക്കുവാനും മറ്റുമുള്ള വഴികൾ ആലോചിക്കുകയാണ്. അടുത്ത് വരുന്ന സർക്കാർ ഡാറ്റ ചോർച്ചയെ കുറിച്ച് വിശദമായി അന്വേഷിക്കുക തന്നെ ചെയ്യും. ഡിജിപി പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്കെടുത്ത് കാര്യങ്ങൾ തീരുമാനിക്കും. ആ സമയത്ത് ചർച്ചാക്കുറുപ്പിനെ കുറിച്ച് ആയിരിക്കില്ല ജനം സംസാരിക്കുന്നത്.

സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് വന്ന

സമ്മേളന പ്രതിനിധികൾക്ക് അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് ഇന്ന് ഇവിടെ കൂടിയ എല്ലാപേർക്കും വിശിഷ്യാ സംഘടനയിൽ ചേർന്ന 30 ഓളം അംഗങ്ങൾക്ക് എന്റെ എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് അതിനു വേണ്ടി പ്രയത്നിച്ച എല്ലാപേർക്കും നന്ദി അറിയിച്ചുകൊണ്ടും ഈ ഉദ്ഘാടന സമ്മേളനം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു.

എസ്എസ്എൽസി ഹയർ സെക്കൻഡറി പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ഡോക്ടർ കെ ജി അടിയോടി സ്മാരക എൻഡോവ്മെന്റ് അവാർഡ് ദാനം ശ്രീ പി സി വിഷ്ണുനാഥ് എംഎൽഎ നിർവഹിച്ചു. ശ്രീ ചവറ ജയകുമാർ, ശ്രീ എം എസ് ഇർഷാദ് എന്നിവർ ആശംസാ പ്രഭാഷണം നടത്തി. അസോസിയേഷൻ സംസ്ഥാന ട്രഷറർ ശ്രീ സൂരജ് വി കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് 11 30ന് നടന്ന പ്രതിനിധി സമ്മേളനം ശ്രീ രമേശ് ചെന്നിത്തല, മുൻ പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ അൻവർ സാജിദ് അധ്യക്ഷനായ ചടങ്ങിൽ ശ്രീ സഞ്ജിത്ത് വി സ്വാഗതം ആശംസിച്ചു. ഉദ്യോഗാർത്ഥികളുടെ ക്ഷേമത്തിനായി പി എസ് സി പരിശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശ്രീ കെ എസ് ശബരിനാഥൻ എക്സ് എംഎൽഎ, ശ്രീ കെ സി സുബ്രഹ്മണ്യൻ, ശ്രീ പ്രദീപ്കുമാർ എസ്, ശ്രീ.എം.എസ് മോഹനചന്ദ്രൻ, ശ്രീഹരികുമാർ, ശ്രീ.പോത്തൻകോട് റാഫി എന്നിവർ ആശംസകൾ നേർന്നു. സംസ്ഥാന കമ്മിറ്റി അംഗം ശ്രീ.ഗോപ കുമാർ എസ് എസ് കൃതജ്ഞത രേഖപ്പെടുത്തി.

ഉച്ചയ്ക്ക് 12ന് നടന്ന യാത്രയയപ്പ് സമ്മേളനം ശ്രീ വിൻസെന്റ് എംഎൽഎ. ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ രേണു ദാസ് എൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗം ശ്രീ സന്തോഷ് കുമാർ ഡി സ്വാഗതം ആശംസിച്ചു. സംസ്ഥാന കമ്മിറ്റി അംഗം അനിൽകുമാർ വിഎസ് അസോസിയേഷൻ സ്ഥാപക പ്രസിഡന്റ് ശ്രീ കുഞ്ഞുണ്ണി അനുസ്മരണ പ്രമേയം അവതരിപ്പിച്ചു. മുൻ നേതാക്കളായ ശ്രീ എ കെ സാദിഖ്, ശ്രീ പി സതീഷ് കുമാർ, ശ്രീ രമേശ് എം തമ്പി, ശ്രീ എം മുഹമ്മദ് ജാസി, ശ്രീ സജു ജോൺ,ശ്രീമതി മഞ്ജു കുമാർ എസ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സനീഷ് സമദ് നന്ദി രേഖപ്പെടുത്തി. ഉച്ചയ്ക്കുശേഷം പി എസ് സി എംപ്ലോയിസ് അസോസിയേഷൻ സാംസ്കാരിക വിഭാഗം അവതരിപ്പിച്ച കലാപരിപാടികൾ സമ്മേളന പ്രതിനിധികൾക്ക് ഹൃദ്യവിരുന്നായി മാറി. ആസ്വാദകർക്ക് വേറിട്ട അനുഭവം പകർന്നു നൽകിയ നൃത്ത പരിപാടികളും സംഗീത പരിപാടികളും ആക്ഷേപഹാസ്യ പരിപാടികളും നിറഞ്ഞുനിന്ന സമ്മേളനവേദി പൊട്ടിച്ചിരി കൊണ്ടും കരഘോഷം കൊണ്ടും നാളിതുവരെ ചേർന്ന സമ്മേളനങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുകയുണ്ടായി.

തുടർന്ന് ഉച്ചയ്ക്ക് 3.30ന് നടന്ന സംഘടന ചർച്ചയിൽ സംസ്ഥാന കൗൺസിൽ വൈസ് ചെയർമാൻ ഫ്രഞ്ചസ് ഡി അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ശ്രീ സുരേഷ് ഭട്ട് ആർ. എസ് സ്വാഗതം ആശംസിച്ചു. തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ അജിത്കുമാർ എസ് സംഘടനാ റിപ്പോർട്ടും സംസ്ഥാന ട്രഷറർ ശ്രീ സൂരജ് വി വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു.തുടർന്ന് സംസ്ഥാന കമ്മിറ്റി അംഗം ശ്രീ ജയസേനൻ എസ് എസ് സംഘടന പ്രമേയവും സംസ്ഥാന കമ്മിറ്റി അംഗം ശ്രീ സുനിൽ വൈ, ശ്രീ ജ്യോതിഷ് ലോപ്പസ്, ശ്രീമതി മിനു ആർ എൽ, ശ്രീ സുനിൽകുമാർ എം എന്നിവർ വിവിധ സംഘടന പ്രമേയങ്ങൾ അവതരിപ്പിച്ചു.

## സംഘടനാ പ്രമേയങ്ങൾ

1. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുക
2. അമിതമായ ടാർജറ്റ് നിശ്ചയിക്കലും അന്യായമായ ശിക്ഷാ നടപടികളും ഒഴിവാക്കുക
3. സർക്കാർ ജീവനക്കാർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുക
4. ജോലിഭാരത്തിനനുസൃതമായി പിഎസ്സിയിൽ പുതിയ തസ്തിക അനുവദിക്കുക
5. TA സീലിംഗ് പിൻവലിക്കുക

വിവിധ ജില്ലാ സെക്രട്ടറിമാർ സംഘടന ചർച്ചയിൽ പങ്കെടുത്ത് ജില്ലാ റിപ്പോർട്ടിംഗ് നടത്തി.സംഘടന ചർച്ചയ്ക്കും കൗൺസിൽ കാര്യപരിപാടികൾക്കും അസോസിയേഷൻ സംസ്ഥാന കൗൺസിൽ വൈസ് ചെയർമാൻ ശ്രീ ഫ്രഞ്ചസ് ഡി, അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ അൻവർ സാജിദ് എന്നിവർ മറുപടി നൽകി. വൈകുന്നേരം 6 മണിക്ക് വരണാധികാരി ശ്രീ പ്രദീപ്കുമാർ ഐ പി പുതിയ സംഘടന ഭാരവാഹികളെ പ്രഖ്യാപിച്ചു. തുടർന്ന് പുതിയ സംസ്ഥാന കമ്മിറ്റി യോഗവും സംസ്ഥാന കൗൺസിൽ യോഗവും ചേർന്നു. സംസ്ഥാനസമ്മേളനത്തിന് എത്തിച്ചേർന്ന എല്ലാപേർക്കും മാധ്യമപ്രതിനിധികൾക്കും സംസ്ഥാന കൗൺസിൽ അംഗം ശ്രീ ആൽബിൻരാജ് ഡി എസ് നന്ദി രേഖപ്പെടുത്തി. തുടർന്ന് വൈകുന്നേരം 6 30ന് ദേശീയ ഗാനത്തോടെ 35 – മത് സംസ്ഥാന സമ്മേളന നടപടികൾ അവസാനിച്ചു.

**അജിത്കുമാർ.എസ്**
ജനറൽ സെക്രട്ടറി




# വനിതാ സമ്മേളന റിപ്പോർട്ട്



ലളിത.എസ്

**പി**എസ് സി എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള വനിതാ സമ്മേളനം 09.10.2024 തീയതിയിൽ പിഎസ്‌സി എംപ്ലോയീസ് അസോസിയേഷൻ ഹാളിൽ വച്ച് പ്രൗഢമായി നടന്നു.

ശ്രീമതി മീരയുടെ ഈശ്വര പ്രാർത്ഥനയോടെ സംസ്ഥാന വനിതാ സമ്മേളനത്തിന് തുടക്കം കുറിച്ചു. സംസ്ഥാന കമ്മിറ്റി അംഗം ശ്രീമതി മീനു ആർ എൽ സ്വാഗതം ആശംസിച്ചു ജോ.സെക്രട്ടറി ശ്രീമതി ശ്രീലത ടി സി വനിതാ സമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ചു. ഓഫീസ് പ്രവർത്തനങ്ങളിലും സാമൂഹ്യ മേഖലകളിലും സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ കുറിച്ചും പ്രതികൂല സാഹചര്യങ്ങളിലും ജീവിതത്തെ മുറുകെപ്പിടിച്ച് മുന്നേറുന്ന സ്ത്രീ ജീവിതങ്ങളെ വ്യക്തമായി ഓർമ്മപ്പെടുത്തിക്കൊണ്ടും ശ്രീമതി ശ്രീലത നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തോടെ സമ്മേളന നടപടികൾ ആരംഭിച്ചു.

സംസ്ഥാന മഹിള കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീമതി നിഷ സോമൻ തെറ്റയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. നൂറ്റാണ്ടുകൾക്ക് മുൻപ് ന്യൂയോർക്കിലെ ഒരു തുണിമില്ലിൽ ജോലി ചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾക്കും തുല്യവേതനത്തിനും നീതിക്കും വേണ്ടി തുടങ്ങിയ ഒരു പോരാട്ടം പതുക്കെ പതുക്കെ ന്യൂയോർക്കിന് പുറത്തേയ്ക്കും പടർന്നു ക്രമേണ ലോകമാകമാനം വ്യാപിച്ചു. അവകാശങ്ങൾക്ക് വേണ്ടി അവർ ശക്തമായി ശബ്ദമുയർത്തി. സമരവീഥികളിൽ പുതിയ മുഖവുമായി അത് മാറ്റൊലി കൊണ്ടു. അന്താരാഷ്ട്ര വനിതാ സംഘടനകളുടെ രൂപീകരണത്തിലേക്കും വോട്ടവകാശത്തിലേക്കും തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ നാനാ തുറകളിലേക്കും ശക്തമായ സാന്നിധ്യം അറിയിച്ചുകൊണ്ട് അതു മുന്നേറി.

സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകത ലോകമാകമാനം ഭരണഘടനകളിൽ പോലും എഴുതിച്ചേർക്കപ്പെട്ടു. നീതി നിഷേധിക്കപ്പെടുന്നവരുടെ അവകാശങ്ങൾ ഉറക്കെ പറയാൻ നമുക്ക് വേണ്ടത് ജനപ്രതിനിധികൾ നിറയുന്ന പൊതു ഇടങ്ങളാണ് എന്നാലേ ഉയരുന്ന ശബ്ദം കേൾക്കാൻ കാതു കൾ ഉണ്ടാകു എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് നടത്തിയ ഉജ്ജ്വലമായ പ്രസംഗത്തിൽ ശ്രീമതി നിഷ അടിവരയിട്ട് പറഞ്ഞു.

പിഎസ്‌സി വഴി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ സംഘടന ഓഫീസുകളിൽ വിളിച്ചുവരുത്തി ഭീഷണിപ്പെടുത്തി അംഗത്വം നൽകുന്ന നടപടികൾ സംഘടനകൾ അവസാനിപ്പിക്കണമെന്നും വിവിധ അധ്യാപക തസ്തികളിൽ നിയമനം ലഭിക്കുന്നവരെ ചില സംഘടനകൾ സംഘടന ഓഫീസുകളിൽ വിളിച്ചുവരുത്തി അംഗത്വം നൽകുന്നവർക്ക് മാത്രം അവരുടെ വീടിനടുത്തുള്ള സ്ഥലങ്ങളിൽ നിയമിക്കുന്ന പതിവാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് ശ്രീമതി നിഷ സോമൻ തെറ്റയിൽ അഭിപ്രായപ്പെട്ടു. ഇക്കൂട്ടത്തിൽ കോൺഗ്രസ് അനുകൂല സംഘടനകൾ ഒന്നുമില്ല എന്നത് നമ്മളെ സംബന്ധിച്ചിടത്തോളം ആശ്വാസമാണ്.

തുടർന്ന് തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ശ്രീമതി മേരിപുഷ്പം ജോൺസൺ നടത്തിയ മുഖ്യ പ്രഭാഷണത്തിൽ സാമൂഹ്യ ജീവിതത്തിൽ ഇതുവരെ നടത്തിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ സ്ത്രീ ശാക്തീകരണ മുന്നേറ്റ പ്രവർത്തനങ്ങളെക്കുറിച്ചും ഭരണമേഖലയിൽ അതിന് നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ കുറിച്ചും ഓർമിപ്പിച്ചു. ആശംസകൾ അറിയിച്ചുകൊണ്ട് ശ്രീമതി ബിന്ദു സോജ സംസാരിച്ചു.

ചടങ്ങിലെ വിശിഷ്ട വ്യക്തികൾക്കും അവരുടെ പ്രഭാഷണത്തെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ പേർക്കും അസോസിയേഷൻ അംഗങ്ങൾക്കും നന്ദി ആശംസിച്ചുകൊണ്ട് ശ്രീമതി ജീജ കൃതജ്ഞത പ്രസംഗം നടത്തി.

തയ്യാറാക്കിയത്
**ലളിത. എസ്**

**ലേഖനം**



# ഡോ. മൻമോഹൻ സിംഗ്

## അതീവ മാന്യനായ അതികായൻ – മൗനത്തിൽ അന്തർലീനമായ കർമ്മ വിസ്ഫോടനം



സഞ്ജിത്.വി

**ഡോ.**മൻമോഹൻ സിംഗ് എന്നത് സ്വാതന്ത്ര്യാനന്തര ഭാരത ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഒരു വെറും പേരല്ല. സങ്കുചിതമായ രാഷ്ട്രീയ വീക്ഷണത്തിനോ വൃഥാ കാലക്ഷേപത്തിനോ ഭാവനാ ശൂന്യമായ പതിവ് സമ്പ്രദായങ്ങൾക്കോ പാകമായിത്തീരുന്ന നാമാക്ഷരമല്ല അത്. ഉപരിപ്ലവമായ രാഷ്ട്രീയ കാപട്യങ്ങൾക്ക് അപ്രാപ്യമായ ഉയരമാണത്.രാഷ്ട്രീയ രംഗം സ്വയം പ്രമാണീകരണത്തിന്റെയും ആത്മ സംവർദ്ധക സംരംഭങ്ങളുടെയും മേൽക്കോയ്മക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഡോ. മൻമോഹൻ സിങിന്റെ അന്തർമുഖത്വമാർന്ന കർമ്മ കൗശലം എളിമയുടെയും നിശ്ശബ്ദമായ ദൃഢനിശ്ചയത്തിന്റെയും ഓർമ്മക്കുറിപ്പായി മാറുന്നു. അദ്ദേഹം പകർന്ന പൈതൃകം സാമ്പത്തികവും നയതന്ത്രപരവുമായ നേട്ടങ്ങളിൽ മാത്രമല്ല അഭിമാനത്തിലും ബഹുമാനത്തിലും ഊന്നിയുള്ള നേതൃത്വത്തിലും അചഞ്ചലമായ ദേശഭക്തിയിൽ കൂടിയും നമുക്ക് ദർശിക്കാം.

ബ്രിട്ടീഷുകാർക്ക് കൊളോണിയൽ ഭരണം അവസാനിപ്പിക്കേണ്ടി വന്നതിന്റെ പ്രധാനകാരണം സാമ്പത്തിക ബാദ്ധ്യതയായിരുന്നല്ലോ. പട്ടിണിക്കോലങ്ങളായ സാമാന്യ മനുഷ്യരെ പാതി വഴിയിൽ ഉപേക്ഷിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യവിട്ടത്.സ്വാതന്ത്ര്യത്തിന് ഈ പാർശ്വഫലം അനിവാര്യമായിരുന്നു താനും.

സമരപോരാട്ടങ്ങളുടെ എരിതീയിൽ നിന്ന് ദേശീയ അഭിവൃദ്ധി എന്ന വറചട്ടിയിലേയ്ക്ക് അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ എടുത്തെറിഞ്ഞു. അവസര - സ്ഥിതി സമത്വങ്ങളുടെ കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ ഒരു സംവിധാനത്തിന് അത് തീർച്ചയായും ശ്രമകരമായ ഒരു ദൗത്യം തന്നെയായിരുന്നു. അവസാനത്തെ ശ്രേണിയിലുള്ള സാധാരണക്കാരനും ഈ അഭിവൃദ്ധി അനുഭവവേദ്യമാകണമല്ലോ.അപകടകരമായിരുന്നു ആ ചുമതലാമാറ്റം. ഭാരതത്തിന്റെ ഭാഗധേയത്തിൽ ജവഹർലാൽ നെഹ്റു എന്ന ശുക്രനക്ഷത്രം ജ്വലിച്ചു നില്ക്കുകയായിരുന്നു. അദ്ദേഹം അത് സധൈര്യം ഏറ്റെടുത്തു.അണക്കെട്ടുകൾ ഉയർന്നു. ജലസമ്പത്തിന്റെ സാർവ്വത്രികമായ വിനിയോഗത്തിലൂടെ കാർഷിക രംഗം കുതിച്ചു മുന്നേറി. പഞ്ചവത്സര പദ്ധതികൾ, ഹരിത - ധവള വിപ്ലവങ്ങൾ എന്നിവയിലൂടെ ഭക്ഷ്യ സുരക്ഷ എന്ന കടമ്പ അനായാസം മറികടന്നു. ഇന്ത്യ പടിപടിയായി വികസിച്ചു.

അതിനെത്തുടർന്ന് വന്ന എല്ലാ പ്രധാന മന്ത്രിമാരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഇന്ത്യയുടെ ആഭ്യന്തര സുസ്ഥിര വികസനം ഏതാണ്ട് പൂർത്തിയാവുകയും പ്രതിരോധ രംഗത്തുൾപ്പെടെ ഭാരതം ഒരു സുപ്രധാന ശക്തിയായിത്തീരുകയും ചെയ്തു. ഈ നാഴികക്കല്ലുകൾ പിന്നിടുമ്പോഴും മൂന്നാം ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ വളർച്ചാനിരക്കിൽ വലിയ മുന്നേറ്റം സാധ്യമായിരുന്നില്ല. ഇന്ത്യയുടെ സാമ്പത്തിക ക്ഷമത ഏതാണ്ട് സുഷുപ്താവസ്ഥയിൽ തന്നെയായിരുന്നു.

രാജീവ് ഗാന്ധി പ്രധാനമന്ത്രി പദത്തിലെത്തുമ്പോൾ കമ്പ്യൂട്ടറുകളുടെ സാധ്യത പരീക്ഷിക്കാൻ തയ്യാറായി. അഭ്യസ്ത യുവത്വം ആ ആശയത്തിൽ ആകൃഷ്ടരായി. അതിനെ എതിർത്തവർ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലുമായി. നിർഭാഗ്യവശാൽ ശ്രീ പെരുമ്പത്തൂർ ദുരന്താനന്തരം നമുക്കദ്ദേഹത്തെ നഷ്ടമായി. 1991 ൽ നരസിംഹ റാവു ഗവൺമെന്റ് അധികാരമേറ്റു. അദ്ദേഹമാണ് മുൻ ആർബിഐ ഗവർണ്ണറും സാമ്പത്തിക ശാസ്ത്രജ്ഞനുമായിരുന്ന ഡോ. മൻമോഹൻ സിങിനെ ധനമന്ത്രിയാക്കുന്നത്. അവിടം മുതൽ കാര്യങ്ങൾക്ക് പുതിയ മാനം കൈവന്നു

## ആഗോള സാമ്പത്തിക മാന്ദ്യം - ഇന്ത്യൻ അതിജീവനം

ഇന്ത്യൻ യുവാക്കൾ സാങ്കേതിക വിജ്ഞാനത്തിന്റെ കൊടുമുടികൾ കീഴടക്കി ബഹുരാഷ്ട്ര കുത്തകകളുടെ നടത്തിപ്പും മേൽനോട്ടവുമായി നടന്ന കാലത്ത് ആഗോള സാമ്പത്തികമാന്ദ്യം എന്ന പ്രതിഭാസം ഏതാണ്ട് എല്ലാ രാജ്യങ്ങളേയും ഗ്രസിച്ചു. തൊഴിൽ മേഖലകളിൽ നിന്ന് ഒറ്റ രാത്രി കൊണ്ട് കുടിയിറക്കപ്പെട്ട തൊഴിലാളികൾ വഴിയാധാരമായി. ആ സാമ്പത്തിക സ്രോതസ്സിനെ മാത്രം ആശ്രയിച്ച ഒട്ടനേകം രാജ്യങ്ങൾ സാമ്പത്തികമായി തളർന്നു. ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റ് ചരിത്രത്തിലെ ഏറ്റവും താണ അങ്കനങ്ങളിൽ തൊട്ടു. ഒരു ജനത മുഴുവൻ സാമ്പത്തിക സർവ്വനാശത്തിന്റെ വക്കത്തായി. അതിജീവനം ഏതാണ്ട് അസാദ്ധ്യമെന്ന് തോന്നിച്ചിരുന്നിടത്ത് നിന്നാണ് ഇന്ത്യ ഉയിർത്തെഴുന്നേറ്റത്. റിസർവ്വ് ബാങ്ക് പലിശ നിരക്ക് ഉയർത്തുകയും ആഭ്യന്തര ധനാഭ്യർത്ഥനകളെ (Domestic Demands)അത് പ്രചോദിപ്പിക്കുകയും (Stimulated ) ചെയ്തു. ഇന്ദിരാഗാന്ധിയുടെ ബാങ്ക് ദേശസാൽക്കരണവും ഇന്ത്യയിൽ നിലനിന്നിരുന്ന ശക്തമായ പൊതു മേഖലാ സംവിധാനവും അതിന് സഹായകരമായി വർത്തിച്ചു. ആഗോള സാമ്പത്തിക മാന്ദ്യത്തിൽ നിന്നും ഇന്ത്യ ഇൻസുലേറ്റ് ചെയ്യപ്പെട്ടതിന്റെ ബുദ്ധി കേന്ദ്രം ഡോ. മൻമോഹൻ സിങ് തന്നെയായിരുന്നു. ഒരു തരത്തിൽ പറഞ്ഞാൽ ആഗോള സാമ്പത്തിക മാന്ദ്യത്തെ അതിജീവിച്ച ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്ന് നിസ്സംശയം പറയാം. അതിന് നാം മൻമോഹൻജിയോട് സർവ്വാത്മനാ കടപ്പെട്ടിരിക്കുന്നു.

## തൊഴിലുറപ്പ് പദ്ധതി എന്ന വിപ്ലവം

ഭക്ഷ്യ സുരക്ഷയ്ക്ക് ശേഷം നാം എത്തിച്ചേരേണ്ട പ്രധാന ലക്ഷ്യം തൊഴിൽ എന്ന അവകാശം തന്നെയാണ്. തൊഴിലുറപ്പ് പദ്ധതി അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവം തന്നെയായിരുന്നു. ബെൽജിയൻ വംശജനായ ഇന്ത്യൻ ഡെവലപ്പ്മെന്റൽ ഇക്കണോമിസ്റ്റ് ആയ ജീൻ ഡ്രെസെയുടെ ആശയം സ്വാംശീകരിച്ച് Mahathma Gandhi Rural Employment Guarentee Scheme എന്ന പേരിൽ ഇന്ത്യയിൽ നടപ്പിൽ വരുത്തിയ തൊഴിലുറപ്പ് പദ്ധതി അപാരമായ സാമഹിക മുന്നേറ്റമാണ് ഇന്ത്യയിൽ ഉണ്ടാക്കിയത്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഈ സോഷ്യലിസ്റ്റ് മുഖം



ഏറെതെളിമയുള്ളതായിരുന്നു. പ്രാരംഭത്തിൽ അവിഗ്ദദ്ധ കായികാദ്ധ്വാനത്തിന്റെ ഏറ്റവും കുറഞ്ഞത് 100 താഴിൽ ദിനങ്ങൾ ആണ് അത് ഉറപ്പ് വരുത്തിയിട്ടുള്ളത്. ഇപ്പോൾ അത് മറ്റ് തൊഴിൽ മേഖലകളിലേയ്ക്കും വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഗാന്ധിജിയുടെ ഗ്രാമസ്വരാജിന്റെ ആത്യന്തിക സാക്ഷാത്കാരമായിരുന്നു ഈ പദ്ധതി. ഇതിൽ രാഷ്ട്രീയമായ വേർതിരിവും അധികാര സംസ്ഥാപനത്തിന്റെ കുറുക്കുവഴികൾ കണ്ടെത്തുന്ന വികല രാഷ്ട്രീയങ്ങളും ഇന്ന് കേരളത്തിൽ കാണാം. അധികാര ദുർവിനിയോഗം വഴി തൊഴിലുറപ്പ് തൊഴിലാളികളെ അനധികൃതമായി രാഷ്ട്രീയ പരിപാ

ടികളിൽ പങ്കെടുപ്പിക്കുന്ന വൈകൃതമാക്കി ഈ പദ്ധതിയെ തളർത്താൻ ചിലർ ശ്രമിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും പ്രത്യയ ശാസ്ത്ര വിശുദ്ധിയില്ലാത്ത ഇതര രാഷ്ട്രീയ സംവിധാനങ്ങളും തമ്മിലുള്ള വ്യത്യാസം ഇപ്പോൾ നാട്ടുകാർക്ക് ബോദ്ധ്യമായിക്കാണും. സാധാരണക്കാർക്ക്, വിശിഷ്യാ സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം പ്രദാനം ചെയ്ത ഈ പദ്ധതിയുടേയും മുഖ്യ സൂത്രധാരൻ മൻമോഹൻ ജി തന്നെയായിരുന്നു. അഭിമാനത്തിന്റെ പൂമ്പൊടി കലർന്ന ഇന്ത്യൻ കറൻസി ഈ പദ്ധതിയിലൂടെ കുടുംബ നാഥമാരുടെ കൈകളിൽ എത്തിച്ചേർന്നു.. കാൾ മാർക്സ് സ്വപ്നം കണ്ടു. മൻമോഹൻ അത് നടപ്പിലാക്കി. സ്ഥിതി സമത്വത്തിന്റെ സുപ്രഭാതം ഭാരതത്തിൽ പുലർന്നു



## മറ്റ് ജനക്ഷേമ പദ്ധതികളും നിയമങ്ങളും

വിവരാവകാശ നിയമം, ഭക്ഷ്യ സുരക്ഷാ ബിൽ, കുഞ്ഞുങ്ങൾക്കുള്ള പോഷകാഹാരം, ആദിവാസി വനാവകാശ നിയമം, VAT , National Rural Health Mission , NIA Domestic Violence Bills, വിദ്യാഭ്യാസ അവകാശബിൽ എന്നിങ്ങനെ ജനക്ഷേമ പദ്ധതിക ളുടെയും നിയമങ്ങളുടേയും പട്ടിക നീളുന്നു. ഭാരതത്തിന്റെ തലവര മാറ്റിയെഴുതാൻ അദ്ദേഹത്തിന് ഒരു ദശാബ്ദം തന്നെ ധാരാളമായിരുന്നു.

അസഹിഷ്ണുക്കളായ എതിരാളികൾ അദ്ദേഹത്തെ ചെളി വാരിയെറിഞ്ഞു കൊണ്ടിരുന്നു. അവർ സ്വയം അപഹാസ്യരായതല്ലാതെ മറ്റൊന്നും സംഭവിച്ചില്ല. തെല്ലും കൂസാതെ ആ മനുഷ്യൻ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുകയും ഖജനാവിനെ സമ്പുഷ്ടമാക്കുകയും ചെയ്തു കൊണ്ടിരുന്നു.. വരും സർക്കാരുകൾ ആ നയം തന്നെ സ്വീകരിക്കാൻ ബാദ്ധ്യസ്ഥമായി. പക്ഷെ നോട്ടു നിരോധനം പോലുള്ള ആനമണ്ടത്തരങ്ങൾ ആചരിച്ച് വൻ കുത്തകകളുമായി ഒത്തു കളിച്ച് ചങ്ങാത്ത മുതലാളിത്തത്തിന്റെ ആഴക്കയങ്ങളിൽ അവർ ഇന്ത്യയെ മുക്കിക്കൊണ്ടിരിക്കുന്നു. LIC ഫണ്ട് അദാനിക്കു നല്കുന്നു. വിജയ്മല്യ, നീരവ് മോദി തുടങ്ങിയവർക്ക് സാധാരണക്കാരുടെ നിക്ഷേപം വായ്പയായി അനുവദിച്ച് നാടുവിടാനുള്ള എല്ലാ സൗകര്യവും ചെയ്തു കൊടുക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളെ യാതൊരു തത്ത്വദീക്ഷയുമില്ലാതെ വിറ്റഴിക്കുന്നു. സർക്കാർ മേഖലയിലെ തൊഴിലവസരങ്ങൾ മൂന്നിലൊന്നായി വെട്ടിക്കുറയ്ക്കുന്നു. എന്തിനേറെ, അഗ്നിവീർ എന്ന് നാമകരണം ചെയ്ത് ഇന്ത്യൻ സേനാംഗങ്ങളാകാൻ താല്പര്യമുള്ള യുവാക്കളെ അപമാനിച്ച് തൊ ഴിൽ സുരക്ഷിതത്വം ഇല്ലാതെയാക്കുന്നു. സ്വിസ്സ് ബാങ്കിൽ നിന്നുള്ള പതിനഞ്ച് ലക്ഷം ഡെപോസിറ്റ് ചെയ്യാൻ ദരിദ്ര ജനകോടികൾ ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ടുകൾ തുടങ്ങി. ബാങ്കിങ് മേഖല അട്ടിമറിക്കാൻ ശ്രമിക്കുന്നതു വഴി ഈ പൗരന്മാരുടെ തുച്ഛ വരുമാനങ്ങൾ പോലും കോർപ്പറേറ്റുകൾക്ക് അക്കൗണ്ടുകൾ വഴി enbloc ആയി ചോർത്തിക്കൊടുക്കുന്ന ദല്ലാൾപ്പണി ചെയ്യാനുള്ള തൊലിക്കട്ടി വരെ ഇവർ നേടിയെടുത്തു കൊണ്ടിരിക്കുന്നു. കാർഷിക മേഖലയും ഇഷ്ട മുതലാളിമാർക്ക് വിറ്റ് ആ വരുമാനം കൊണ്ടുള്ള അധികാര സംസ്ഥാപനത്തിനും ശ്രമം നടക്കുന്നു. എത്ര ബുദ്ധിമുട്ടിയാണ് കർഷകർ അതിനെ ചെറുക്കുന്നത്. ഈ കച്ചവടത്തെ മറയ്ക്കാൻ ജനങ്ങള പരസ്പരം ശത്രുതയിലാക്കുക എന്ന വേർതിരിവിന്റെ രാഷ്ട്രീയം (divisive Politics) പ്രയോഗിക്കപ്പെടുന്നു. വർഗ്ഗീയ വിദ്വേഷത്തിന്റെ വിഷം ചുരത്തി ജനാധിപത്യത്തെ അട്ടിമറിക്കുന്നു.

പ്രതികൂലമായ ഈ പരിതസ്ഥിതികളിൽ ഡോ. മൻമോഹൻ സിങിന്റെ പ്രസക്തി വീണ്ടും വീണ്ടും വർദ്ധിക്കുന്നു. ഒരു ശരാശരി ഇന്ത്യാക്കാരൻ മൻമോഹൻ ജി എന്ന ആശയ ധാരയ്ക്ക് മുന്നിൽ നമ്രശിരസ്കനാകുന്നു.

പ്രിയപ്പെട്ട മൻമോഹൻ ,
അങ്ങേയ്ക്ക് മരണമില്ല....

നർമ്മകഥ



# താർ മരുഭൂമിയിലെ ഒരു ദം ബിരിയാണി വിശേഷം.



ഷാനവാസ് ഇ.

ആ ഡിസംബറിൽ, താർ മരുഭൂമിയിലെ പ്രധാന കൊട്ടാര നഗരമായ ജോധ്പൂരിലുള്ള പട്ടാള യൂണിറ്റിൽ 18 മലയാളികൾ ആയിരുന്നു ഉണ്ടായിരുന്നത്. ഓണവും, ക്രിസ്തുമസും, പെരുന്നാളും എല്ലാം ആഘോഷിക്കുവാൻ മുന്നിൽ നിൽക്കുന്ന യൂണിറ്റിന്റെ **OC** (ഓഫീസർ കമാൻഡിങ്) ആയ മേജർ മാത്യു സാബ് ലീവ് എടുത്ത് നാട്ടിൽ പോയിരുന്നതിനാലാണ്, അദ്ദേഹം വന്നതിനുശേഷം ഡിസംബർ 31ന് ക്രിസ്തുമസും ന്യൂ ഇയെറും ഒരുമിച്ച് ആഘോഷിക്കാമെന്ന തീരുമാനം എടുത്തത്. യൂണിറ്റ് ഹവിൽദാർ മേജറും അതിലുപരി പാലാക്കാരനും ആയ തോമസുകുട്ടി സാറാണ് ടി പദ്ധതിക്കുള്ള അംഗീകാരം കമ്പനി കമാൻഡറിൽ നിന്നും നേടി എടുത്തത്. അടുത്തിടെ പഞ്ചാബിൽ നിന്ന് ട്രാൻസ്ഫറായി എത്തിയ തലശ്ശേരിക്കാരൻ ശശികുമാർ 'ബിരിയാണി വെപ്പിൽ' കെങ്കേമനാണെന്ന 'ലെങ്കർ ന്യൂസ് 'എങ്ങനെയോ കേട്ടറിഞ്ഞ തോമസുകുട്ടി സാറാണ് 'ഇക്കുറി ക്രിസ്തുമസിന് കേക്കും വൈനും ശേഷം, മട്ടൻ ബിരിയാണി വിളമ്പി, യൂണിറ്റ് കമാൻഡറെയും മറ്റും ഒന്ന് പ്രീതിപ്പെടുത്താം..' എന്ന, ന്യൂ ജൻ സ്റ്റൈലിൽ പറഞ്ഞാൽ 'ഓഞ്ഞ തീരുമാനം' എടുത്തത്. ആ പാളിപ്പോയ ബിരിയാണിയുടെ കഥയാണ് ഈ കഥ..

അങ്ങനെ ഡിസംബർ 31എത്തി.. തലേദിവസം തന്നെ തയ്യാറാക്കിയ 'ബിരിയാണി പ്രോജക്റ്റ് ടീമിൽ' യൂണിറ്റിൽ ഉണ്ടായിരുന്ന 18 മലയാളികളും സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു!!

അതങ്ങനെയാകണമല്ലോ..ഓണം ആയാലും, ക്രിസ്തുമസ് ആയാലും,

ഈദ് ആയാലും നമ്മൾ മലയാളി കൾ ഒത്തൊരുമിച്ചല്ലേ ആഘോഷിക്കുന്നത്.... അത് പോലെ തന്നെയാണ് പട്ടാളത്തിലും അതാണ് മലയാളീസിന്റെ ഒത്തൊരുമ!! രാവിലെ എട്ടുമണിക്കുള്ള സെക്കൻഡ് പരേഡോടു കൂടി തന്നെ പ്രൊജക്റ്റ് തുടങ്ങിക്കഴിഞ്ഞിരുന്നു..മേപ്പടി തലശ്ശേരിക്കാരൻ ശശിയണ്ണൻ തന്നെ ആയിരുന്നു ടീം ക്യാപ്റ്റൻ.. ബിരിയാണിക്കുള്ള ചേരുവകൾ തയ്യാറാക്കുന്നതിനിടയിൽ തന്നെ ശശിയണ്ണന്റെ നേതൃത്വത്തിൽ ടീം അംഗങ്ങൾ 'എനർജി ഡ്രിങ്കും' തുടങ്ങികഴിഞ്ഞിരുന്നു!!!

അങ്ങനെ ടീമംഗങ്ങൾ എല്ലാവരും നല്ല പരുവമായെങ്കിലും, 12 മണിയായിട്ടും ബിരിയാണി മാത്രം പാകമായിരുന്നില്ല!!

മെസ്സിലേക്ക് വന്ന തോമസുകുട്ടി സാർ ഇതൊക്കെ കണ്ടു, കലിപൂണ്ട് ഉച്ചത്തിൽ അലറി..

'ഒരു മണിക്ക് യൂണിറ്റ് കമാൻഡറും മറ്റുള്ളവരും കഴിക്കാൻ എത്തും.. നീയൊക്കെ എന്തെടുക്കുവായിരുന്നടാ ഇതുവരെ?

'ശകാരം കേട്ടതോടെ....... ഡ്രിങ്ക് ചെയ്ത എനർജി മുഴുവനും പുറത്തെടുത്തുള്ള പ്രകടനമായിരുന്നു ടീം പിന്നീട് കാഴ്ച വെച്ചത്.

ഒരാൾ ചെമ്പിലേക്ക് മട്ടൻ വാരി ഇടുന്നു.. മറ്റൊരാൾ മസാല ഇടുന്നു.. വേറൊരാൾ അതിനു മേലെ ഏതൊക്കെയോ സസ്യലതാദികൾ ഇടുന്നു!!

അങ്ങനെ വമ്പിച്ച ടീം സ്പിരിറ്റോടെ എല്ലാവരും എന്തൊക്കെയോ ഇടുന്നു.. ഇളക്കുന്നു..ആകെ ഒച്ചയും ബഹളവും!!

എന്തായാലും ഒരു മണി ആയപ്പോഴേക്കും ബിരിയാണി റെഡി!!

'ഇനി ദം പൊട്ടിക്കുമ്പോൾ കുറച്ച് മല്ലിയില കൂടി ഇട്ടാൽ മതി'

'എന്ന് പറയാൻ ശശിയണ്ണൻ ആത്മാർത്ഥമായി ശ്രമിച്ചെങ്കിലും, എന്താണ് പറഞ്ഞതെന്ന് തൊട്ടടുത്തു നിന്നവർക്ക് പോലും പിടികിട്ടിയില്ല!!

താമസിയാതെ എത്തിച്ചേർന്ന യൂണിറ്റ് കമാൻഡർ, കേക്ക് മുറിച്ചു എല്ലാവർക്കും 'ക്രിസ്തുമസ്' ന്യൂ ഇയർ ആശംസകൾ'നേർന്നതിനുശേഷം, ബിരിയാണിപ്ലേറ്റ് കയ്യിലെടുത്തു..



ആദ്യം മട്ടൻ ഒന്നു ടേസ്റ്റ് ചെയ്യാമെന്ന് കരുതിയായിരിക്കും, പ്ലേറ്റിൽ നിന്നും ഒരു പീസ് എടുത്ത് മെല്ലെ വായിലേക്ക് ഇട്ടത് .. കുറേ നേരം ആഞ്ഞ് കടിച്ചെങ്കിലും, കടി കൊള്ളാതെ കമാൻഡറിന്റെ വായിൽ കിടന്നു ചാടിക്കളിച്ചു കൊണ്ടിരുന്നു ആ മട്ടൻ പീസ്!! എങ്ങനെ നോക്കിയിട്ടും ഒരു രക്ഷയുമില്ല ഇനി ചവച്ചിട്ട് കാര്യമില്ല എന്ന തിരിച്ചറിവിൽ, തിരികെ വായിൽ നിന്നും പുറത്തേക്ക് എടുക്കുന്നതിനിടയിൽ കമാൻഡറിന്റെ കൈയ്യിൽ നിന്നു വഴുതി തെറിച്ച മട്ടൻപീസ് റബ്ബർപന്ത് പോലെ രണ്ട് ചാട്ടം ചാടി ഏതോ വഴിക്ക്പോയി!!

അടുത്തു നിന്ന സുബേദാർ സാബിനേയും, ഹവിൽദാർ മേജറേയും കമാൻഡർ ഒന്ന് തറപ്പിച്ചു നോക്കി..പക്ഷേ ദയനീയ ഭാവത്തിലുള്ള അവരുടെ നിൽപ്പ് കണ്ടപ്പോൾ ഒന്നും പറയാതെ, എന്നാൽ സ്വല്പം ചോറെങ്കിലും കഴിക്കാമെന്ന് കരുതി, ഒരു പിടി വാരി വായിലേക്ക് ഇട്ടതും, സഡൺ ബ്രേക്ക് ഇട്ട പോലെ നിർത്തിയ കമാണ്ടർ, ഇടത്തും വലത്തും നിന്നവരെ രൂക്ഷമായി നോക്കിയിട്ട്..പ്ലേറ്റ് സാവധാനം താഴെ വെച്ചു..

ഇത് കണ്ട് ഒന്നും പിടികിട്ടാതെ കണ്ണും തള്ളി നിന്ന തോമസുകുട്ടി സാറിനെ അരികെ വിളിച്ച്, അരിശം അടക്കി പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു..

'ഏതവനാ ഇത് ഉണ്ടാക്കിയത്?!.

ഉടൻ തന്നെ തോമസുകുട്ടി സാർ ടീം അംഗങ്ങളെ ഒന്നടങ്കം കമാൻഡറിന്റെ മുന്നിൽ ഹാജരാക്കി..

'ഇതിൽ ആരെങ്കിലും ഇതിനുമുമ്പ് ബിരിയാണി വെച്ചിട്ടുണ്ടോടാ?..

' അപ്രതീക്ഷിതമായ ചോദ്യമായിരുന്നെങ്കിലും ഒട്ടും പതറാതെ ചിരിച്ചു കൊണ്ട് നിന്ന ടീമിൽ നിന്നും ഒരു റിപ്ലെയും വന്നില്ല!!

'അതുപോട്ടെ ബിരിയാണിയിൽ ആരാടാ കടുകെണ്ണ എടുത്തൊഴിച്ചത്?!! 'ബഹിരാകാശ സഞ്ചാരികളെ പോലെ കാലുറപ്പിച്ചു നിൽക്കാൻ പാട് പെട്ട ടീമംഗങ്ങൾ പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും കുറ്റപ്പെടുത്തുന്ന രീതിയിൽ നോക്കി നിൽക്കുന്നത് കൂടി കണ്ടപ്പോൾ, കലി അടക്കാനാവാതെ കുറേ നാടൻ ഹിന്ദി തെറികൾ വിളിച്ചിട്ട്, ടീം അംഗങ്ങൾക്ക് കാലുറക്കാനുള്ള മരുന്ന് കൂടി കുറിച്ചിട്ടാണ് കമാൻഡർ പോയത്..

'40 കിലോമീറ്റർ റൂട്ട് മാർച്ച്!!

പുറത്ത് 20 കിലോയോളം ഭാരമുള്ള ഷോൾഡർ പാക്കും കെട്ടി..അഞ്ച് കിലോയോളം ഭാരമുള്ള തോക്കും പിടിച്ചു..40 കിലോമീറ്റർ മാർച്ച് ചെയ്തിട്ട് വരണം!!

ബഹിരകാശത്തു ആയിരുന്നതിനാൽ ഭാരം അനുഭവപ്പെടില്ലല്ലോ..അതുകൊണ്ട് ടിമംഗങ്ങൾ ഒട്ടും പതറിയതുമില്ല !!

അങ്ങനെ ലോകം പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി പുതുവർഷത്തെ കാത്തിരുന്ന രാത്രിയിൽ, നടന്നു..നടന്ന് തേഞ്ഞു..കിളി പോയ ബിരിയാണി ടീം..ഒടുവിൽ മുക്കിയും മൂളിയും.. ബാരക്കിൽ എത്തിയപ്പോൾ 12:00 മണി ആകാൻ നിമിഷങ്ങൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ.

ബാരക്കിന്റെ മുന്നിൽ കാത്തു നിന്നിരുന്ന മാത്യു സാബ്, കയ്യടിച്ചു ടീമിനെ സ്വീകരിച്ചുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു..

'തെറ്റുകളിൽ നിന്ന് പാഠം പഠിക്കുക... പുതുവർഷം എല്ലാവർക്കും ഐശ്വര്യവും,നന്മകളും നിറഞ്ഞതാകട്ടെ.. എല്ലാവർക്കും ഹാപ്പി ന്യൂ ഇയർ..'

'ഒപ്പം അദ്ദേഹം കയ്യിൽ പിടിച്ചിരുന്ന ഗ്ലാസ് ഉയർത്തി ആവേശത്തോടെ പറഞ്ഞു 'ചിയേഴ്സ്'

എല്ലാ ക്ഷീണവും മറന്നു ടീം ഒന്നടങ്കം ഏറ്റു പറഞ്ഞു 'ഹാപ്പി ന്യൂ ഇയർ'..

സാബ്.. ചിയേഴ്സ്..

'അതേ..ഇന്നലെയുടെ തെറ്റുകൾക്കും, പരാജയങ്ങൾക്കും,ദുഃഖങ്ങൾക്കും ഇനി സ്ഥാനമില്ല.. ഇന്ന്ജീവിക്കുക..പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി, കൂടുതൽ ഊർജ്ജസ്വലരായി, ആഘോഷമായി, സന്തോഷമായി...എന്ന് തന്നെയായിരുന്നു ആ'ചിയേഴ്സ്'ന്റെ അർത്ഥം..

അപ്പോഴേക്കും ജോദ്പുരിന്റെ തെരുവീഥികളിൽ പടക്കത്തിന്റെ ശബ്ദങ്ങൾ മുഴങ്ങി തുടങ്ങിയിരുന്നു.. രാജവാഴ്ചയുടെ ഉച്ച നീചത്തങ്ങളും അനാചാരങ്ങളും ഇന്നും പേറുന്ന താർ മരുഭൂമിയുടെ വാനിലും നല്ലൊരു നാളെയുടെ പ്രത്യാശാ കിരണങ്ങൾ വിതറി അനേകം പൂത്തിരികളുയർന്നു തുടങ്ങിയിരുന്നു..ഓരോ കണ്ഠനാളത്തിൽ നിന്നും ഉയർന്നു ഒരേ ശബ്ദം..

HAPPY NEW YEAR..HAPPY NEW YEAR..EVERYONE...

ശുഭം.





# മാവും ആത്മാവും

വെട്ടി വീഴ്ത്തിയോർക്കുത്തരം പുത്തൻ -
പല്ലവങ്ങങ്ങളാൽ നൽകുന്ന മാവേ,
ജോലി ചെയ്തു വിയർത്തവരോടു
തമ്പുരാക്കൾ കൃതഘ്നരാകുമ്പോൾ
തീവെയിൽ തിന്നു പൂന്തണൽ തന്നു
നീ നിവർന്ന നാളുകൾക്കെൻ സ്തുതി!
നിന്റെ ജാതകം വെട്ടിത്തിരുത്തി
യന്ത്രവാളിന്റെ മൂർച്ച മുഴക്കി
വന്ന കൈകളിൽ നീതിമാനാകും
ആ മനുഷ്യന്റെ രക്തം കാണുന്നു!
നിൻ നിഴലുൾവലിഞ്ഞപ്പോൾ  പൈതൃക -
സ്ഥാന സിദ്ധന്റെ തെമ്മാടി മെമ്മോ
വഹ്നിയായുയിർ തിന്നു വാണീടാൻ
ജീവനക്കാരനെത്തിരയുന്നു!
വേട്ടയ്ക്കെന്നുമൊരേ  തത്വശാസ്ത്രം
കിങ്കരന്മാർക്കൊരേ  മുഖംമൂടി
കൈയ്യിലായുധം, പാതകാസക്തി !
ആമാശയത്തിനുള്ളിൽ മസ്തിഷ്കം
വാക്കിൽ മാരകമായ കാകോളം,
കണ്ണിൽ സ്വാർത്ഥത തൻ തമോഗർത്തം!
കാരണവർക്കു പട്ടടത്തീയായ്
ത്തീരുമത്രേ മുറിഞ്ഞ തേന്മാവ്
മാവുമാത്മാവും തമ്മിലെ ബന്ധം
നിർവ്വചിക്കുവാനാർക്കു സാധിക്കും?
നാളെയും നിന്റെ പൊൻമുകുളങ്ങൾ
പൂവിടേണമീ പൂമുഖത്തോപ്പിൽ
പ്രത്യാശ കോർത്തു മാല്യമായ് തീർന്നു
മാനസങ്ങൾ തപസ്സിരിക്കുന്നു!

കോനാതിരി

അനുഭവക്കുറിപ്പ്

# 13 ൽ പന്ത്രണ്ടാമത് കണ്ടെത്തിയ മികച്ച പാതി



വി.ലോറൻസ്



കുട്ടിക്കാലമാണ് നമ്മുടെയൊക്കെ ജീവിതത്തിലെ അവിസ്മരണീയ കാലം എങ്കിലും, സ്ഥിര ജോലിയോ വരുമാനമോ ആയതിനും വിവാഹിതരാകുന്നതിനും ഇടയിലുള്ളതായിരിക്കും ഓരോ വ്യക്തിയുടെയും ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടം. ഇതിൽ അഭിപ്രായ വ്യത്യാസമുള്ളവർ ഉണ്ടാകാം. മുതിർന്ന സഹോദരന്റെ വിവാഹം കൂടി കഴിഞ്ഞപ്പോൾ വഴി ഒരുങ്ങിയപ്പോഴേക്കും കല്യാണമൊന്നുമായില്ലേ എന്ന ചോദ്യത്തിനറുതി വരുത്താൻ കൂടി എന്നാൽപ്പിന്നെ കല്യാണം കഴിച്ചുകളയാം എന്ന തീരുമാനത്തിലെത്തി. പലതരത്തിലുള്ള പരിചയങ്ങൾ, ബ്യൂറോകൾ, പത്രങ്ങൾ എന്നിവ മുഖാന്തിരം സജീവമായി പരിഗണിച്ച വിവാഹ ആലോചനകളുടെ ആകെ എണ്ണമാണ് 13. ഇതിൽ 6 എണ്ണം വിവിധ കാരണങ്ങളാൽ വധുവിന്റെ കൂട്ടർ തന്നെയും, 6 എണ്ണം എന്റെ താൽപര്യക്കുറവ് കാരണവും വേണ്ടെന്ന് വെച്ചു. ഈ തെരെഞ്ഞെടുപ്പിൽ പൂർണ്ണാധികാരം വീട്ടുകാർ എനിക്ക് തന്നിരുന്നു. ഉഭയകക്ഷി സമ്മതത്തോടെ ഉറപ്പിച്ച ഒന്ന് വിജയകരമായി രണ്ട് ദശാബ്ദങ്ങൾ പൂർത്തിയാകുന്നു. അപ്പോൾ 13ന്റെ കണക്ക് ശരിയായി.

ഓരോ കേസുകളും പറഞ്ഞുവരുമ്പോൾ ഒരു ചെറുകഥയ്ക്ക് സാദ്ധ്യതയുണ്ട്.

ഉറ്റ സുഹൃത്തിന്റെ അനുജൻ സ്കൂൾ അധ്യാപകനായി ആലപ്പുഴയിൽ ജോലി ചെയ്തു വരവേ സഹഅധ്യാപകന്റെ പരിചയത്തിലുള്ള ഒരാലോചന കൊണ്ടുവന്നു. ഫോട്ടോ ചോദിച്ചെങ്കിലും തന്നില്ല, നമുക്ക് യോജിക്കുന്ന ചുറ്റുപാടാണ്, നല്ല കുട്ടിയാണെന്ന് പറയുന്നു, പോയി നോക്കാം എന്ന നിർദ്ദേശം അംഗീകരിച്ച് ഞങ്ങൾ രണ്ടുപേരും കൂടി ആദർശധീരനായ മുൻ മുഖ്യമന്ത്രിയുടെ ചേർത്തലയിലെ കുടുംബവീടിന്റെ അയൽപക്കത്തെ പെണ്ണിനെ കാണാൻ പോയി. മുൻപ് പലതവണ മറ്റൊരു ആത്മസുഹൃത്തിനുവേണ്ടി പെണ്ണുകാണാൻ കൂടെ പോയ അനുഭവം ഉള്ളതിനാൽ ആദ്യശ്രമത്തിന്റെ പകപ്പൊന്നും തോന്നിയില്ല. നല്ല സൗഹൃദാന്തരീക്ഷം, ചായയും അണ്ടിപ്പരിപ്പും ഈന്തപ്പഴവും കഴിച്ചിരിക്കുമ്പോൾ പെൺകുട്ടി വന്നു. ഒറ്റ നോട്ടത്തിൽ ബിന്ദുപണിക്കരുടെ അനിയത്തിയെന്ന് തോന്നും. രണ്ടുപേരും തമ്മിലുള്ള സ്വകാര്യ സംഭാഷണത്തിൽ പി.എസ്.സി ടെസ്റ്റ് എഴുതിയിരുന്നെങ്കിലും കിട്ടിയില്ല, അതൊക്കെ വലിയ സ്വാധീനവും പണവുമുള്ളവർക്കല്ലേ കിട്ടൂ എന്ന് ഭരണഘടനാസ്ഥാപനത്തിലെ ഉദ്യോഗസ്ഥന്റെ മുഖത്തു നോക്കി പറഞ്ഞതിനെ ശക്തിയുക്തം ഖണ്ഡിച്ചു. കൂടെവന്നയാൾക്ക് സ്പാർക്കുണ്ടായെങ്കിലും എനിക്കതുണ്ടാകാത്തതിനാൽ മുന്നോട്ട് പോകാൻ തോന്നിയില്ല.

അങ്ങനെയിരിക്കെ ചാച്ചന്റെ (അച്ഛൻ) കസിൻ, അത്യാവശ്യം ബ്രോക്കർ പണിയും മറ്റുമുള്ള അപ്പാപ്പൻ, 'ഡാ മോനെ, നല്ലൊരു പെൺകൊച്ചുണ്ട്, ഡിഗ്രി അവസാന വർഷം, നീ പഠിച്ച കോളേജിൽ ആണ്, എസ്.ഐ-യുടെ മോളാണ്, നല്ല ചുറ്റുപാടാണ്' എന്നൊക്കെ പറഞ്ഞു വിളിച്ചു. ഒരു അവധിദിവസം അവിടെ വരെ പോയി. പാണ്ടനാട് എന്ന സ്ഥലം, ബൈക്കിൽ അവിടെയെത്തി കടത്ത് വള്ളത്തിൽ കയറി ഞങ്ങൾ രണ്ടുപേരുംകൂടി അവരുടെ വീട്ടിലെത്തി. ചായകുടി കഴിഞ്ഞു, കുട്ടിയെ കണ്ടു. എന്നാൽ സ്വകാര്യ സംഭാഷണത്തിന് സാധ്യത കുട്ടിയുടെ മുഖത്ത് കണ്ടില്ല. പിന്നീട് അപ്പാപ്പൻ നിരാശയോടെ ഫോൺ വിളിച്ചു പറഞ്ഞു കുട്ടിയുടെ സങ്കൽപ്പത്തിലുള്ള ആളല്ലെന്ന് എസ്.ഐ പറഞ്ഞുപോലും. പഠിക്കുന്ന കുട്ടിയല്ലേ, ശരിക്ക് പഠിക്കട്ടെ, അവർക്കുമില്ലേ സങ്കൽപ്പങ്ങളും ആഗ്രഹങ്ങളും എന്ന് ഞാൻ സമാധാനിപ്പിച്ചു.



അടുത്ത ഊഴം അമ്മാവന്റെ വക. ഉള്ള നാല് അമ്മാവന്മാരും സ്നേഹമുള്ളവരാണെകിലും ഒരു പ്രത്യേക വാത്സല്യവും കരുതലും ഓർമ്മയുള്ള കാലംമുതൽ പ്രകടിപ്പിക്കുന്ന ആളായിരുന്നു പ്രവാസത്തിനു ശേഷം തയ്യൽക്കട നടത്തുന്ന ഈ അമ്മാവൻ. അതുകൊണ്ടുതന്നെ ജോലിയില്ലെങ്കിലും നല്ല വിദ്യാഭ്യാസ യോഗ്യതയും, ടെസ്റ്റിനൊക്കെ പഠിക്കുന്നതുകൊണ്ട് ഭാവിയിൽ ജോലി കിട്ടാൻ സാധ്യതയും മെച്ചപ്പെട്ട ചുറ്റുപാടുകളുമുള്ള ഒരു സുന്ദരിയുടെ ആലോചനയാണ് കൊണ്ടുവന്നത്. വിവരണങ്ങൾ കേട്ടപ്പോൾ ലഡ്ഡു പൊട്ടി, വള്ളിക്കാവിന് (എന്റെ സ്വന്തം അമ്മയുടെയും അമൃതാപുരിയിലെ അമ്മയുടെയും നാട്) സമീപ പ്രദേശത്തെ വീട്ടിൽ, അമ്മാവനെയും കൂട്ടി ഒരു ദിവസം സുന്ദരിയെ കാണാൻ എത്തി. ഒരു വൈകുന്നേരമാണെന്നായിരുന്നു ഓർമ്മ, ആ

വീട്ടിലപ്പോൾ കറന്റ് ഇല്ലായിരുന്നു. എനിക്ക് സുന്ദരിയെ ശരിയായി കാണാൻ കഴിഞ്ഞില്ല, അവർക്കും. അതുകൊണ്ടാവാം അവർക്കത്ര ബോധിച്ചില്ലെന്ന് വിവരം കിട്ടി.

അടുത്തതിനും ചുക്കാൻ പിടിച്ചത് അമ്മാവൻ തന്നെ. വാശിക്ക് മറ്റൊരു കൊച്ചു സുന്ദരിയുടെ ആലോചന കോയിവിളയിൽ നിന്നും, അമ്മായിയുടെ സ്ഥലം, കൊണ്ടുവന്നു. അമ്മാവന്റെ പോലീസിലുള്ള അളിയനെയും കൂട്ടി പോകാൻ ഏർപ്പാടാക്കി. ഇത്തവണ ലഡ്ഡു പൊട്ടിച്ചില്ല, വെറുതെ മോഹിക്കാൻ അത്ര മോഹമില്ലായിരുന്നു. അനു സിത്താരയുടെ ഛായ, ബിഎഡ്-ന് പഠിക്കുകയാണ്. ആ പെണ്ണുകാണലോടെ കുട്ടിക്ക് ഇപ്പോൾ പഠിച്ചാൽ മതി, തൽക്കാലം വിവാഹം വേണ്ട എന്ന അഭിപ്രായത്തിലെത്തിയെന്ന് കേട്ടു. അതോടു കൂടി ഇനിയൊരു ഇടവേള ആകാമെന്ന് എനിക്കും തോന്നി.

ദിനപ്പത്രത്തിലെ മാട്രിമോണിയൽ ഒന്ന് നോക്കൂ, നല്ല ആലോചനകൾ ഉണ്ടാവുമെന്ന ഉപദേശം കേട്ട് ആ വഴിക്ക് ശ്രമിച്ചെങ്കിലും അതിലൊന്നും വലിയ പുരോഗതി കണ്ടില്ല. എന്നാൽ ഒരു നമ്പറിൽ വിളിച്ചപ്പോൾ അതൊരു മാര്യേജ് ബ്യൂറോയുടേതായിരുന്നു. അവർക്കൊരു കസ്റ്റമറെ കിട്ടി, എന്നെ കെട്ടിക്കാനുള്ള ക്വട്ടേഷൻ അവരേറ്റെടുത്തു, 'സാറ് നേരിട്ടുവരൂ, ധാരാളം നല്ല ആലോചനകൾ ഉണ്ട്, വരുന്ന ദിവസം തന്നെ ഞങ്ങളുടെ ആളിനെ കൂട്ടി പെണ്ണുകാണൽ ഏർപ്പാടാക്കാം' എന്ന് അറിയിച്ചു. ഒരു സുഹൃത്തിന്റെ വിവാഹത്തിന് കൊല്ലത്ത് പോകേണ്ടതുണ്ടായിരുന്നു, വിവാഹശേഷം കടപ്പാക്കടയിലുള്ള 'മംഗല്യ' ബ്യൂറോയിലെത്തി. രജിസ്ട്രേഷൻ പൂർത്തിയാക്കി തുക കൈപ്പറ്റിയിട്ട് ചില പെൺകുട്ടികളുടെ വിശദാംശങ്ങൾ കാണിച്ചു. കൊല്ലത്തിനടുത്ത് മങ്ങാടുള്ള സിംഗപ്പൂർ റിട്ടേൺ അച്ഛന്റെ മോളെ കാണാൻ പോയി. ഫഹദിന്റെ നസ്രിയയെ പോലൊരു കുട്ടി, പനിയായിരുന്നെന്നു തോന്നി, കണ്ണും നിറഞ്ഞ് മൂക്കും തുടച്ച് ചായ തന്നിട്ടുപോയി കട്ടിളയിൽ ചാരി നിന്നു. മലപ്പുറം എൽ.പി.എസ്.എ/യു.പി.എസ്.എ ലിസ്റ്റിലുണ്ട്, മുഖ്യപട്ടികയിലായതിനാൽ ജോലികിട്ടാൻ സാധ്യതയുണ്ട്. അമ്മ റിട്ടയേർഡ് എച്ച്.എം ആണ്, മോളും അച്ഛനുമൊക്കെ സൈലന്റ് ആണെങ്കിലും അമ്മ നല്ല സംസാരമാണ്. രണ്ട് പെൺ കുട്ടികളാണ്, മൂത്തയാളെ പൊലീസുകാരനാണ് വിവാഹം കഴിച്ചത്, അവർക്കൊരു വീട് കൊടുത്തു, ഈ വീട് നിങ്ങൾക്കുള്ളതാണ് എന്നുവരെ ആ അമ്മ പറഞ്ഞു. കുട്ടി ഓക്കെ ആണ്, എങ്കിലും വീട്ടിൽ ചെന്ന് ആലോചിച്ചിട്ട് പറയാം എന്ന് കരുതി. അങ്ങോട്ട് വിളിക്കാതായപ്പോൾ നിരന്തരം ഇങ്ങോട്ടു വിളിവന്നു, ഓഫറുകൾ മാറ്റി പ്രലോഭിപ്പിച്ചു. സഹോദരങ്ങൾ പ്രവാസികളെന്നതിനാലും വിവിധ കാരണങ്ങളാലും എനിക്കെന്റെ വീട് വിട്ടൊരു കാര്യം ചിന്തിക്കാൻ കഴിയാത്തതിനാൽ, വിവാഹത്തിന് മുൻപ് തന്നെ ഒരു പ്രശ്നവുമായി മുൻപോട്ടു പോവേണ്ട എന്ന തീരുമാനത്തിലെത്തി.

ബൈക്കിൽ പോകുന്ന വഴിക്ക് നീണ്ടകരയിൽ ഒരു കുട്ടിയുണ്ട്, അവരുടെ വീട്ടിൽ വിളിച്ചു വിവരം പറയാം, ഞാനിവിടെ കൊല്ലത്ത് ഇറങ്ങിക്കോട്ടെ, ഒറ്റയ്ക്ക് പെണ്ണുകാണാൻ പോകുന്നതിന് ബുദ്ധിമുട്ടില്ലല്ലോ എന്ന് കൂടെ വന്ന ബ്യൂറോയിലെ അസിസ്റ്റന്റ് ചോദിച്ചു. എനിക്കൊരു പ്രയാസവുമില്ലെന്ന് പറഞ്ഞപ്പോൾ ലൊക്കേഷനും (അന്ന് മൊബൈൽ ഫോണും ഗൂഗിൾ മാപ്പുമൊന്നുമില്ല) ഫോൺ നമ്പറും കുറിച്ചുതന്നു. ഹൈവേ സൈഡ് ആയിരുന്നതും അതിന് വളരെ അടുത്തായി എന്റെ ഒരു ബന്ധു വീടുണ്ടായിരുന്നതും കൊണ്ട് കൃത്യം അവിടെത്തന്നെ ഒറ്റക്ക് എത്തി, കോളിങ് ബെൽ അടിച്ചു. ഫിഷിങ് ബോട്ടൊക്കെയുള്ള കുടുംബമാണ്, ചായയും സ്നാക്സും തന്നു. പെൺകുട്ടിയെ വിളിച്ചപ്പോൾ ഉച്ചയുറക്കത്തിന്റെ ആലസ്യം വിടാതെ കണ്ണും തിരുമ്മി എഴുന്നേറ്റു വന്ന ആ കൊച്ചുകുട്ടിയെ കണ്ട് 'പാവത്തിന്റെ ഉറക്കം വെറുതെ കളഞ്ഞു' എന്ന് ആലോചിച്ചു ഞാൻ അവിടെനിന്നും ഇറങ്ങി.

കൊല്ലത്തുള്ള ഒരു ബ്രോക്കർ എന്റെ ബന്ധു നൽകിയ വീട്ടിലെ ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പല ആലോചനകളും കൊണ്ടുവന്നു. അതിലൊരാളെ കാണാൻ സഹോദരിയുടെ ഭർത്താവുമായി ഒരു അവധി ദിവസം അവിടെയെത്തി. എന്റെപോലെ തന്നെ ഇടത്തരം ചുറ്റുപാടുകളുള്ള കുടുംബം, സഹോദരൻ ഹയർ സെക്കന്ററി അധ്യാപകൻ, കുട്ടി പഠിത്തം കഴിഞ്ഞ് ജോലിക്കു ശ്രമിക്കുന്നു. നല്ല സൗഹാർദാന്തരീക്ഷമായിരുന്നതിനാൽ സ്വകാര്യ സംഭാഷണം വേണമെന്ന് തോന്നി. ഞാൻ ഒത്തിരി കാര്യങ്ങൾ പറഞ്ഞു, എല്ലാം കേട്ട് നിർവികാരയായി ഇരിക്കുന്നതല്ലാതെ ഒന്നും ഉരിയാടുന്നില്ല, ചോദ്യങ്ങൾക്ക് ഒറ്റ വാക്കിൽ മാത്രം മറുപടി. പിന്നെപ്പറയാം എന്നും പറഞ്ഞവിടെനിന്നും ഇറങ്ങി. ഫീൽഡ് റിപ്പോർട്ട് അത്ര അനുകൂലവുമല്ലായിരുന്നു, അതങ്ങനെ പോയി. കുട്ടിയുടെ സഹോദരനെ മറ്റൊരു സന്ദർഭത്തിൽ പുറത്തുവെച്ച് കണ്ടപ്പോൾ ലോഹ്യം ചോദിച്ച കൂട്ടത്തിൽ ഞാൻ കുറച്ചുകൂടി ചടുലതയുള്ള ആളിനെയാണ്

നോക്കിയിരുന്നതെന്ന് പറഞ്ഞു. പെങ്ങളുടെ പ്ര കൃതം അങ്ങനെ തന്നെയാണ് എന്ന് അയാളും സമ്മതിച്ചു.

അതിനിടയിൽ അമ്മയുടെ, അത്യാവശ്യം ബ്രോക്കർ പണിയൊക്കെയുള്ള അമ്മാവൻ വഴി ചവറയിൽ നിന്നും ഒരാലോചന വന്നു. വിവരങ്ങൾ കേട്ടപ്പോൾ സാമ്പത്തികമായി അൽപ്പം മുന്നിലാണെന്ന് കേട്ടതിനാൽ മടിച്ചെങ്കിലും പോയില്ലെങ്കിൽ അങ്കിളിന് വിഷമമാകും എന്ന അമ്മയുടെ പരാമർശം കേട്ട് പോകാൻ തീരുമാനിച്ചു. പത്രാസ് ഒട്ടും കുറക്കേണ്ടെന്ന് കരുതി അതുവരെ ബൈക്കിൽ പെണ്ണ് കാണാൻ പോയിരുന്ന ഞാൻ സുഹൃത്തിന്റെ കാറിൽ, അവനൊരു സുന്ദരനായിരുന്നതിനാൽ കൂടെകൊണ്ട പോകാൻ മടിയുണ്ടായിരുന്നെങ്കിലും അവനെയും കൂട്ടി പോയി. ആളൊക്കെ ചേർച്ചയുള്ളതായി എന്റെ കൂടെവന്നവർ പറഞ്ഞു, അത്ര സ്പാർക്ക് എനിക്ക് തോന്നിയിരുന്നില്ല. എന്തായാലും എന്റെ ചുറ്റുപാടുകൾ കാണാൻ പെണ്ണിന്റെ അപ്പനും പരിവാരങ്ങളും വന്നതുകൊണ്ടാവാം അതിൽ പിന്നീട് പുരോഗതിയുണ്ടായില്ല.

വിവാഹക്കാര്യത്തിൽ കാര്യമായ നടപടിയാകാത്തതുകൊണ്ട് ഒരു പത്രപ്പരസ്യം കൊടുത്താലോ എന്ന് അഭിപ്രായം വന്നു. 'വയസ്സ് 27, സർക്കാർജോലി, 178 cm പൊക്കം, ഇടത്തരം ചുറ്റുപാടുകളുള്ള ക്രിസ്ത്യൻ യുവാവ് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു' എന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ വിവാഹപരസ്യം കൊടുത്തു. കുറെയധികം വിളികൾ വന്നെങ്കിലും കാര്യമായ ഫലം ഉണ്ടായില്ല. ഒരു കൂട്ടർ ഫോണിലൂടെ കാര്യമായ സംസാരത്തിന് ശേഷം നേരിട്ട് വരാം എന്നും പറഞ്ഞു ഒരു ദിവസം അച്ഛനും അമ്മയും കൂടി ചെറുക്കനെ കാണാൻ വന്നു. ഒന്നും അത്ര ബോധിച്ചില്ലെന്ന് അവരുടെ ബോഡി ലംഗ്വേജിൽ നിന്നും മനസിലായി.

കാഞ്ഞിരപ്പള്ളിയിൽ നിന്നും കർഷകനായ ഒരച്ഛൻ വിളിച്ചു, മോള് ഇന്റലിജൻസ് ബ്യൂറോയിലാണ്, ജോലിയും താമസവും തിരുവനന്തപുരത്താണെന്നും, നിങ്ങൾ രണ്ടു പേരും കാണുന്നതിനുള്ള ഏർപ്പാട് ചെയ്യാം, പരസ്പരം കണ്ടശേഷം സമ്മതമെങ്കിൽ നോക്കാമെന്നും പറഞ്ഞു. കൂടെ ജോലിചെയ്ത തിരുവനന്തപുരത്തെ രണ്ട് ആത്മസുഹൃത്തുക്കളോട് നൈസായിട്ടു ഓഫീസിൽ പോയി കുട്ടിയെ കണ്ടിട്ട് വിവരം പറയാൻ പറഞ്ഞു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാനും പിന്നീട് തലസ്ഥാനത്തെത്തി ഔദ്യോഗികമായി



കണ്ടു. അവിടെയും സ്പാർക്ക് വർക്ക് ഔട്ട് ആയില്ല, തിരിച്ചും സ്പാർക്കില്ലാഞ്ഞിട്ടാണോ അവരും ബന്ധപെട്ടില്ല.

ഇടക്കൊരു ആലോചന സജീവമായി വന്നിരുന്നു. വേണ്ടപ്പെട്ട ഒരാളുടെ അടുത്ത ബന്ധത്തിലുള്ള പെൺകുട്ടി, എന്നാൽ നേരിട്ട് രക്തബന്ധമില്ലതാനും. ആതുര ശുശ്രൂഷാ രംഗമാണ്, ശശിയേട്ടന്റെ പഴയ സീമച്ചേച്ചിയുടെ ഛായയുണ്ട്. വിവാഹ മാർക്കറ്റിലേക്ക് ഇറങ്ങിയ കാലത്തു തന്നെ അവരിങ്ങോട്ട് ആലോചനയുമായി എത്തിയിരുന്നു. ബന്ധമായതിനാൽ പരസ്പരം നന്നായി അറിയാം, കാര്യമായ കുഴപ്പങ്ങൾ ഇല്ലായിരുന്നെങ്കിലും ഞാനത്ര താല്പര്യം കാണിച്ചിരുന്നില്ല. വരുന്ന ആലോചനകൾ ഒന്നുമാകാതെ ഇരുന്നപ്പോൾ പഴയ കേസ് പൊടിതട്ടിയെടുക്കാൻ നമ്മുടെ ഭാഗത്തുനിന്നും ഒരു ശ്രമം ഉണ്ടായി. പക്ഷെ തൊമ്മി അയഞ്ഞപ്പോൾ, ചാണ്ടി മുറുകി.

പത്തനംതിട്ട ഓഫീസിൽ പരീക്ഷ

വിഭാഗത്തിൽ ജോലി ചെയ്യുന്ന കാലം. തൊട്ടടുത്താണ് റെക്രൂട്ട്മെന്റ് സെക്ഷൻ . വളരെ അടുപ്പമുള്ള ചിലർ ഉൾപ്പെട്ട എൽ.പി / യു.പി അസിസ്റ്റന്റ് റാങ്ക് പട്ടികയിലെ നിയമന വിവരങ്ങൾ കൂടെക്കൂടെ അന്വേഷിക്കുമായിരുന്നു. ഒരു ദിവസം ഉടൻ അയക്കാനുള്ള പരീക്ഷയുടെ ഹാൾ ടിക്കറ്റിന്റെ തിരക്കിലായിരുന്നു ഞാൻ. ഉദ്യോഗാർത്ഥികളുടെ പേര് എഴുതിയും ജില്ലാ ഓഫീസറുടെ ഫാക്സിമിലി സിഗ്നേച്ചറും സെന്റർ സീലും പതിപ്പിച്ചുവേണം അയക്കാൻ . ഹാൾ ടിക്കറ്റ് കമ്പ്യൂട്ടറൈസ്ഡും ഓൺലൈനിലുമായത് പിന്നീടാണല്ലോ. 'താങ്കൾ അന്വേഷിക്കുമായിരുന്ന റാങ്ക് പട്ടികയിൽ നിന്നും കുറെ പേർക്ക് പ്രത്യേകിച്ച് എൽ.സി പെൺകുട്ടികൾക്ക് അഡ്വൈസ് ആയിട്ടുണ്ട്. അഡ്വൈസ് മെമ്മോ ഡെസ്പാച്ച് ചെയ്തു . വിവരങ്ങൾ എൻക്വയറിയിൽ കൊടുത്തിട്ടുണ്ട് 'എന്ന് പിന്നീട് ജില്ലാ ഓഫീസറായി വിരമിച്ച ആ വിഭാഗത്തിലെ ഓഫീസർ പാർട്ടീഷന് അപ്പുറത്തുള്ള സെക്ഷനിൽ നിന്നും എന്റെ പേര് നീട്ടി വിളിച്ച് ഒരു ചിരിയുടെ അകമ്പടിയോടുകൂടി ഉറക്കെ പറഞ്ഞു. തിരക്കൊഴിഞ്ഞപ്പോൾ ആ പേരുകൾ നോക്കിയിട്ട്, ആദ്യത്തേത് നാട്ടിലെ സുഹൃത്തിന്റെ ഭാര്യയുടെ അനിയത്തിയും രണ്ടാമത്തേത് ആ സുഹൃത്തിന്റെ ഭാര്യയും അടുത്തത് എന്റെ അപ്പച്ചിയുടെ മകളും ആണെന്ന് ഞാൻ പറയുന്നത് കേട്ടപ്പോൾ എല്ലാവരും കൂട്ട ചിരിയോടെ പാർട്ടിക്ക് വകയുണ്ടല്ലോ എന്നായി. 'കൂട്ടുകാരന്റെ ഭാര്യയുടെ അനിയത്തി അവിവാഹിത ആണല്ലോ അല്ലേ' എന്ന് ആരോ ചോദിച്ചത് കേട്ട് 'അതെ' എന്ന് ഒരു ചെറുപുഞ്ചിരിയോടെ ഞാൻ മറുപടി പറഞ്ഞു.

ബ്രോക്കറുപ്പാപ്പന്റെ വിളി വീണ്ടും വന്നു, 'ഡാ മോനെ, നല്ലൊരു കൊച്ചുണ്ട്, സുന്ദരിയാ.. ബി എഡ്-ന് പഠിക്കുന്നു, ആലപ്പുഴ ആണ്, നല്ല ആളുകളാണ്, നമുക്കൊന്ന് പോയാലോ'എന്നൊക്കെ പറഞ്ഞു. വലിയ സുന്ദരിമാർക്കൊക്കെ നമ്മള് ചെല്ലുന്നത് ബുദ്ധിമുട്ടാകുമെന്നൊക്കെ മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ പറഞ്ഞൊഴിയാൻ നോക്കിയെങ്കിലും പുള്ളി വിട്ടില്ല. എന്നാൽ പിന്നെ ഇനി അവധിയുള്ളത് അടുത്ത ഞായറാഴ്ചയാണ്, ഉച്ചക്കുശേഷം പോകാം എന്ന് ഉറപ്പിച്ചു. അന്നത്തെ പത്രത്തിൽ ഒരു പരസ്യം കണ്ടപ്പോൾ അനുയോജ്യമായതെന്ന് തോന്നി ജ്യേഷ്ഠത്തിയെകൊണ്ട് വിളിപ്പിച്ചു. വിശദാംശങ്ങൾ കേട്ടപ്പോൾ രണ്ട് കൂട്ടർക്കും പരസ്പരം മനസ്സിലായി, അടുത്ത വീട്ടിലെ സുഹൃത്തിന്റെ ഭാര്യയുടെ അനിയത്തി. ഒന്ന് നേരിട്ട് കണ്ടാൽ കൊള്ളാം എന്ന് തോന്നി. അടുത്ത ഞായറാഴ്ച രാവിലെ കുർബാന കഴിഞ്ഞ് എത്താം എന്ന് അറിയിച്ചു, ഉച്ചയ്ക്ക് ശേഷം ആലപ്പുഴയ്ക്ക് പോകേണ്ടതല്ലേ.

സന്ധ്യയായി, ഉഷസായി, ഏഴാം ദിവസം. രാവിലെ കുർബാനക്കുശേഷം ബാല്യകാല സുഹൃത്തിനൊപ്പം, അവന്റെ ഭാര്യയുടെ കൂട്ടുകാരിയാണ് കക്ഷി, പമ്പാ നദീതീരത്തെ ആ വീട്ടിലെത്തി. മാന്നാർ മഹാത്മാ ജലോത്സവത്തിന്റെ ഫിനിഷിങ് പോയിന്റ് ആയ കൂരിയത്ത് കടവ്, ആ പ്രദേശത്തെ പ്രധാന കുളിക്കടവും. നല്ല പൊളി ആമ്പിയൻസ്. പപ്പയുമായി സംസാരിച്ചിരിക്കുമ്പോൾ ചായയുമായി ആൾ വന്നു. ഒറ്റ നോട്ടത്തിൽ വീണു, ഉറപ്പിച്ചു, വലിയ സ്വകാര്യ സംഭാഷണം ഒന്നും വേണ്ടി വന്നില്ല, കടലറിയില്ല കരയറിയില്ല.... എന്ന പാട്ടിലെ ഞാൻ തേടിയ ചന്ദ്രോദയമീ... വരികൾ ഓർത്തു. നേരത്തെ ഉറപ്പിച്ച ആലപ്പുഴ യാത്ര വേണ്ടെന്ന് വെക്കാൻ തോന്നിയെങ്കിലും അപ്പാപ്പന്റെ ആക്ഷേപം കേൾക്കാൻ വയ്യാത്തതിനാൽ കേസ് നമ്പർ 13 ആയി അവിടെയും പോ യി. കളർകോട്ടെ ആ സുന്ദരിയും നിഷ്കരുണം നിരസിച്ചെങ്കിലും വിഷമം തോന്നിയില്ല, രോഗി ഇശ്ചിച്ചതും വൈദ്യൻ കല്പിച്ചതും ഒന്നുതന്നെ.

ഒരു വിഷുദിനത്തിൽ കൂടെ കൂട്ടിയ ആൾ, സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനോരോഗ്യത്തിലും സ്നേഹിച്ചും ആദരിച്ചും കട്ടക്ക് കൂടെയുണ്ട്. വീട്ടിൽ നിന്നും ഏറ്റവും അടുത്തുള്ള ആളിനെ വിട്ട് ആണ് കിലോമീറ്റേർസ് & കിലോമീറ്റേർസ് അന്തർ ജില്ലാ യാത്രകൾ ചെയ്ത് പെണ്ണന്വേഷിച്ചത് എന്നോർക്കുമ്പോൾ... എപ്പോഴാണെങ്കിലും നമുക്കുള്ളതിൽ പേരെഴുതിയിട്ടുണ്ടാവും, പക്ഷെ കണ്ടെത്തുന്നതിന് ആത്മാർഥമായ പരിശ്രമം വേണമെന്ന് വാൽക്കഷ്ണം.





# 'കടവൊഴിഞ്ഞു' 'കാലവും'



ഷെമീല സലിം

ചന്തുവിനെ തോൽപ്പിക്കാൻ ആവില്ല മക്കളേ....
എങ്ങനെ സാധിക്കും?

തന്നെ എടുത്തു വളർത്തിയ അമ്മാവൻ കണ്ണപ്പൻ ചേകവരോട് നെറികേട് കാട്ടുന്നവനല്ല ചന്തു, പുത്തൂരം വീട്ടിൽ കയറിച്ചെന്ന് ഉണ്ണിയാർച്ചയെ കേറിപ്പിടിക്കാൻ മാത്രം വിഡ്ഢിയുമല്ല, ഒറ്റത്തേക്കിൽ തീർത്ത വാതിലുകളും അഴികളും ഉള്ള പുത്തൂരം വീട്ടിൽ അകത്തു നിന്നുള്ളവർ വാതിൽ തുറക്കാതെ എങ്ങനെ ചന്തു അകത്തു കയറും? കുഞ്ഞിരാമന്റെയും ഉണ്ണിയാർച്ചയുടെയും അന്തപുരത്തിൽ ആരും കാണാതെ ആവി ആയിച്ചെല്ലാൻ ചന്തു മായാവി ഒന്നുമല്ലല്ലോ! വടക്കൻപാട്ടിൽ നമ്മൾ കണ്ട ചതിയൻ ചന്തു അല്ല ഇത്, ചതിക്കപ്പെട്ട , മുറിവേൽക്കപ്പെട്ട, ഒറ്റപ്പെട്ട , നിരപരാധിയായ ചന്തു.. എഴുത്തുകാരന്റെ വിഷയാത്മകമായ സമീപനം കൊണ്ട് വസ്തുനിഷ്ഠമായ ചരിത്രം പോലും ആത്മനിഷ്ഠമാകുന്ന കാഴ്ച, വീരാരാധനാപരമായ നാടോടിപ്പാട്ടുകളായ വടക്കൻപാട്ടിന്റെ ചരിത്രത്തെപ്പോലും പൊളിച്ചെഴുതി തന്റെ കഥയും, കഥാപാത്രവും മാത്രമാണ് ശരിയെന്ന് വിശ്വസിപ്പിക്കാൻ ഒരു എഴുത്തുകാരന് സാധിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം ടി വാസുദേവൻ നായർ.

ചരിത്രങ്ങളുടെയും, ഇതിഹാസങ്ങളുടെയും, പൊളിച്ചെഴുതലുകളുടെ അമരക്കാരൻ.. ഒരുപക്ഷേ ചരിത്രം ഇനി എംടിയുടെ ചരിത്രങ്ങളായിക്കൂടി വായിക്കപ്പെടാം..

തന്റെ കുലത്തിന്റെ രക്ഷയ്ക്കായി ഉളി വീഴ്ത്തി തന്റെ കൈകൊണ്ടുതന്നെ മകനെ കൊന്ന് സ്വയം ഇല്ലാതാകുന്ന പെരുന്തച്ചനും, കമ്പനിയുമായുള്ള യുദ്ധത്തിൽ വീരചരമം വരിച്ച പഴശ്ശിരാജയും, പുനർവായനയിലൂടെ അവർണ്ണരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും നോവുകളെ തുറന്നുകാട്ടി ദ്വന്ദ്വയുദ്ധങ്ങളിലെ അനിഷേധ്യനായ പോരാളിയും എന്നാൽ രണ്ടാമനുമായിരുന്ന ഭീമന് നായക പരിവേഷം നൽകിയ രണ്ടാമൂഴവും അതിനുദാഹരണങ്ങളാണ്.

എംടി എന്ന എഴുത്തുകാരൻ തൂലിക കൊണ്ട് വിസ്മയം തീർക്കുമ്പോൾ തന്റെ സ്ത്രീ കഥാപാത്രങ്ങൾക്കെല്ലാം അവരുടേതായ കഥകൾ പറയാൻ ഉണ്ടായിരുന്നു,പരിണയത്തിലെ ഉണ്ണിമായ അന്തർജനവും, ഓപ്പോളിലെ മാളുവും, ബന്ധനത്തിലെ തങ്കവും, നീലത്താമരയിലെ കുഞ്ഞുമാളുവും, കാലമെന്ന നോവലിൽ സേതുമാധവൻ കണ്ടുമുട്ടുന്ന പെൺകുട്ടികളും, വൈശാലിയിലെ ദാസിപ്പെൺകുട്ടിയും. ഇവരോടൊപ്പം ഇവരുടെ കഥകളും ഓരോ പ്രേക്ഷകന്റെയും മനസ്സിൽ ഇടം നേടി. അതേസമയം ഒരു വടക്കൻ വീരഗാഥയിലെ ഉണ്ണിയാർച്ചയെയും നാലുകെട്ടിലെയും രണ്ടാമൂഴത്തിലെയും സ്ത്രീകളെയെല്ലാം രണ്ടാം കിടക്കാരികളായി ചിത്രീകരിക്കുന്നതായും കാണാം. അത് എഴുത്തുകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെങ്കിലും

അതിലെ സ്ത്രീവിരുദ്ധത പറയാതെ പോകാൻ വയ്യ.അപ്പോഴും സ്ത്രീപക്ഷവാദികളുടെ വിമർശനങ്ങൾക്ക് അദ്ദേഹം ചെവി കൊടുത്തിട്ടില്ല എന്നുള്ളതും വാസ്തവമാണ്..

ട്രാവൽ വ്ലോഗിംഗ് ഇന്ന് പലർക്കും ഒരു വിനോദവും ട്രെൻഡും വരുമാനമാർഗവുമാണ്. ഇതെല്ലാം ജനകീയമാകുന്നതിനു മുൻപ് തന്നെ ഒരുപാട് യാത്രകൾ നടത്തി എം ടി യാത്രാവിവരണ രചനയിലും തന്റെ പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. അമേരിക്കൻ യാത്രയും സംസ്കാരങ്ങളും മുൻനിർത്തി രചിച്ച 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന യാത്രാവിവരണം, 'വൻ കടലിലെ വെള്ളക്കാർ' ചൈനയുടെ രാഷ്ട്രീയ സാംസ്കാരിക പശ്ചാത്തലത്തെ ആസ്പദമാക്കി രചിച്ച മറ്റൊരു യാത്രാവിവരണമാണ്, ഫിൻലെന്റ് കർഷക സമൃദ്ധിയിൽ നിന്നും ജർമൻ നാസി പീഡന കേന്ദ്രമായ ബുഹൻവാൾഡിലെ നാരകീയ സ്മൃതികളിലേക്കുള്ള യാത്രയെ 'മനുഷ്യർ നിഴലുകൾ' എന്ന യാത്രാവിവരണത്തിലൂടെ വായനക്കാരിലേക്ക് എത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. യാത്രകൾ ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ അറിയുന്ന എന്റെ നിളാ നദിയാണ് എനിക്കിഷ്ടം' എന്നുകൂടി എം ടി പറഞ്ഞിട്ടുണ്ട്. നിളാ നദിക്ക് വേണ്ടി എന്നും തൂലിക ചലിപ്പിച്ചിട്ടുള്ള എഴുത്തുകാരൻ, 'നിളയുടെ കഥാകാരൻ' അങ്ങനെ പറഞ്ഞില്ലായെങ്കിൽ ആണ് അതിശയം

എം ടി യുടെ കഥാപാത്രങ്ങളുടെ പ്രണയവും ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. 'മഞ്ഞിൽ' പ്രണയം കാത്തിരിപ്പാണ് പ്രതീക്ഷയാണ് എന്ന് പറഞ്ഞതോടൊപ്പം 'എനിക്ക് നിങ്ങളെ ഇഷ്ടമാണ് , ഓ, പരിഭ്രമിക്കാൻ ഒന്നുമില്ല, വഴിയിൽ തടഞ്ഞുനിർത്തില്ല, പ്രേമലേഖനങ്ങൾ എഴുതില്ല, ഒന്നും ചെയ്യില്ല, ഒരു ബന്ധവും സങ്കൽപ്പിക്കാതെ വെറുതെ .. എനിക്ക് നിങ്ങളെ ഇഷ്ടമാണ്' എന്നു പറഞ്ഞ എം ടി ' സുകൃതത്തിൽ ' 'പ്രണയം ഒരു മലകയറ്റം പോലെ Adventure ആണ്' എന്നും പറഞ്ഞുവെക്കുന്നു.

എം ടി കഥാപാത്രങ്ങൾ എടുക്കുകയാണെങ്കിൽ, ബഹിഷ്കൃതരുടെ അല്ലെങ്കിൽ , തിരസ്കൃതരുടെ ഒരു നീണ്ട നിര തന്നെയുണ്ട്. അതുകൊണ്ടുതന്നെ അവരെല്ലാം ഒരല്പം സ്നേഹവും പരിഗണനയും വാത്സല്യവും അവകാശപ്പെടുന്നതായി കാണാം. കഥകൾ എല്ലാം തന്നെയും ജീവിതാനുഭവങ്ങളിൽ നിന്നും തന്റെ ഗ്രാമത്തിന്റെ നിഷ്കളങ്കതയിൽ നിന്നുമെല്ലാം ഉടലെടുത്തത് കൊണ്ടാവാമത്. എം ടി തന്റെ ഗ്രാമത്തെയും ഗ്രാമവാസികളെയും എക്കാലത്തും നെഞ്ചോട് ചേർത്തുവെച്ച വ്യക്തിയായിരുന്നു 'എന്റെ സാഹിത്യ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്, വേലായുധേട്ടന്റെയും ഗോവിന്ദൻകുട്ടിയുടെയും പകിട കളിക്കാരൻ കോന്തുണ്ണി അമ്മാവയുടെയും കാത് മുറിച്ച മീനാക്ഷി ഏട്ടത്തിയുടെയും നാടായ കൂടല്ലൂരിനോട്, അച്ഛൻ ,അമ്മ ,ജേഷ്ഠന്മാർ, ബന്ധുക്കൾ, അയൽക്കാർ ഇവരെല്ലാം എനിക്ക് പ്രിയപ്പെട്ട കഥാപാത്രങ്ങളാണ് എന്റെ ചെറിയ അനുഭവമണ്ഡലത്തിൽപ്പെട്ട സ്ത്രീ പുരുഷന്മാരുടെ കഥകളാണ് എന്റെ സാഹിത്യത്തിൽ ഭൂരിഭാഗവും' എന്ന് എം ടി പറയുമ്പോൾ ആ നാടിനോടുള്ള ആത്മബന്ധം മനസ്സിലാക്കാവുന്നതേയുള്ളൂ.. ഈ പശ്ചാത്തലങ്ങളിൽ നിന്നുകൊണ്ടുതന്നെ എം ടി 9 നോവലുകൾ 19 കഥാസമാഹാരങ്ങൾ 54 തിരക്കഥകൾ 6 സിനിമാ സംവിധാനങ്ങൾ അതോടൊപ്പം 2 സിനിമ നിർമ്മാണങ്ങളും പൂർത്തീകരിച്ചു. മലയാള സാഹിത്യത്തിന് നൽകിയ പകരം വയ്ക്കാൻ ഇല്ലാത്ത സംഭാവനകൾക്ക് 21 സംസ്ഥാന അവാർഡുകൾ ഏഴ് ദേശീയ അവാർഡുകൾ പത്മഭൂഷൻ ജ്ഞാനപീഠം എഴുത്തച്ഛൻ അവാർഡ് ജെ.സി ഡാനിയൽ അവാർഡ് കേരള ജ്യോതി അവാർഡ് തുടങ്ങി അനവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

എംടിയുടെ സാഹിത്യവും രാഷ്ട്രീയവും പലതരത്തിൽ ചർച്ചയായപ്പോഴും നിരൂപക പ്രശംസ ഏറ്റുവാങ്ങിയപ്പോഴും വിമർശനങ്ങൾക്ക് വിധേയമായപ്പോഴും അദ്ദേഹം തന്റെ രചനകളെ നോക്കിക്കണ്ടത് ഇങ്ങനെയാണ്

**'സാഹിത്യം എന്നും എനിക്കൊരു വേദനയായിരുന്നു, ആത്മാവിന്റെ ദാഹം ആയിരുന്നു.. സാഹിത്യത്തിൽ എഴുത്തുകാരൻ പ്രശ്നമാകുന്നില്ല, എഴുത്തെ പ്രശ്നമാകുന്നുള്ളൂ, അസംതൃപ്തമായ ആത്മാവിന് വല്ലപ്പോഴും വീണു കിട്ടുന്ന ആഹ്ലാദത്തിന്റെ അസുലഭ നിമിഷങ്ങൾക്കു വേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ എഴുതുന്നു'**

**-എം ടി വാസുദേവൻ നായർ-**

അധ്യാപകൻ ,പത്രാധിപൻ, കഥാകൃത്ത് നോവലിസ്റ്റ്, തിരക്കഥാകൃത്ത്, നിർമ്മാതാവ്, തുടങ്ങി തൊട്ടതെല്ലാം പൊന്നാക്കിയ മലയാളത്തിന്റെ പ്രഗത്ഭനായ എഴുത്തുകാരൻ , ബഹുമുഖ പ്രതിഭ ,ഒരു ജന്മം കൊണ്ട് മലയാളസാഹിത്യത്തിന് നൽകാവുന്നതിൽ അധികം സംഭാവനകൾ നൽകിക്കൊണ്ട് തന്റെ സാഹിത്യ സപര്യയിൽ നിന്നും 91 - ാം വയസ്സിൽ പടിയിറങ്ങിയിരിക്കുന്നു. ഇനിയും ഖനനം ചെയ്തിട്ടില്ലാത്ത ഒരുപാട് കഥകളുടെയും കഥാപാത്രങ്ങളുടെയും ഖനിയുമായി..മലയാള സാഹിത്യാസ്വാദകരുടെ മനസ്സിൽ ആഴത്തിൽ പ്രതിഷ്ഠിക്കപ്പെട്ട 'എം ടി' എന്ന സിംഹാസനം ഇനി 'Empty'. നികത്താനാവാത്ത ശൂന്യത...... മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരാ വിട...

**അനുഭവക്കുറിപ്പ്**

# നിശബ്ദതയുടെ നിലവിളി....



രാജേഷ് കൃഷ്ണൻ



അമൽജോർജ്ജ്

**എ**ന്താണ് സംഭവിച്ചത് എന്ന് തിരിച്ചറിയാനുള്ള സാവകാശം പോലും ഇല്ലായിരുന്നു. അതിവേഗതയിൽ പാഞ്ഞടുത്ത കാറിന്റെ പ്രഹരത്താൽ റോഡിലേക്ക് തെറിച്ചു വീണ അവൻ കണ്ടത് ഒടിഞ്ഞു തൂങ്ങിയ തന്റെ കാലാണ്... ഒന്ന് അനങ്ങാൻ പോലും ആവാതെ വേദനയാൽ പുളഞ്ഞു അവൻ അലറിവിളിച്ചു ' എന്നെ ഇട്ടിട്ട് പോവല്ലേ.... ആരേലും ആശുപത്രിയിൽ കൊണ്ടുപോണേ.. ' നിലവിളി കേട്ട് ആദ്യം ഓടിയെത്തിയത് അടുത്ത വീട്ടിലെ വിജയൻ ചേട്ടൻ ആയിരുന്നു. ഓടി വന്നു അവനെ കോരി എടുത്ത വിജയൻ ചേട്ടൻ, ചോരയിൽ കുളിച്ച കാൽ തന്റെ മുണ്ടിൽ പൊതി ഞ്ഞു ഇടിച്ച വണ്ടിയിലെ പിൻ സീറ്റിൽ മടിയിൽ കിടത്തി വണ്ടി ആശുപത്രിയിലേക്ക് വിട്ടു... മുറിഞ്ഞു തൂങ്ങിയ കാലിൽ നിന്നും ചോര ഒഴുകി വിജയൻ ചേട്ടന്റെ മുണ്ട് കുതിർന്നിരുന്നു....



ഇനിയൊരിക്കലും താൻ എണീറ്റ് നടക്കില്ലേയെന്ന സന്ദേഹം ചങ്കിൽ കൊള്ളിയാനായി മിന്നി .....അസഹനീയമായ വേദന യിൽ പോക്കറ്റിൽ നിന്നും ഫോൺ എടുത്ത് തന്റെ കൂടപ്പിറപ്പിനെ വിളിച്ചു കാര്യം പറഞ്ഞു ' ചേച്ചി എന്റെ കാലു പോയി... ' നുറു ങ്ങിയ കാലിന്റെ വേദന കരച്ചിലായി പുറത്തു വന്നപ്പോഴൊക്കെ സാരമില്ല മോനെ ഉടനെ ഹോസ്പിറ്റലിൽ എത്തും എന്ന് പറഞ്ഞു വിജയൻ ചേട്ടൻ അശ്വസിപ്പിക്കുന്നുണ്ടായിരുന്നു.... ഹോസ്പി റ്റലിലേയ്ക്ക് പാഞ്ഞെത്തിയ ചേച്ചി ആ കാലുകളിലേയ്ക്ക് ഒരു മാത്രയേ നോക്കിയുള്ളൂ...തന്നെക്കാൾ പത്ത് വർഷം ഇളയവനാ യി പിറന്ന കുഞ്ഞനിയന്റെ കാൽ ഇനി തിരിച്ചു കിട്ടുമോ എന്ന ആകുലതയാൽ ആ ഉള്ളം വിങ്ങി...ആരോടും ഒന്നും പറയാതെ സ്കാനിംഗ് റിപ്പോർട്ടിനായുള്ള കാത്തിരിപ്പ് അത്രമേൽ ഭീകരമായി രുന്നു....സ്കാനിംഗ് കഴിഞ്ഞു പ്രതീക്ഷയുടെ തിരിനാളമായി അവനിനിയും നടക്കുമെന്ന ഡോക്ടറുടെ സൂചന... ആ നിമിഷം വരെ വീട്ടുകാരെ അറിയിക്കാതെ സങ്കടം ഉള്ളിൽ ഒതുക്കിയ അവൾ വീട്ടിലേക്കു ഫോൺ ചെയ്തു.. ഫോൺ എടുത്തതും പെറ്റ വയറിന്റെ ആധി ശകാര വർഷമായി ചൊരിഞ്ഞു ' എത്ര നേരമായി രണ്ടിനേം വിളിക്കുന്നു എവിടെപോയതാ ഫോണും വെച്ചിട്ട് .... ഉണ്ണിക്ക് ആക്സിഡന്റ് ആയി അമ്മേ.... മറുപുറത്തു പെട്ടെന്നു ഒരു നിശബ്ദത ആയിരുന്നു......

വേദനയും കരച്ചിലുമായി ആശുപത്രി വാസം കടന്നു പോയി.... ഇന്ന് അവനു ആക്സിഡന്റ് ആയിട്ട് ഏകദേശം രണ്ട് വർഷം ആകുന്നു.... ഒരുവിധം നടക്കാൻ ആയ കാലുകൊണ്ട് വിജയൻ ചേട്ടനെ കാണാൻ പോകുവാണ്....ജീവിതം മാറ്റി മറിച്ച പുത്തനംകവലയിലെ കടകൾ ഒക്കെയുംപുതിയതായിരുന്നു...അപ കടം പതിയിരിക്കുന്ന ആ കവല ഇന്ന് കാട് വെട്ടിത്തെളിച്ച് മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു. വഴിയിൽ കണ്ട ഒരാളോട് ചേട്ടാ ഈ വിജയൻ ചേട്ടന്റെ വീട് ഏതാണ്?.....നിങ്ങൾ ആരാണ് എന്ന് മറുചോദ്യം.... ഞാൻ ഈ കവലയിൽ രണ്ട് കൊല്ലം മുമ്പ് ആക്സിഡന്റ് ആയതാണ്... അന്ന് എടുത്തു ഹോസ്പിറ്റലിൽ കൊണ്ടുപോയത് വിജയൻ ചേട്ടനാണ്.....ചേട്ടനെ കാണാനാ യി വന്നതാണ്.....ഓ എനിക്ക് മനസ്സിലായി... അന്ന് ഓടിക്കൂടി യവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു....പക്ഷെ വിജയൻ മരിച്ചിട്ട് ഇന്നേക്ക് പതിനഞ്ചാം ദിവസം ആണ്....അറ്റാക്ക് ആയി രുന്നു....ഒരുതരം മരവിപ്പ് അവനിലൂടെ കടന്നു പോയി.... നിർവി കരമായി വിജയൻ ചേട്ടന്റെ വീട്ടിലേക്ക് കയറി ചെന്ന് ആളെ പ രിചയപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ജാനകി ചേച്ചി ഒരു പൊട്ടിക്കരച്ചിൽ ആയിരുന്നു... ആര് ആരെ അശ്വസിപ്പിക്കണം എന്ന് അറിയാതെ നിമിഷങ്ങൾ കടന്നുപോയി...അവൻ എത്തിയ വിവരം അറിഞ്ഞു അന്ന് അടുത്തുണ്ടായിരുന്ന ലീല ചേച്ചി ഓടി വന്നു... വിജയൻ ചേട്ടന്റെ മരുമകളും കൊച്ചു മോനും ആ വീട്ടിൽ ഉണ്ടായിരുന്നു.

എല്ലാവരോടും യാത്ര പറഞ്ഞു വീടിന്റെ പടി ഇറങ്ങുമ്പോൾ മനസ്സ് ആകെ ശൂന്യമായിരുന്നു.... ഉള്ളിൽ എവിടെയോ അന്നത്തെ നിലവിളി ഉയർന്നു കേൾക്കുന്നുണ്ടായിരുന്നു..

'എന്നെ ഇട്ടിട്ടു പോവല്ലേ...

ആരെങ്കിലും ആശുപത്രിയിൽ കൊണ്ടു പോണേ... '

# 35-ാം സംസ്ഥാന സമ്മേളനം

ശിക്ഷക് സദൻ, തിരുവനന്തപുരം
2024 ഒക്ടോബർ
08 09 10













































അസോസിയേഷൻ







PSCEA









PSCE





# സമാന്തരരേഖകൾ

**ലോ**കത്ത് ഏറ്റവും നിസ്സഹായരായ വിഭാഗം സമാന്തരരേഖകളാണ്. പലപ്പോഴും ഒരേ ദിശയിൽ സഞ്ചരിക്കുമ്പോഴും കൂട്ടി മുട്ടാൻ യാതൊരു നിർവ്വാഹവുമില്ലാത്തവർ. സ്വാതന്ത്ര്യാനന്തര കേരളത്തിലെ പൊതു മണ്ഡലത്തിൽ ഇത്തരത്തിലുള്ള  സമാന്തര രേഖകകളായ രണ്ട് മനുഷ്യരെ ഓർത്തെടുക്കുകയാണിവിടെ. മറവിക്ക് നേരെയുള്ള ഓർമ്മകളുടെ പ്രതിഷേധം രണ്ട് മനുഷ്യരിലൂടെ ഇവിടെ സാധിക്കുന്നു.



ഗോകുൽ
ഉണ്ണികൃഷ്ണൻ

രണ്ട് മനുഷ്യർ. ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നപ്പോഴും അത്രക്കൊന്നും ഒരുമിച്ച് കാണാത്ത, രണ്ടു വ്യത്യസ്ത ജീവിതങ്ങൾ ജീവിച്ച രണ്ട് മനുഷ്യർ. എം. ടി യും പി. ടി യും. രണ്ട് സമാന്തര രേഖകൾ. രണ്ട് സമാന്തര ജീവിതങ്ങൾ!

കാലത്തിന്റെ ഇടമുറിയാത്ത പ്രവാഹങ്ങളിൽ എവിടെയോവെച്ച് പെയ്ത സുഖമുള്ള ഒരു മഞ്ഞുകണമാണ് എം. ടി എന്ന് തോന്നാറുണ്ട്. കഥ കവിത പോലെ എഴുതാൻ സാധിക്കുന്ന ചുരുക്കം ചിലരിൽ ഒരാൾ. ലാറ്റിൻ അമേരിക്കൻ സാഹിത്യകാരനായ ഗബ്രിയേൽ ഗാർസിയെ പോലെ അക്ഷരങ്ങൾ കൂട്ടി ചേർത്ത് സുഖമുള്ള ഒരു അനുഭൂതി സൃഷ്ടിക്കാൻ കഴിയുന്ന ഒരു മനുഷ്യൻ. ഏകാകിയായ മനുഷ്യന്റെ നിശബ്ദ സഞ്ചാരങ്ങളായിരുന്നു എം. ടി യുടെ എഴുത്തുകളിൽ മിക്കവാറും. അപ്പുണ്ണിയും സേതുവും നൈനിറ്റാലിന്റെ ക്രൂരമായ തണുപ്പിനെ തോൽപ്പിച്ച് കാത്തിരിക്കുന്ന വിമലയും ഈ ഏകാന്ത സഞ്ചാരികൾ ആയിരുന്നു.

ആധുനികത മലയാള സാഹിത്യ മണ്ഡലത്തിലേക്ക് എത്തിനോക്കുന്നതിനും മുൻപ് തന്നെ ജീർണ്ണിച്ച കൂട്ടുകുടുംബ വ്യവസ്ഥതകൾക്കിടയിൽ അന്യതാബോധം വേട്ടയാടുന്ന മനുഷ്യരെ എം.ടി പകർത്തി. ജനാരവങ്ങളിലും ആൾക്കൂട്ടങ്ങളിലും ഏകനാവുന്ന നായകന്മാർ. അന്തർമുഖർ, നിശബ്ദർ, തോറ്റു പോയവർ, ജീവിതത്തിന്റെ ചവറ്റു കൊട്ടയിലേക്ക് ഓർമകളുടെ ഭാണ്ഡകെട്ട് വലിച്ചെറിയാൻ സാധിക്കാത്ത നിസ്സഹായരോടെല്ലാം എം. ടി യുടെ അക്ഷരങ്ങൾ സംവദിച്ചു. എം. ടി ഇനിയില്ല എന്ന യാഥാർഥ്യത്തിന് നേരെ ഉയരുന്ന നെടുവീർപ്പുകളെല്ലാം ഈ എകാന്തരുടെ വിലാപങ്ങളാണ്.

ഒരുതരത്തിൽ എം. ടി സാഹിത്യത്തിൽ തീവ്രമായ അന്യതാബോധം പേറി ഏകാന്തനായി സഞ്ചരിക്കുകയായിരുന്നു. ഏതാണ്ട് അതേ കാലഘട്ടത്തിൽ സാഹിത്യത്തിൽനിന്നും ഏറെ വിഭിന്നമായ മറ്റൊരു മണ്ഡലത്തിൽ നമുക്ക് ഒരു ഏകാന്ത പഥികനെ കാണാം. പി. ടി എന്ന രണ്ടക്ഷരങ്ങളിൽ അറിയപ്പെട്ടിരുന്ന പി. ടി തോമസ്. കോൺഗ്രസിന്റെ രാഷ്ട്രീയ ചരിത്രത്തിലെ തന്നെ വേറിട്ട ഒരു ഏടായിരുന്നു പി. ടി. ഇടുക്കിയിലെ ഒരു മലയോര കർഷക കുടുംബത്തിൽ ജനിച്ച് പിന്നീട് മഹാരാജാസിന്റെയും കേരളത്തിന്റെയും പ്രിയപ്പെട്ട പി. ടി ആയി മാറിയ ആ ജീവിതം ഒരു സാഹിത്യ സൃഷ്ടിയേക്കാൾ മനോഹരമായിരുന്നു.

അടിമുടി വിപ്ലവമായിരുന്നു പി. ടി. അടിയന്തരാവസ്ഥയുടെ നാളുകളിൽ ഇന്ദിരയെ വരെ ചോദ്യം ചെയ്യാൻ മുതിർന്ന ഒരു തീപ്പൊരി. നിലനിൽക്കുന്ന വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ അയാൾ ഒരിക്കലും മടിച്ചില്ല. ആൾക്കൂട്ടത്തിന്റെ നായകനായി ജീവിക്കുമ്പോഴും അന്ധമായി ഒരു ജനക്കൂട്ടത്തെ പിന്തുടരുന്നതല്ല രാഷ്ട്രീയ ബോധം എന്ന് അയാൾ അടിയുറച്ചു വിശ്വസിച്ചിരുന്നിരിക്കണം. അധികാരത്തിന്റെ മൃദുലതയേക്കാൾ ആശയത്തിന്റ കാഠിന്യത്തെ അയാൾ ഇഷ്ടപ്പെട്ടത് ആ ബോധ്യത്തിലൂന്നി തന്നെയാണ് . ഇടുക്കിയെ പോലൊരു മലയോര മേഖലയുടെ എം. പി ആയിരിക്കുമ്പോൾ തന്നെ കസ്തൂരിരംഗൻ റിപ്പോർട്ടിനും സഹ്യനിരകൾക്കും വേണ്ടി വാദിക്കുന്ന ഒരു മനുഷ്യൻ രാഷ്ട്രീയ കേരളം അന്നോളം കാണാത്ത ഒരു കാഴ്ചയായിരുന്നു. ലോക പ്രശസ്തനായ നാടക കൃത്തായ ഇബ്സെനെയാണ് പി. ടി പിന്തുടരുന്നതെന്നു കാണാം. വേറിട്ട് നിൽക്കുന്നവൻ, ഒറ്റയ്ക്ക് നിൽക്കുന്നവൻ,അവരാണ് ചരിത്രത്തിലുടനീളം വ്യവസ്ഥിതിയുടെ കോട്ട താവളങ്ങൾ തകർത്ത് വിപ്ലവം സൃഷ്ടിക്കുന്നത്. പി. ടി അത്തരമൊരു മനുഷ്യനായിരുന്നു. എല്ലാ അർത്ഥങ്ങളിലും അയാൾ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു.

സാഹിത്യവും രാഷ്ട്രീയവും പോലെ അത്രക്കൊന്നും പരസ്പര പൂരകങ്ങൾ അല്ലാത്ത രണ്ട് മണ്ഡലങ്ങളിൽ ജീവിച്ചപ്പോഴും എം. ടി യും പി. ടി യും രണ്ട് സാമാന്തര രേഖകളായി മാറുന്നില്ലെന്ന് തോന്നും.എന്ന് മാത്രമല്ല  പലപ്പോഴും പല സന്ധികളിലും ഈ രണ്ട് നേർ രേഖകൾ പരസ്പരം കൂട്ടി മുട്ടുന്നതായും കാണാം. രണ്ട് വർഷങ്ങളുടെ ഇടവേളകളിൽ രക്തം നുറുങ്ങുന്ന തണുപ്പുള്ള ഡിസംബറുകളിൽ ഇരുവരും യാത്രയാകുമ്പോൾ വിട പറയുകയാണ്. നന്ദി.! ഒരു കാലഘട്ടത്തിന്റെ അടയാളങ്ങളായി മാറിയതിന്, ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും തീവ്രമായ രീതിയിൽ സാഹിത്യവും രാഷ്ട്രീയവും പറഞ്ഞതിന്. കാലത്തിന്റെ മറ്റേതോ പാറക്കെട്ടുകൾക്കിടയിൽ വിപ്ലവത്തിന്റെ ചൂളകൾ എരിയുന്ന ഒരു കാലത്ത് വീണ്ടും കാണുന്നതുവരെ വിട....




പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ അംഗങ്ങളായ ശ്രീ ജയസേനൻ ഗാനരചനയും സംഗീതവും സംവിധാനവും, ശ്രീമതി. സുജി രാജ് ആലാപനവും ആവിഷ്കാരവും നിർവഹിച്ച അമ്മയോടൊപ്പം ഈ ക്രിസ്മസ് എന്ന വീഡിയോ ആൽബം ബഹു. പി.എസ്.സി. അംഗങ്ങളായ ഡോ. സി.കെ. ഷാജിബ്, ശ്രീ. എസ്. എ. സെയ്ഫ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു.





# ഓർമ്മക്കടൽ



ആസിഫ് മുഹമ്മദ് എ എൻ

എന്നോ മടക്കി വച്ച പുസ്തകവും
എന്നോ മുറുക്കിയടച്ച മഷിക്കുപ്പിയും
മുറിയിലെവിടെയോ മോചനത്തിനായി
കാത്തിരിപ്പത്രെ!
എഴുതുവാനൊരാശ തോന്നിയാ
ബന്ദികളെ സ്വതന്ത്രമാക്കിയ
വേളയിൽ പക്ഷേ,
അക്ഷരങ്ങൾ എവിടെയോ
പോയൊളിച്ചുവോ..?
തീരം തൊടാൻ വെമ്പുന്ന
തിരകളുമായി
ഉള്ളിൽ അപ്പോഴും ഒരു
കടലിരമ്പുന്നുണ്ടായിരുന്നു...

എങ്ങുനിന്നോ വീണ്ടെടുത്ത
അക്ഷരങ്ങളെൻ
എഴുത്തുമേശമേലണിനിരത്തി
അങ്ങിങ്ങായ് ചിതറിക്കിടന്ന
നിനവുകളെയങ്ങിനെ
അച്ചടിവാക്കുകളായടുക്കി
വയ്ക്കാനൊരുങ്ങവെ
ഒളിച്ചുവച്ചിരുന്ന ഒത്തിരി ഓർമ്മകൾ
ഔചിത്യമില്ലാതെ ഓടിവന്നു...
അൻപോടെയത്ര കാലം
അരികിലുണ്ടായിരുന്നിട്ടും
അലസമായി കൈവിട്ട
അവസരങ്ങളെയും...
കൂടെയുണ്ടാകുമെന്നു കരുതിയിട്ടും
കൂടുവിട്ടകന്ന
കൂട്ടുകാരെയും...
മുമ്പൊരുനാളിലെന്നോ
മൂർച്ചയേറിയ
വാക്കുകളോതിയൊരെന്നെ
'മൂർച്ഛിച്ചവനെ'ന്നാരോ
ചൊല്ലിയതുമോർത്തുപോയി...
ചിന്തതൻ ചിറകുള്ള തേരിൽ
ചില്ലറനേരം ചുറ്റിപ്പറന്ന ശേഷമോ
ചുവന്ന കടലാസിലെയക്ഷരങ്ങളിൽ
ചെറു നനവു പടർന്നതായ് കണ്ടു...
ചങ്കിൽനിന്നും ചിതറിയ ചോരയോ?
അല്ലല്ല...
കണ്ണിൽ നിന്നും കിനിഞ്ഞ
കണ്ണീരത്രെ!
ഉള്ളിലിരമ്പിയ ഉപ്പുകടലിൻ
തിരകളെങ്ങിനെ
തെളിനീരായ്
കൺകളിലൂടൊഴുകിയെത്തി..?



# മലയാളത്തിന്റെ ഭാവഗായകന് വിട...



അനിൽകുമാർ.വി

എൺപതുകളുടെ അവസാനത്തിലെപ്പോഴോ ആകാശവാണിയിൽ ആദ്യമായി കേട്ട, പി ന്നീട് വീണ്ടും വീണ്ടും കേട്ട് അത്രയധികം മനസിൽ ആഴത്തിൽ പതിഞ്ഞൊരു ഗാനം. മഞ്ഞലയിൽ മുങ്ങിത്തോർത്തി വന്നു ധനുമാസ ചന്ദ്രിക പോ ലെ ഒരു പത്തു വയസുകാരനെ കീഴടക്കിക്കളഞ്ഞ ആ സുന്ദര ശബ്ദം. പാടിയതാരാണെന്നോ സിനി മയിലെ പാട്ടാണെന്നോ അറിയാതെ അതിങ്ങനെ ആകാശവാണിയിൽ കൂടി ഒഴുകിയിറങ്ങുമ്പോൾ കളി എല്ലാം മാറ്റിവച്ച് അത് കേൾക്കാനായി വന്നു നിന്നിരുന്നത് ഇപ്പോഴും തെളിവുള്ള ഓർമ്മയാണ്. പിന്നീട് ഓർമ്മ ഉറച്ച കാലത്തെപ്പോഴോ മനസിന്റെ നിർമല ശയ്യയിൽ നീല നീരാളമായി മാറിയ ആ ശബ്ദത്തിന്റെ ഉടമ പി.ജയചന്ദ്രൻ ആണെന്ന് മനസിലായി. ലോകത്തിന്റെ എവിടെയുമുള്ള മലയാളികളുടെ സംസ്കാരത്തെയും സ്വത്വത്തെയും ഇത്രമേൽ ഭാവതീവ്രതയോടെ നിർവചിച്ച ആ മഹാഗായകനെ കുറിച്ചു എന്തു പറഞ്ഞാലാണ് അധികമാവുക..?? മലയാള ഗാനചരിത്രത്തിൽ അനശ്വരമായ നിരവധി അധ്യായങ്ങൾ രചിച്ച് ഇക്കഴിഞ്ഞ ജനുവരി 9നു ശ്രുതി താഴ്ത്തി പാട്ടവസാനിപ്പിച്ചു കടന്നു പോയ ആ നാദവിസ്മയത്തിന് ആദരവോടെ പ്രണാമം.

1958 ലെ സ്കൂൾ കലോത്സവത്തിൽ ഇന്നത്തെ സാക്ഷാൽ ഗാനഗന്ധർവനു മൃദംഗം വായിച്ചു സംഗീത ലോകത്തേക്ക് കടന്നുവന്ന പാലിയത്ത് ജയചന്ദ്രൻ കുട്ടൻ എന്ന പി.ജയചന്ദ്രൻ പിൽക്കാലത്ത് ശ്രോതാക്കളെ സംഗീതത്തിന്റ അതിഭാവതലങ്ങളിലേക്ക് കൊണ്ടുപോകുന്ന എത്രയോ സുന്ദര ഗാനങ്ങൾ പാടിയിരിക്കുന്നു. ഗന്ധർവസംഗീതം തൂമഴപോലെ പെയ്തു നിറഞ്ഞു നിൽക്കുന്ന കാലം. 1966 – ൽ പുറത്തിറങ്ങിയ കളിത്തോഴനിലെ മഞ്ഞലയിൽ മുങ്ങിത്തോർത്തി എന്ന ഒറ്റ ഗാനം കൊണ്ട് അദ്ദേഹം ഏവർക്കും പ്രിയപ്പെട്ടവനായി. ആ പുതുമുഖ ഗായകന്റെ ശബ്ദ നൈർമല്യവും വാക്കുകളിലെ സ്ഫുടതയും കൊച്ചുകേരളത്തിൽ ചർച്ചയായി പിന്നീട് അദ്ദേഹത്തിന്റേതായി വന്ന ഓരോ ഗാനങ്ങളിലൂടെ പി.ജയചന്ദ്രൻ മലയാളികളുടെ പ്രിയപ്പെട്ട ഭാവഗായകനായി രൂപമെടുക്കുകയായിരുന്നു.

മഹാരഥന്മാരായ എണ്ണം പറഞ്ഞ സംഗീതസംവിധായകരുടെ കൂടെ തുടക്കകാലം മുതൽ തന്നെ പ്രവർത്തിക്കാൻ കഴിഞ്ഞത് ജയചന്ദ്രനിലെ ഗായകനെ കണ്ണാടിപോലെ മിനുസപ്പെടുത്തിയെടുത്തു എന്നുവേണം കരുതാൻ. ആ കൂട്ടുകെട്ടുകളിൽ പിറന്ന അനശ്വര ഗാനങ്ങൾ തന്നെയാണ് അതിനുള്ള തെളിവുകൾ ബാബുരാജിന്റെ ഈണത്തിൽ 'മലരമ്പൻ വളർത്തുന്ന മന്ദാരവനികയിൽ

മധുമാസം വിരിയിച്ച മലരാണോ...

മഴവില്ലിൻ നാട്ടിലെ കന്യകൾ ചൂടുന്ന

മരതകമാണിക്യമണിയാണോ... (ചിത്രം : ഉദ്യോഗസ്ഥ) എന്നു ജയചന്ദ്രൻ പാടുമ്പോൾ അതേറ്റു പാടാത്ത കാമുകഹൃദയങ്ങൾ ഇല്ലായിരുന്നു. അതികായനായ ജി.ദേവരാജൻ മാസ്റ്ററെ തന്റെ പ്രാണനൊപ്പം ആണ് പ്രതിഷ്ഠിച്ചിരിക്കുന്നത് എന്നു മാധ്യമപ്രവർത്തകൻ ജോൺ ബ്രിട്ടാസിന്റെ അഭിമുഖത്തിൽ അദ്ദേഹം ഓർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മഞ്ഞലയിൽ മുങ്ങിത്തോർത്തി എന്ന പാട്ട് റെക്കോർഡ് ചെയ്യുന്ന സമയത്തു സ്വതവേ കടുംപിടിത്തക്കാരനായ ദേവരാജൻ മാസ്റ്റർ തന്നെ കാര്യമായി ഗൗനിച്ചില്ല എന്നൊരു പരാതി ജയചന്ദ്രൻ പറഞ്ഞിരുന്നു എങ്കിലും പിന്നീട് അവർക്കിടയിൽ രൂപപ്പെട്ട അനന്തമായ ആ ആത്മബന്ധത്തിന്റെ അസാധ്യമായ മേളനം ആ കൂട്ടുകെട്ടിൽ പിറന്ന പാട്ടുകളിൽ കാണാൻ കഴിയും. 'പൂവും പ്രസാദവും '(തോക്കുകൾ കഥ പറയുന്നു), 'നുണക്കുഴിക്കവിളിൽ' (താര), 'സീതാദേവി സ്വയംവരം ചെയ്തൊരു' (വാഴ്‌വേമായം), 'ഇഷ്ടപ്രാണേശ്വരീ' (ചുക്ക്), 'മലയാള ഭാഷതൻ' (പ്രേതങ്ങളുടെ താഴ്‌വര) തുടങ്ങി ആ കണ്ഠത്തിൽ നിന്നും ഉതിർന്നു വീണ ഗാനങ്ങൾ ഒരിക്കലെങ്കിലും മൂളാത്ത മലയാളികൾ ഉണ്ടോ എന്ന് സംശയമാണ്. 'മധുചന്ദ്രികയുടെ ഛായത്തളികയിൽ മഴവിൽ പൂമ്പൊടി ചാലിച്ചു.... മനസ്വിനീ നിൻ മായാരൂപം മനസ്സിൽ ഞാൻ വരച്ചു.. (ചിത്രം: അനാച്ഛാദനം).. മോഹനരാഗത്തിലെ ഈ ഗാനത്തോടൊപ്പം ശ്രോതാക്കളും ഈ ഭാവഗായകന്റെ ചിത്രം അവരുടെ മനസിലും വരച്ചു വച്ചു.

'ഇനിയും പുഴയൊഴുകും', 'രാജീവലോചനേ', 'മുല്ലമലർ തേൻകിണ്ണം' (എം.എസ് ബാബുരാജ്), 'അശ്വതി നക്ഷത്രമേ', 'സന്ധ്യക്കെന്തിനു സിന്ദൂരം', 'ചന്ദനത്തിൽ കടഞ്ഞെടുത്തൊരു', 'കാവ്യപുസ്തകമല്ലോ ജീവിതം'– (വി.ദക്ഷിണാമൂർത്തി), 'മുത്തുകിലുങ്ങീ മണി മുത്തുകിലുങ്ങീ', 'ശിൽപികൾ നമ്മൾ', 'മലരമ്പനറിഞ്ഞില്ല' (എം.കെ അർജ്ജുനൻ), 'തിരുവാഭരണം ചാർത്തി വിടർന്നു', 'സ്വർണ ഗോപുര നർത്തകീ ശിൽപം', 'അഷ്ടപതിയിലെ നായികേ' (എം.എസ് വിശ്വനാഥൻ) തുടങ്ങിയ എത്രയോ ഗാനങ്ങൾ അനുസ്യൂതം നമുക്കായി ആ പ്രതിഭ നല്കിക്കൊണ്ടിരുന്നു. ബി.എ ചിദംബരനാഥ് മുതൽ രവീന്ദ്രൻ ('പാലാഴിപ്പൂമങ്കേ

ആലിലത്താലിയുമായി വരൂ നീ, ആരും ആരും ), ഇളയരാജ (വാർമേഘ വർണ്ണന്റെ മാറിൽ, മൗനം പോലും മധുരം, രാസാത്തി ഉന്ന), ജോൺസൺ മാസ്റ്റർ (മോഹം കൊണ്ടുഞാൻ, വട്ടയില പന്തലിട്ട്, കണ്ണെത്താമല മാമല മേലെ), വിദ്യാസാഗർ (മറന്നിട്ടുമെന്തിനോ, പൂവേ പൂവേ പാലപ്പൂവേ, ആരാരും കാണാതെ ആരോമൽ തൈമുല്ല), സുരേഷ് പീറ്റേഴ്സ് (അറിയാതെ അറി യാതെ, തേരിറങ്ങുംമുകിലേ) , എം.ജയചന്ദ്രൻ (ശാരദാംബരം, പാട്ടിൽ ഈ പാട്ടിൽ) വഴി പുതുതലമുറിയിലെ ഗോപീ സുന്ദർ (ഓലഞ്ഞാലി കുരുവീ), ആനന്ദ് മധുസൂദനൻ (പൊടിമീശ മുളയ്ക്കണ കാലം) വരെയുള്ള സംഗീത സംവിധായകർ ഒരുക്കിയ ഒട്ടേറെ മനോഹര ഗാനങ്ങൾ അദ്ദേഹം പാടി അനശ്വരമാക്കിയിട്ടുണ്ട്.

പി. ജയചന്ദ്രന്റെ ഗാനങ്ങളിൽ ഒരിക്കലും ഒരു അമാനുഷികതയോ അതീന്ദ്രിയതയോ ആരോപിക്കപ്പെട്ടിട്ടില്ല. ശുദ്ധ സംഗീതത്തിന്റെ ചട്ടക്കൂടുകളിൽ കെട്ടുപിണഞ്ഞു കിടക്കുന്നതല്ല അദ്ദേഹത്തിന്റെ ഗാനങ്ങൾ. സങ്കീർണമായ രാഗവിസ്താരങ്ങളോ നിഗൂഢമായ മേളതലങ്ങളോ അതിലില്ല. അതുകൊണ്ടുതന്നെ സാധാരണക്കാരനായ കലാസ്വാദകന്റെ പ്രതീകം ആയിരുന്നു അദ്ദേഹം. അതുല്യ ഗായകൻ ശ്രീ.യേശുദാസിന്റെ ആരാധകൻ ആയിരിക്കുമ്പോഴും ആ നാദബ്രഹ്മലോകത്തിൽ തനിക്ക് പ്രത്യേക സ്ഥാനം ഒന്നും വേണ്ട എന്നു പലവട്ടം അദ്ദേഹം അടിവരയിട്ടിട്ടുമുണ്ട്. അടിസ്ഥാന മനുഷ്യ വികാരങ്ങളായ പ്രേമം, ഭക്തി, വിരഹം ആദിയായ ഭാവങ്ങളാണ് അദ്ദേഹത്തിന്റെ ഭൂരിഭാഗം പാട്ടുകളിലും. സാധാരണ മനുഷ്യഹൃദയത്തിന്റെ ഉള്ളറയിൽ ഒന്നു കൊത്തിവലിച്ചു പോകുന്നതാണ് പാട്ടിനിടയിൽ അദ്ദേഹം കൊടുത്തുപോകുന്ന ചില ശബ്ദനിയന്ത്രണങ്ങൾ. സംശയമുണ്ടെങ്കിൽ നിങ്ങൾ 'ഹർഷബാഷ്പം തൂകി' ഒന്നു കേട്ടു നോക്കൂ. 'ഇന്ദുമുഖീ ഇന്നു രാവിൽ എന്തു ചെയ്‌വൂ നീ 'എന്ന ഭാഗത്ത് ഇന്ദുമുഖീ എന്ന ശബ്ദത്തിനു അദ്ദേഹം കൊടുത്ത ആ നനുനനുപ്പ് കാരണം നിങ്ങളുടെ ഉള്ളിലെവിടെയോ ചെറിയൊരു സുഖമുള്ള വേദന ലഭിക്കുന്നുണ്ടോ? ഉണ്ടാവണം.

'വസന്തവും ശിശിരവും

കുളിക്കാനിറങ്ങുന്ന വനസരോവരമേ...

നിന്റെ നീലവാർമുടി ചുരുളിന്റെ അറ്റത്തു

ഞാനെന്റെ പൂ കൂടി ചൂടിച്ചോട്ടെ.. ' വസന്തത്തിന്റെ തെളിഞ്ഞ സ്വർണവിതാനവും ഹൈറേഞ്ചിലെ മഞ്ഞുകാലത്തിലെ ആ കുളിരും പോലെ എന്തോ ഒന്ന് നിങ്ങളെ തഴുകുന്നില്ലേ?

'മല്ലികപ്പൂവിൻ മധുരഗന്ധം

മന്ദസ്മിതം പോലുമൊരു വസന്തം

മാലാഖകളുടെ മാലാഖ നീ

മമ ഭാവനയുടെ ചാരുത നീ..'

മമ എന്ന വാക്കിനു അദ്ദേഹം നൽകിയ ആ പതിഞ്ഞ തലോടലിന്റെ ശ്രവണസുഖം നിങ്ങളിലെ കാമുകഹൃദയത്തിന്റെ അതിരിനെ ഒന്നുകൂടി നേർപ്പിക്കുന്നില്ലേ? വിരഹത്തോളം വേദന നൽകുന്ന വികാരത്തെ അതിനേക്കാൾ വേദന നൽകി മുറിപ്പെടുത്തുന്നതല്ലേ കരിമുകിൽ കാട്ടിലെ രജനിതൻ വീട്ടിലെ എന്ന ഗാനവും?

അങ്ങേയറ്റം സാധാരണക്കാരനായ,നാട്യങ്ങൾ ഏതുമില്ലാത്ത ഗായകനായിരുന്നു പി. ജയചന്ദ്രൻ. മനസിൽ ഒന്നു വച്ചു മറ്റൊന്ന് പറയുന്ന ഒരു ജയചന്ദ്രനെ കണ്ടതായി അദ്ദേഹത്തിന്റെ സൗഹൃദ വലയത്തിൽ ഉൾപ്പെട്ടിട്ടുള്ള ഒരാ ളും ഇന്നേവരെ പറഞ്ഞിട്ടുപോലുമില്ല. ഒഴിവു സമയങ്ങളിൽ പി.സുശീലയെയും മുഹമ്മദ് റാഫിയെയും ഒക്കെ കേൾക്കുന്ന, തന്റെ പാട്ടുകളെക്കാൾ മറ്റുള്ളവരുടെ പാട്ടുകൾ പാടി ആസ്വദിക്കുന്ന ഒരു ശുദ്ധനായ കലാകാരൻ. വലിയ ചിട്ടകളോ രീതികളോ ഒന്നും പിന്തുടരാൻ തനിക്കായിട്ടില്ല എന്നും പൊതുവെ താനൊരു അലസനാണെന്നും ഒക്കെ തമാശ രൂപത്തിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. തൈര് ഇല്ലെങ്കിൽ തനിക്ക് ഊണ് കഴിക്കാൻ പറ്റില്ല എന്ന് പറയുന്ന, ഉറക്കം മുടക്കാൻ വയ്യാത്തതിനാൽ എ. ആർ റഹ്മാൻന്റെ റെക്കോഡിങ് ഒഴിവാക്കിവിട്ട, വെറും പച്ചയായ, അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയുന്ന ഒരു ഇരിങ്ങാലക്കുടക്കാരൻ. സിനിമയിൽ നായകനായി അഭിനയിച്ചു എന്നൊരു അമളി തനിക്ക് പറ്റിയിട്ടുണ്ടെന്നും ആ പടം എട്ടു നിലയിൽ പൊട്ടി എന്നും സിനിമ കണ്ടിട്ടു തനിക്ക് വേറെ പണി ഒന്നുമില്ലേടോ എന്നു സംഗീത സംവിധായകൻ എ. ടി ഉമ്മർ കളിയാക്കി വിട്ടിട്ടുണ്ട് എന്നുമൊക്കെ ഇദ്ദേഹം പറയുന്നത് കേൾക്കുമ്പോളാണ് പാട്ടു പോലെ തന്നെ സരസമാണ് അദ്ദേഹത്തിന്റെ നർമ്മബോധവും എന്നു നമുക്ക് മനസിലാകുക.

ആറു പതിറ്റാണ്ടോളം റേഡിയോയിലും ടീവിയിലും മൊബൈലിലും സാമൂഹിക മാധ്യമങ്ങളിലുമായി നിറഞ്ഞുനിന്ന കാൽപ്പനികശബ്ദത്തിന്റെ ഉടമ. മലയാളി ഉള്ളിടത്തോളം കാലം ഓർത്തു പാടാൻ ഒരുപിടി മനോഹര ഗാനങ്ങൾ ബാക്കി വച്ചിട്ടാണ് പി.ജയചന്ദ്രൻ തന്റെ ഇരിപ്പിടം ഒഴിച്ചിട്ടു കടന്നു പോകുന്നത്. ആ ഇരിപ്പിടത്തിന്റെ അടുത്ത അവകാശി ആരാണ് എന്ന ചോദ്യം മലയാളിയുടെ വിദൂരസ്വപ്നത്തിൽ പോലും ഉണ്ടാകാൻ ഇടയില്ല. അതാരായാലും പി.ജയചന്ദ്രന് പകരമാവില്ല എന്ന തിരിച്ചറിവ് ആണ് അദ്ദേഹത്തിന് മലയാളികൾനൽകുന്ന ആദരവ്. ലോകമുള്ള കാലം വരേയ്ക്കും, അവസാന മലയാളിയും പോയിക്കഴിയുന്നത് വരെയും ആ ഗായകൻ തന്റെ ശ്രുതി സുന്ദരമായ ഇളം ശബ്ദത്തിൽപാടിക്കൊണ്ടേയിരിക്കും.

'ഏകാകിയാം നിന്റെ സ്വപ്നങ്ങൾക്കൊക്കെയും

ഏഴു സ്വരങ്ങൾ ചിറകുനൽകീ..

സ്നേഹക്ഷതങ്ങളാൽ നോവും മനസിൽ

ചേക്കേറുവാൻ പാറിപ്പറന്നുപോയി

പാടി പാടി പറന്നുപോയീ...'

(ഒ.എൻ.വി കുറുപ്പ്- രവീന്ദ്രൻ-പി.ജയചന്ദ്രൻ : ചിത്രം എന്റെ ഹൃദയത്തിന്റെ ഉടമ)



# പാരീസിലെ കാറ്റും കൊളോണിലെ ഭ്രാന്തനും ടൈബറിന്റെ ചിരിയും



അനിൽവാട്സ്

എന്റെ കൗമാര കാലത്തു ക്രിക്കറ്റി നോട് തുടങ്ങിയ പ്രണയം കൊണ്ടാകാം, എവിടെ പോകാനാണ് ആഗ്രഹമെന്ന് ആ സമയത്തു ആരു ചോദിച്ചാലും ഓസ്ട്രേലിയ എന്ന് ഞാൻ പറയുമായിരുന്നു.എന്നാൽ കാലം 80 കളിൽ നിന്ന് 90 കളിലേക്കു യാത്ര ചെയ്തപ്പോൾ എന്റെ ' ഡെസ്റ്റിനേഷൻ ' ദക്ഷിണാർദ്ധഗോളത്തിൽ നിന്നും പടിഞ്ഞാറോട്ട് സഞ്ചരിക്കുകയും യൂറോപ്യൻ രാജ്യങ്ങളിൽ വന്നു തട്ടി നിൽക്കുകയും ചെയ്തു.അങ്ങനെ കലാലയ ജീവിതത്തിനു ശേഷം ഒരു' ഇറ്റാലിയൻ ജോബ് ' വഴി യൂറോപ്പിൽ കാല് കുത്താനുള്ള സരണികൾ തേടിയെങ്കിലും അതൊന്നും സഫലീഭവിച്ചില്ല.അങ്ങനെ ' പുറത്തേക്കുള്ള വഴിയിൽ 'നിന്നും മാറി നീങ്ങേണ്ടിവരികയും പല രൂപത്തിലും ഭാവത്തിലുമുള്ള ചാലുകൾ നീന്തിക്കടന്നു ഒരു ' Glorified Clerk ' ആയി ഞാൻ രൂപാന്തരപ്പെടുകയും ചെയ്തു.എങ്കിലും യൂറോപ്പ് എന്നെങ്കിലും വിളി കേൾക്കുമെന്ന് ആശിച്ചുകൊണ്ട് പാശ്ചാത്യ സ്വപ്നങ്ങളെ ഞാൻ ഊട്ടി വളർത്തിക്കൊണ്ടിരുന്നു.അങ്ങനെയിരിക്കെ , കൃത്യമായി പറഞ്ഞാൽ ഒന്നരവർഷം മുമ്പ്, കൊല്ലം ജില്ലാ ഓഫീസിൽ ജോലി ചെയ്യുന്ന സമയത്താണ് ജോൺ കുര്യൻ സാർ, രാധാകൃഷ്ണപിള്ള സാർ എന്നിവരിലൂടെ 'വിശുദ്ധ മോണിക്ക ' (Santa Monica എന്ന ട്രാവൽസ് കമ്പനി) വഴി യൂറോപ്പ് എന്റെ മുന്നിലേക്ക് പച്ച വെളിച്ചം തെളിച്ചത്.അങ്ങനെ എന്റെ ഭൂതകാലത്തോട് ഒരു അത്ഭുത പ്രതികാരം നടത്തിക്കൊണ്ട് യൂറോപ്യൻ സ്വപ്നങ്ങൾ സഫലമാക്കാൻ ഞാൻ തയ്യാറെടുത്തു.

അങ്ങനെ നവോത്ഥാനത്തിന്റെ നാട്ടിലേക്ക് ഞാൻ നടത്തിയ യാത്രയുടെ ഓർമ്മകൾ ഇവിടെ ഇതൾ വിരിയുകയാണ്.യൂറോപ്പിനേയും അതിന്റെ ജീവിതത്തെയും രാഷ്ട്രീയത്തെയും പ്രകൃതി ഭംഗിയേയുമൊക്കെ നിങ്ങളിൽ പലർക്കും നന്നായറിയാമെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെ എന്റെ അനുഭവക്കാഴ്ചകൾ ഞാനിതാ നിങ്ങൾക്ക്

മുമ്പിൽ തുറന്നു വയ്ക്കുന്നു.ഒരു ' ഓട്ടപ്ര ദക്ഷിണം ' നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാരീസിനെയും റോമിനെയും ജർമ്മനിയെ യുമൊക്കെ വിവരിക്കുന്നത് അല്പം കടന്ന കൈ ആണെന്നറിയാമെങ്കിലും ഈ പ്രദേശങ്ങളെ അകലങ്ങളിൽ നിന്ന് നോക്കിയപ്പോൾ തോന്നിയ ഭംഗി അടുത്തു നിന്ന് കണ്ടപ്പോൾ അനുഭവിച്ചറിയാൻ കഴിഞ്ഞതിൽ നിന്നുണ്ടായ ആവേശവും സന്തോഷവും കൊണ്ടാണ് എഴുതുന്നതെന്നു കരുതിയാൽ മതി.

34 പേർ ഉൾപ്പെട്ട യാത്രാസംഘത്തിൽ ഞാൻ ഉൾപ്പെടെ 10 പേരാണ് PSC യിൽ നിന്നും യൂറോപ്പ് കാണാനായി തിരിച്ചത്. ഇതര യാത്രികരിൽ ഭൂരിഭാഗവും മാവേലിക്കര സ്വദേശികളായിരുന്നു.പത്ത് ദിവസം നീണ്ട ഈ വിദേശ പര്യടനത്തിൽ മധ്യ യൂറോപ്പിന്റെ ഭാഗമായ യഥാക്രമം ഫ്രാൻസ് , ബെൽജിയം , നെതർലൻഡ്സ്, ജർമ്മനി, സ്വിറ്റ്സർലണ്ട്, ലെച്ചെയ്ൻ സ്റ്റയിൻ, ഓസ്ട്രിയ, ഇറ്റലി എന്നീ 8 രാജ്യങ്ങളാണ് ഞങ്ങൾ സന്ദർശിച്ചത്.മുമ്പ് കേട്ടറിവ് മാത്രം ഉണ്ടായിരുന്ന ഈ രാജ്യങ്ങളിൽ ഏറ്റവും മനോഹരമായതേതെന്ന് ചോദിച്ചാൽ രണ്ടു മൂന്നു വട്ടം ചിന്തിക്കേണ്ടി വരും.കാരണം ഓരോ പ്രദേശവും അത്രക്ക് വർണാഭവും മനോ ഹരവുമായിരുന്നു.എങ്കിലും മനം മയക്കുന്ന പ്രകൃതി ഭംഗി കൊണ്ട് സ്വിറ്റ്സർലണ്ട് അല്പം വേറിട്ടു നിൽക്കുന്നുവെന്നു പറയാം.

**2023 ആഗസ്റ്റ് 24 – യാത്രയുടെ ആരംഭം**

നമ്മുടെ 77- മത് സ്വാതന്ത്ര്യ ദിന വാർഷി ക ആഘോഷങ്ങൾ കഴിഞ്ഞ് കൃത്യം പത്താം ദിവസം രാത്രി കൊച്ചിയിലേക്ക് ബസ് വഴിയായിരുന്നു ഞങ്ങളുടെ യാത്രയുടെ തുടക്കം. വളരെ വിദൂരമായ സ്ഥലങ്ങളിലേക്ക് പോകുന്നത് കൊണ്ടാകാം, കുടുംബാംഗങ്ങളോട് യാത്ര പ റഞ്ഞു കൈ വീശി വീട്ടിൽ നിന്നുമിറങ്ങുമ്പോൾ കണ്ണുകൾ നിറഞ്ഞിരുന്നു.അടുത്ത ദിവസം രാവി ലെ കൊച്ചിയിൽ നിന്നും ടൂർ കോർഡിനേറ്റർ ഗൗതം ഗോപാലിനൊപ്പം ഞങ്ങൾ ആകാശയാത്ര ആരംഭിക്കുകയും വിമാനം കൃത്യസമയം പാലിക്കുകയും 3 മണിക്കൂർ കൊണ്ടു ഞങ്ങളെ ഡൽഹിയിലെത്തിക്കുകയും ചെയ്തു.എന്നാൽ ഇപ്പോൾ ടാറ്റയുടെ സ്വന്തമായുള്ള എയർ ഇന്ത്യയുടെ ബോയിംഗ് 787-8 വിമാനത്തിൽ 25 ന് ഉച്ച തിരിഞ്ഞു നിശ്ചയിച്ചതിലും രണ്ടു മണിക്കൂർ വൈകിയാണ് ഡൽഹിയിൽ നിന്നും പാരീസിലേക്കുള്ള വിമാനം യാത്ര തുടങ്ങിയത്.വിമാനത്തിലെ എയർഹോസ്റ്റസു മാർ യാത്രികരുടെ കാര്യങ്ങളൊക്കെ ഭംഗി



യായി ശ്രദ്ധിക്കുന്നുണ്ടായിരുന്നു.വിമാ നത്തിലെ ഉച്ചഭക്ഷണവും രാത്രി ഭക്ഷണവും വളരെ രുചികരമായിരുന്നുവെങ്കിലും കുറച്ചുദിവസത്തേക്ക് ' ഹോംലി മീൽസ് ' നഷ്ട പ്പെടുമല്ലോ എന്നോർത്തപ്പോൾ അല്പം വിഷമം തോന്നി.

അറബിക്കടലിനും കരിങ്കടലിനും, ബാഗ്ദാദിനും, ബുക്കാറസ്റ്റിനും, ബാസലി നും ഒക്കെ മുകളിലൂടെ മണിക്കൂറിൽ ശരാശരി 825 കിലോമീറ്റർ വേഗതയിൽ മൈനസ് 46 ഡിഗ്രി വരെയുള്ള താപനിലയിൽ ഏകദേശം 9 മണിക്കൂർ സഞ്ചരിച്ചു ഇന്ത്യൻ സമയം രാത്രി 9.30 മണിയോടു കൂടി ഞങ്ങൾ പാരീസിൽ എത്തിച്ചേർന്നു.അപ്പോൾ ഫ്രഞ്ച് സമയം രാത്രി 1 മണി കഴിഞ്ഞിരുന്നു.

'പാരീസ് ഡയറി ' ഇവിടെ തുടങ്ങുന്നു. ആദ്യത്തെ ഫ്രഞ്ച് പ്രസിഡണ്ടായ ചാൾസ് ഡിഗാൾ-ന്റെ പേരിലുള്ള പാരീസ് വിമാനത്താവളത്തിനടുത്ത് ഞങ്ങളെ കാത്തു യാത്ര ചെയ്യുന്നതിനുള്ള ബസ് കിടപ്പുണ്ടായിരുന്നു.എത്തിച്ചേരാൻ വൈകി യതിനാലും ആദ്യത്തെ വിമാനയാത്രയായതിനാ ലും പാരീസിൽ എത്തിച്ചേർന്നപ്പോൾ നല്ല ക്ഷീണം തോന്നിയെങ്കിലും 'കാണാൻ പോകുന്ന പൂരം' ഓർത്തപ്പോൾ ക്ഷീണം പറന്നകന്നു. ഫ്രാൻസ് വെള്ളക്കാരുടെ നാടാണെങ്കിലും പാരീസ് വിമാനത്താവളത്തിലെ ജീവനക്കാരിൽ കൂടുതലും ആഫ്രിക്കൻ വംശജരായിരുന്നു.

ജർമൻ വാഹന നിർമ്മാണ കമ്പ നിയായ SETRA യുടേതായിരുന്നു ഞങ്ങൾക്ക് യാത്ര ചെയ്യാനുള്ള ബസ്. Tupalski എന്ന പോ ളിഷ് ഗതാഗത കമ്പനിയായിരുന്നു യൂറോപ്പ് ' പിടച്ചടക്കാനുള്ള ' ഞങ്ങളുടെ ഉദ്യമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തത്.പോളിഷ് വംശജൻ തന്നെയായ ആദം എന്നയാളായിരുന്നു ഞങ്ങളുടെ ഡ്രൈവർ. പോളണ്ടിനെപ്പറ്റി ഞങ്ങൾ ഒരു അക്ഷരവും മിണ്ടിയില്ലെങ്കിലും ഒരു പക്ഷേ നമ്മുടെ ഭരണാധികാരികളെക്കുറിച്ച് ഓർത്താകാം, അയാൾക്ക് ഞങ്ങളോട് പൊതുവേ

ഒരു സഹതാപഭാവമായിരുന്നു.

മാക്യവെല്ലി പറഞ്ഞതുപോലെ "It is better to be feared than to be loved"എന്ന ആശയത്തിലാണ് നമ്മുടെ പല ഭരണാധികാരികളും വിശ്വസിക്കുന്നതെന്നാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്.ഭയത്തിൽ നിന്ന് ഉടലെടുക്കുന്ന ബഹുമാനം നിന്ദ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

യൂറോപ്പിൽ എത്തിയതിനുശേഷമുള്ള ഞങ്ങളുടെ ആദ്യ യാത്ര അത്താഴം കഴിക്കുന്നതിനു വേണ്ടിയായിരുന്നു.' ആദ്യ അത്താഴം ' ആസ്വദിച്ച ശേഷം പാരീസിന്റെ രാത്രി സൗന്ദര്യത്തിലൂടെ മോക്സീ പാരീസ്' എന്ന വമ്പൻ ഹോട്ടലിൽ ഞങ്ങൾ എത്തിച്ചേർന്നു.ആ ഹോട്ടലിൽ നിന്ന് നോക്കിയാൽ പാരീസ് നഗരം വിശാലമായി കാണാമായിരുന്നു.ഉറങ്ങാനുള്ള സമയം കഴിഞ്ഞിരുന്നുവെങ്കിലും Biological Clock 'സ്വിച്ച് ഓൺ ' ആയിരുന്നതിനാൽ നിലാവില്ലാത്ത ആ രാത്രിയെ അല്പനേരം കൂടി കണ്ണിമവെട്ടാതെ ഞാൻ നോക്കി നിന്നു, അപ്പോഴേക്കും പാരീസിലെ ഞങ്ങളുടെ'പ്രഥമ രാത്രി' അതിന്റെ മൂന്നാം യാമത്തിന്റെ അവസാനത്തിലേക്ക് പ്രവേശിച്ചിരുന്നു.

രാവിലെ 7 നു തന്നെ ഹോട്ടലിൽ പ്രഭാത ഭക്ഷണം (ബുഫെ) നൽകിത്തുടങ്ങി. യൂറോപ്യൻ പ്രഭാത ഭക്ഷണത്തിൽ സലാമി, ഹാം, സോസേജ് തുടങ്ങിയ പന്നിയിറച്ചി വിഭവങ്ങൾ ആണ് പ്രധാന മെനു.കൂടാതെ ബ്രഡ്ഡും, നല്ല മൊരിച്ച ചുരുൾ രൂപത്തിലുള്ള ബണ്ണും, മുട്ടയും , കോൺഫ്ളേക്ക്സും, കോഫിയും,ഉണക്കപ്പഴങ്ങളും, ജ്യൂസുമൊക്കെ യഥേഷ്ടം തട്ടാം.ഞങ്ങൾ ആഹാരം കഴിക്കുന്നത് കണ്ടു പ്രകൃതി പോലും പുളകിതയായെന്ന് തോന്നി.കാരണം അത്രയ്ക്ക് ചേതോഹരമായിരുന്നു ആ പുലർകാലം.

പ്രതീക്ഷിച്ചിരുന്നതുപോലെ ഞങ്ങളുടെ ആദ്യത്തെ യൂറോപ്പ്യൻ പ്രഭാതം തണുത്തുറഞ്ഞതായിരുന്നു.യാത്ര ആരംഭിക്കുന്നതിനുള്ള ' ഓർഡർ ' ലഭിച്ചതോടെ പ്രകാശ ത്തിന്റെ നഗരം (City of Lights) എന്നറിയപ്പെടുന്ന പാരീസിന്റെ അത്ഭുത കാഴ്ചകൾ ആസ്വദിക്കുന്നതിനായി എല്ലാവരും ബസ്സിലേക്ക് കയറി.ബസ്സിലേക്ക് കയറുന്ന വേളയിൽ ഒരു നനുത്ത കാറ്റ് ഞങ്ങളെ തഴുകി കടന്നു പോയി.ഒരു പക്ഷേ അപരിചിതരായ പുതിയ സന്ദർശകരെ അതിഥിസൽക്കാരതൽപരയായ യൂറോപ്പ് സ്വാഗതം ചെയ്തതാകാം.

പാരീസിലെ നഗരകേന്ദ്രവും ലോകത്തിലെ ഏറ്റവും മനോഹരമായ അവന്യൂ എന്നും അറിയപ്പെടുന്ന ഷാം ഏലീസിൽ (Champs- Elysees ) ആണ് ആദ്യമെത്തിയത്.ലോകപ്രശസ്ത സൈക്കിൾ ഓട്ടമത്സരമായ ടൂർ ദേ ഫ്രാൻസ് അവസാനിക്കുന്നത് ഇവിടെവച്ചാണ്.അതിവിശാലമായ റോഡുകളും മേപ്പിൾ മരങ്ങൾ നിറഞ്ഞ പാതയോരങ്ങളും നിറപ്പകിട്ടാർന്ന റസ്റ്റോറന്റുകളും ചേർന്ന് വളരെ ആകർഷകമായ ഒരു നഗര കേന്ദ്രമായിരുന്നു അത്.പാരീസിന്റെ വശ്യത നുകർന്നുകൊണ്ട് ഞങ്ങൾ ആ നഗരവീഥിയിൽ നിൽക്കുമ്പോൾ വോക്സ് വാഗൺ, റെനോ കാറുകൾ ആ നിരത്തിലൂടെ അലറിപ്പാഞ്ഞുകൊണ്ടിരുന്നു.

ഓസ്റ്റലിസ് യുദ്ധത്തിൽ (Battle of Austrelitz) ഫ്രാൻസിനുവേണ്ടി പോരാടി മരണം വരിച്ചവരെ ആദരിക്കുന്ന ആർക്ക് ഡി ട്രയംഫ് എന്ന യുദ്ധസ്മാരകമാണ് ആദ്യം സന്ദർശിച്ചത്. തുടർന്ന് ബസ്സിൽ പാരീസ് നഗരത്തിലൂടെ ചുറ്റിക്കറങ്ങുകയും ഫ്രഞ്ച് പാർലമെന്റ് മന്ദിരം ,ജോൺ ഓഫ് ആർക്കിന്റെ പ്രതിമ, കോൺകോഡ് ചത്വരം, നെപ്പോളിയന്റെ ശവകുടീരം വഹിക്കുന്ന ഇൻവാലിദ് കുംഭകം, വിശുദ്ധ മേരി മഗ്ദലീനായുടെ പേരിലുള്ള ദേവാലയം, അലക്സാണ്ടർ മൂന്നാമൻ പാലം, റൂസ്സോ, വിക്ടർ ഹ്യൂഗോ, എമിൽ സോളാ, വോൾട്ടയർ, ലൂയി ബ്രെയിൽ എന്നിവരുടെയൊക്കെ ശവകുടീരങ്ങൾ അടങ്ങിയ പാംതിയോൺ (Pantheon) എന്നിവയും കണ്ടു.ഭീമാകാരമായ ഒരു ഈജിപ്ഷ്യൻ സ്തംഭമാണ് കോൺകോർഡ് ചത്വരത്തിലെ പ്രധാന ആകർഷണം.അലക്സാണ്ടർ മൂന്നാമൻ പാലത്തിനടുത്ത് നിൽക്കുമ്പോൾ സ്ത്രീകളും പുരുഷന്മാരും ഉച്ച സമയത്തും ആ റോഡിലൂടെ തലങ്ങും വിലങ്ങും സൈക്കിളിലൂടെ സഞ്ചരിക്കുന്നത് കാണാമായിരുന്നു. ചക്രങ്ങളിൽ പെഡലുകൾ വെച്ചുള്ള സൈക്കിൾ ആദ്യമായി ഉണ്ടാക്കിയെടുത്തത് സ്കോട്ട്ലണ്ടുകാരനായ കിർക്ക് പാട്രിക് മക്മില്ലൻ ആണെങ്കിലും ഇന്ന് കാണുന്ന രീതിയിലുള്ള സൈക്കിളുകൾ ആദ്യമായി നിർമ്മിച്ചത് ഫ്രഞ്ചുകാരായിരുന്നു.

തുടർന്ന് ഉച്ചഭക്ഷണം കഴിക്കുന്നതിനായി റിവോളി തെരുവിലെ Self Service Touileries എന്ന ഫ്രഞ്ച് ഭക്ഷണശാലയിൽ എത്തി.അതൊരു സെൽഫ് സർവീസ് റസ്റ്റോറൻറ് ആണെങ്കിലും ഞങ്ങൾക്ക് ആഹാരം വിളമ്പിയാണ് തന്നത്. ലോകത്തേറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രമായ ഐഫൽ ടവർ ലക്ഷ്യമാക്കി ഭക്ഷണശേഷം ഞങ്ങൾ നീങ്ങി.നട്ടുച്ച സമയത്ത് ഞങ്ങൾ ഐഫൽ ടവറിനു സമീപമെത്തിയപ്പോൾ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ഫ്രഞ്ച് യുവജനതയുടെ സംഗീതമയമായ ഒരു പ്രതിഷേധ പ്രകടനം നടക്കുന്നുണ്ടായിരുന്നു.

ഗുസ്താവ് ഐഫൽ എന്ന ഫ്രഞ്ച് സിവിൽ

എൻജിനീയർ രൂപകൽപ്പന ചെയ്ത ഐഫൽ ഗോപുരത്തിന് മൂന്ന് നിലകളിലായി 320 മീറ്റർ ഉയരമാണുള്ളത്.ഗോപുരത്തിന്റെ ഏറ്റവും മുക ളിലെ നിലയിൽ ലിഫ്റ്റ് വഴി എത്താമെങ്കിലും പടികളിലൂടെ രണ്ടാമത്തെ തട്ട് വരെയേ കയറാൻ അനുവാദമുള്ളൂ.ഗോപുരം കാണാൻ എതാണ്ട് ഒന്നര മണിക്കൂറോളം ക്യൂവിൽ കാത്തു നിൽക്കേണ്ടി വന്നു.പാരീസ് ഒളിമ്പിക്സിനെ വരവേൽക്കുന്നതിന്റെ തയ്യാറെടുപ്പുകളുടെ ഭാഗമായി ഗോപുരത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടായിരുന്നു.1500 ലധികമുള്ള പടികൾ വഴിയാണ് ഞങ്ങൾ ഐഫൽ ഗോപുരം 'കീഴടക്കിയത് '.ഗോപുരത്തിന്റെ മുകളിൽ നിന്ന് താഴേക്ക് നോക്കിയപ്പോൾ സൗന്ദര്യത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഒരു നഗരമാണ് ദൃശ്യമായത്.അതിനു ശേഷം പാരീസിന്റെ ഹൃദയമായ സെൻ നദിയിലൂടെ ഐഫൽ ഗോപുരത്തെ സാക്ഷ്യം നിർ ത്തിക്കൊണ്ട് ഭൂരിഭാഗവും ചൈനീസ് വംശജ രായ വിദേശ ദേശക്കാരോടൊപ്പം ബോട്ട് സവാരി യും നടത്തി.രണ്ടാം ലോകമഹായുദ്ധകാലത്ത് അഡോൾഫ് ഹിറ്റ്ലറിന്റെ നാസിപ്പട പാരീസ് കീഴടക്കിയപ്പോൾ ഐഫൽ ഗോ പുരം തകർത്തുകളയുവാൻ അദ്ദേഹം തന്റെ മിലിട്ടറി ജനറൽ ആയിരുന്ന ഡീട്രിക്ക് വാൻ കോൾട്ടിറ്റ്സ് - ന് ഉത്തരവ് നൽകിയിരുന്നതായും എന്നാൽ ആ ഉത്തരവ് ആ ജർമൻ മിലിറ്ററി ജനറൽ അനുസരിച്ചില്ലെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.എന്തായാലും ഐഫൽ ഗോപുരം ഇപ്പോഴും തലയുയർത്തി നി ൽക്കുന്നതിന് ലോകമെമ്പാടുമുള്ള വിനോദ സഞ്ചാരികളും ഫ്രഞ്ചുകാരും ആ ജനറലി നോട് കടപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

എല്ലാദിവസവും സന്ധ്യാസമയത്ത് വൈദ്യുതി ദീപങ്ങളാൽ ഐഫൽ ഗോപുരം അലങ്കരിക്കാറുണ്ട്.ആ മനോ ഹര കാഴ്ച ദർശിക്കുന്നതിനായി സായാ ഹ്നത്തിൽ ട്രൊക്കാഡീറോ ചത്വരത്തിൽ ഞങ്ങളെത്തി.എന്നാൽ യാത്ര ചെലവിൽ ഉൾപ്പെടാത്തതിനാൽ ആ യാത്ര വളരെ 'എക്സ്പെൻസിവ് ' ആയിരുന്നു.പാരീസ് നഗര ത്തിലെ രാത്രിയും വളരെ പ്രസിദ്ധമാണല്ലോ. ഫ്രഞ്ച് യുവജനതയുടെ പരസ്യമായ ചില പ്ര ണയ പ്രകടനങ്ങളും അവിടെ കാണാനിടയായി. ഫ്രഞ്ചുകാരുടെ പ്രണയ പ്രകടനങ്ങൾ കണ്ടാൽ പ്രണയം ഒരു മൗലിക അവകാശമാണെന്ന് തോന്നിപ്പോകും എന്ന് പണ്ടൊരു ചരിത്രകാരൻ പറഞ്ഞിട്ടുണ്ട്.എന്നാൽ 80 കളിലെ നമ്മുടെ മലയാളം സിനിമാ ഗാനങ്ങളിൽ കാണാൻ കഴിയുന്നതുപോലെയുള്ള പരിശുദ്ധി തുളുമ്പി നിൽക്കുന്ന പ്രണയത്തിന് കൂടുതൽ തീക്ഷ്ണത ഉള്ളതായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. കലയുടെയും കാമത്തിന്റെയും പ്രേമത്തിന്റെയും ഫാഷന്റെയും വിപ്ലവത്തിന്റെയും മണ്ണായ പ ഴമയും പ്രൗഢിയും ഒത്തുചേർന്ന പാരീസ് ന ഗരം കാണാൻ സാധിച്ചത് ജീവിതത്തിലെ ഒരു വലിയ നേട്ടമായി ഞാൻ കരുതുകയാണ്.

. എങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം 'പാരീസിലെ രാത്രി ' അപൂർണമായിരുന്നു. ഒരിക്കലും മനസ്സിലാക്കാൻ സാധിക്കാത്ത സ്ത്രീ മനസിന്റെ പ്രതീകമെന്ന് വാഴ്ത്തപ്പെടുന്ന മോ ണാലിസ എന്ന വിശ്വോത്തര ചിത്രം വഹിക്കുന്ന ലൂവ്ര് മ്യൂസിയവും പ്രൗഢിയാർന്ന നോദർദാം ദേവാലയവും കാണാൻ സാധിക്കാഞ്ഞത് ഒരു നഷ്ടസ്വപ്നം തന്നെയാണ്.ലൂവ്ര് മ്യൂ സിയം കണ്ടുതീർക്കാൻ ഒരാഴ്ചയെങ്കിലും എടുക്കുമെന്നാണ് പറയുന്നത്.കൂടാതെ, മോണ്ട് മാർത്രയും, റോഡിൻ മ്യൂസിയവും ടുയിലറീസ് ഗാർഡനും കാണാതെ തിരിച്ചു പോകേണ്ടി വരുമല്ലോ എന്ന നിരാശയും ഘനീഭവിച്ചെങ്കിലും എല്ലാം ഒരു 'Perspective' ആണല്ലോ എന്ന് ആശ്വസിച്ചുകൊണ്ട് തിരികെ വാഹനത്തിലേക്ക് കയറി.എന്നാൽ പാരീസിന്റെ ഈ വശ്യമായ സൗന്ദര്യത്തിൽ ആകർഷിക്കപ്പെടാത്തവരും ഉണ്ടാവും.അല്ലെങ്കിൽ എന്തുകൊണ്ടായിരിക്കും ഫ്രഞ്ചുകാരിയായ മേരി ഗ്രോഷോൾട്ട്സ് എന്ന മാഡം തുസ്സാഡ് ലോകത്തിലെ ഏറ്റവും വലിയ വാക്സ് മ്യൂസിയം സ്ഥാപിക്കാൻ പാരിസിനെ തഴഞ്ഞുകൊണ്ട് ലണ്ടനെ തിരഞ്ഞെടുത്തത് ?

രാത്രിഭക്ഷണം വെൽക്കം ഇന്ത്യ എന്നു പേരുള്ള ഒരു ഇന്ത്യൻ ഭക്ഷണ ശാലയിൽ നിന്നായിരുന്നു.അവിടെ നിന്നുമിറങ്ങുമ്പോൾ പാരീസ് സെയിന്റ് ജെർമ്മൻ എന്ന വിഖ്യാത ഫുട്ബോൾ ക്ലബ് രൂപം കൊണ്ട Saint Germain Des Pres എന്ന നഗര ഭാഗത്തേക്കുള്ള ചൂണ്ടുപലക കണ്ടു.അപ്പോഴേക്കും പാരീസിന്റെ പ്രതീകമായ തെരുവുവിളക്കുകൾ പ്രകാശിച്ചു തുടങ്ങിയിരുന്നു (ലോകത്തിൽ ആദ്യമായി തെരുവുവിളക്കുകൾ സ്ഥാപിച്ചത് പാരീസി ലാണ് അതുകൊണ്ടാണ് പാരീസിന് സിറ്റി ഓഫ് ലൈറ്റ്സ് എന്ന പേര് കിട്ടിയത് ).

നിർദ്ദേശപ്രകാരം അടുത്ത ദിവസം രാവി ലെ കൃത്യസമയത്ത് തന്നെ പ്രഭാത ഭക്ഷണം കഴിക്കാനെത്തിയെങ്കിലും സഹയാത്രികർ ഇതിനകം തന്നെ 'പണി തുടങ്ങി' എന്നു മനസ്സിലായി.സ്പൂണും ഫോർക്കും പല രും ഉപയോഗിക്കുന്നത് ജാക്കിച്ചാൻ സിനി മകളിലെ രംഗങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരുന്നു.ഞങ്ങളുടെ അടുത്തിരുന്ന മദാമ്മമാരും സായിപ്പന്മാരും ഈ 'മ്യൂസിക്' കേട്ട് ഞങ്ങളെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

വിശുദ്ധ മിഖായേലിന്റെ ദേവാലയം, ബ്രസൽസ്സ്



പ്രഭാത ഭക്ഷണം കഴിഞ്ഞ് ഉടൻ തന്നെ പാരീസ് വിട്ട് ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്ര സ്സൽസിലേക്ക് യാത്ര ആരംഭിക്കുന്നതിനായി എല്ലാവരും തയ്യാറായി. 'സിറ്റിസൺ കെയിൻ' എന്ന വിഖ്യാത ചലച്ചിത്രത്തിലെ നായകൻ 'Rose Bud, Rose Bud' 'എന്ന് പറയുന്ന പോലെ ഞാനും പറയുകയാണ് 'പാരീസ്, പാരീസ് '

എത്ര വർണ്ണോജ്ജ്വലമാണ് ഈ ലോകം എന്ന സത്യം അപ്പോൾ ആ ബസ് നീങ്ങിക്കൊണ്ടിരുന്ന പാരീസ്-ബ്രസൽസ് വഴിത്താരകൾ ഓരോ നിമി ഷവും ഞങ്ങളെ ബോധ്യപ്പെടുത്തികൊണ്ടിരുന്നു. നീണ്ടുകിടക്കുന്ന മനോഹരമായ കൃഷി സ്ഥലങ്ങളും വ്യവസായ ശാലകളും മരങ്ങളാൽ ഒരുക്കപ്പെട്ട ചെറു വനങ്ങളും ആണ് റോഡിന് ഇരുവശവും ദൃശ്യമായത്. കാറുകളും വമ്പൻ ട്രക്കുകളും മാത്രമാണ് റോഡിൽക്കൂടി നീങ്ങിക്കൊണ്ടിരുന്നത്.ഇതി നുമുമ്പും വിദേ ശപര്യടനം നടത്തി ' കാര്യ വിവരമുള്ള ' സെക്ഷൻ ഓഫീസർ ശ്രീ രാജേഷ് കൃഷ്ണൻ ഞങ്ങളെ പല കാര്യങ്ങളും പഠിപ്പിച്ചു കൊണ്ടിരുന്നു ഫ്രാൻസ്- ബെൽജിയം അതിർത്തിയിൽ ഞങ്ങൾ വണ്ടി നിർത്തുകയും കുറച്ചുനേരം അവിടെ ചെലവഴിക്കുകയും ചെ യ്തു.തുടർന്ന് യാത്ര പുനരാരംഭിച്ചു ഒന്നാം ലോകമഹായുദ്ധത്തിന് വേദിയായ മോൺസ് നഗരം കടന്ന് ബ്രസൽസിൽ എത്തിച്ചേർന്നു.

അതിമനോഹരമായ വീടുകളാണ് ബ്രസൽസ് നഗരത്തിലെമ്പാടും കാണാൻ കഴിഞ്ഞത്. Royal Indian Palace എന്ന ഇന്ത്യൻ റസ്റ്റോറന്റിൽ നിന്നും ഉച്ചഭക്ഷണം കഴിച്ച ശേഷം യാത്ര തുടരുന്നതിനായി ഞങ്ങൾ റെഡിയായി നിൽക്കുമ്പോൾ സ്വദേശിയായ ഒരു ഗൈഡ് ഞങ്ങളെ സഹായിക്കുന്നതി നായി അവിടെ എത്തിച്ചേർന്നു.അദ്ദേഹം നല്ല നർമ്മബോധമുള്ള വ്യക്തിയും അതുപോലെ തന്നെ ഒന്നാന്തരം അധികപ്രസംഗിയുമാണെന്ന് പെട്ടെന്ന് തന്നെ മനസ്സിലായി.എങ്കിലും അറ്റോ മിയവും, യൂറോപ്പ്യൻ യൂണിയന്റെ ആസ്ഥാന മന്ദിരം ഉൾപ്പെടെയുള്ള അംബരചുംബികളായ ബഹുനില കെട്ടിടങ്ങളും,വിശുദ്ധ മിഖായേലിന്റെ പേരിലുള്ള പടുകൂറ്റൻ ദേവാലയവും, ബെൽജി യം രാജകൊട്ടാരവും ഞങ്ങൾക്ക് ആ 'ഗൈഡ് ' കാണിച്ചു തന്നു.അതിനുശേഷം ജനനിബി ഡമായ ഗ്രാൻഡ് പ്ലാസാ ചത്വരത്തിലെത്തി മൂത്രമൊഴിക്കുന്ന കുഞ്ഞന്റെ പ്രതിമയും (Mannekan Pis), സെന്റ് ഹ്യൂബർട്ട് ഗാലറിയും ദർശിച്ചു Rudolf Braun എന്ന ഷോപ്പിൽ നിന്നും ലോകപ്രസിദ്ധമായ ബെൽജിയൻ ചോക്ലേറ്റുകളും വാങ്ങിയതിന് ശേ ഷമാണ് യൂറോപ്പിൽ ഏറ്റവും കൂടുതൽ ധനാ ഢ്യർ താമസിക്കുന്ന നഗരമായ ബ്രസൽസിൽ നിന്നും നെതർലൻഡ്സിലേക്കുള്ള യാത്ര തുടങ്ങിയത്.

ദൈവം ലോകത്തെ സൃഷ്ടിച്ചു.പക്ഷേ നെ തർലാൻഡ്സിനെ സൃഷ്ടിച്ചത് ഡച്ചുകാരാണ് എന്ന ഒരു പഴഞ്ചൊല്ലുണ്ട്. അത് അക്ഷരംപ്ര തി ശരി വയ്ക്കുന്ന തരത്തിലുള്ള അധ്വാന ശീലരാണ് ഡച്ചുകാർ. വൈകിട്ടോടുകൂടി നെ തർ ലൻഡ്സിലെ റോട്ടർഡാമിൽ എത്തിഅല് പം നേരത്തെ തന്നെ അത്താഴം കഴിച്ചു.ഞങ്ങൾ കണ്ട യൂറോപ്യൻ ഹോട്ടലുകളിൽ മിക്കതിലും അകത്തിരുന്ന് ആഹാരം കഴിക്കുന്നതിനേക്കാൾ കൂടുതൽആളുകളും ഹോട്ടലിന്റെ പുറത്തിരു ന്നാണ് ഭക്ഷണം കഴിക്കുന്നത്.റോട്ടർഡാമിലൂടെ ഞങ്ങൾ നടന്നു പോകുമ്പോൾ ഒരു ഹോട്ടലിന്റെ പുറത്തിരുന്ന് കേക്കും കോഫി പോലുള്ള ഏതോ പാനീയവും കഴിച്ചു കൊണ്ടിരുന്ന ഒരു ചെറുപ്പക്കാരനും അദ്ദേഹത്തിൻറെ മൂന്നു മക്കളും ഞങ്ങളെ കൈ വീശി അഭിവാദ്യം ചെയ്തു.ഞങ്ങൾ തിരികെയും.അതൊരു പ ക്ഷേ ജന്മദിന ആഘോഷമായിരിക്കുമോ എന്നെ നിക്ക് തോന്നി.ഏതാണ്ട് ഒരേ പോലിരിക്കുന്ന ആ മൂന്നു കുട്ടികളെയും കണ്ടപ്പോൾ ഫ്രഞ്ച് ഫുട്ബോൾ താരം അന്റോയിൻ ഗ്രീസ്മാൻ - ന്റെ കാര്യമാണ് ഓർമ്മ വന്നത്.വ്യത്യസ്ത വർഷങ്ങളിലായിട്ടാണെങ്കിലും അദ്ദേഹത്തിൻറെ

മൂന്നു മക്കളും ജനിച്ചത് ഒരേ ദിവസമാണ് (ഏപ്രി ൽ 8 ).

താമസസൗകര്യം ഒരുക്കിയിരുന്ന റോട്ടർഡാമിലുള്ള അമ്രാത് ഹോട്ടലായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം.റോട്ടർഡാമിൽ എത്തുന്നതിനു മുൻപായി ആദമിന് പകരം സ്ളാവിക് എന്നു പേരുള്ള മറ്റൊരു പോളണ്ട്കാരൻ ഡ്രൈവർ ഞങ്ങളുടെ സാരഥ്യം ഏറ്റെടുത്തിരുന്നു.ആദമിനേക്കാൾ കുറച്ചുകൂടി പരുക്കനായിരുന്നു സ്ലാവിക്. റോട്ടർഡാമിൽ എത്തുമ്പോൾ രാത്രി എട്ടു മണി ആയിരുന്നെങ്കിലും ഇരുട്ട് പരന്നിട്ടില്ലായിരുന്നു. വേനൽ സമയത്ത് യൂറോപ്പിലൊക്കെ നീളം കൂടിയ സന്ധ്യകൾ ആയതിനാൽ ഇരുട്ടാകാൻ രാത്രി എട്ടര– ഒമ്പത് മണിയെങ്കിലുമാകുമെന്നു പിന്നീടാണ് മനസ്സിലായത്.യൂറോപ്പിൽ ഇപ്പോൾ വേനൽക്കാലം ആണ്.എങ്കിലും താപനില 20 ഡിഗ്രിയിൽ താഴാറില്ല.ഇതുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് തണുപ്പ് കാലത്ത് പോലും താപനില 25 ഡിഗ്രിയിൽ എത്താറില്ല എന്നുള്ളത് വളരെ കൗതുകകരമാണ്.

റോട്ടർഡാം –ഹേഗ് വിമാനത്താവളത്തിന് തൊട്ടടുത്തായിരുന്നു അമ്രാത് ഹോട്ടൽ. യൂറോപ്പ്യൻ ഹോട്ടലുകളിലെ മുറികളെല്ലാം എയർകണ്ടീഷൻഡ് ആണെങ്കിലും സീലിംഗ് ഫാൻ എങ്ങും കണ്ടില്ല.കുളിമുറികളിൽ വെള്ളം വീഴാതിരിക്കുന്നതിനായി ബാത്ത് ടബ് ഗ്ലാസ് മറകൾ കൊണ്ട് തിരിച്ച് പ്രത്യേകം കമ്പാർട്ട്മെൻറ് ആയിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. പ്രത്യേകം പറയേണ്ടതില്ലല്ലോ, ശൗചത്തിന് വെള്ളത്തിനുപകരം ടോയ്‌ലറ്റ് പേപ്പറുകളാണ് ഉപയോഗിക്കുന്നത്.

ആലപ്പുഴക്കാരൻ സെക്ഷൻ ഓഫീസർ വേണുവായിരുന്നു എന്റെ സഹമുറിയൻ.ഞങ്ങൾ രാവിലെ ഭക്ഷണത്തിനെത്തുമ്പോൾ പ്രശസ്ത ഡച്ച് ഡി.ജെയായടിയെസ്റ്റോയുടെ " Lay Low " എന്ന ഗാനം എവിടെ നിന്നോ മുഴങ്ങുന്നുണ്ടായിരുന്നു.ആ ഹോട്ടലിലെ റിസപ്ഷനിസ്റ്റ്നു നല്ലവണ്ണം ഇംഗ്ലീഷ് സംസാരിക്കാൻ അറിയാമായിരുന്നു ഡച്ച് ആക്സന്റിലുള്ള അയാളുടെ ഇംഗ്ലീഷ് കേൾക്കാനും നല്ല രസമായിരുന്നു. ഇളം തണുപ്പ് ആസ്വദിച്ചുകൊണ്ട് ആ ഹോട്ടലിൽ നിന്ന് ഇറച്ചിയും മുട്ടയുമൊക്കെ യഥേഷ്ടം കഴിച്ച ശേഷം ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിൽ വായിച്ചു പരിചയമുള്ള ആംസ്റ്റർഡാം നഗരം കാണാനുള്ള മധുര പ്രതീക്ഷകളുമായി ഞങ്ങൾ ബസിലേക്ക് കയറി.

ശരാശരിക്കണക്കിൽ ലോകത്ത് ഏറ്റവും കൂടുതൽ ഉയരമുള്ളത് നെതർലൻഡ്സ്കാർക്കാണ്.എന്നാൽ നൂറുകണക്കിന് കനാലുകളാൽ ചുറ്റപ്പെട്ട ആംസ്റ്റർഡാം നഗരം സമുദ്രനിരപ്പിൽ നിന്നും 12 അടി താഴെയായിട്ടാണ് കിടക്കുന്നത്.ലവേഴ്സ് എന്ന ബോട്ടിൽ ഹാരൻ ഗ്രാറ്റ് എന്ന കനാലിലൂടെ നടത്തിയ ബോട്ട് യാത്രയിൽ കനാലിന് ഇരുവശത്തും കണ്ട വർണ്ണാഭമായ കെട്ടിടങ്ങളുടെ സൗന്ദര്യം ഹൃദയം കവരുന്നതായിരുന്നു.എന്നാൽ നിരത്തുകളിലൂടെ ചുറ്റിക്കറങ്ങി ആംസ്റ്റർഡാം നഗരത്തിന്റെ സൗന്ദര്യം കുറച്ചുകൂടി ' എക്സ്പ്ലോർ ' ചെയ്യാമായിരുന്നു എന്ന് പലരും അഭിപ്രയപ്പെട്ടു.ഒരു വരവ് കൂടി വരേണ്ടി വരും എന്ന് പറഞ്ഞുകൊണ്ടാണ് അവർ തിരികെ ബസ്സിൽ കയറിയത്.

ആംസ്റ്റർഡാമിൽ വെച്ച് ഒരു ചൈനീസ് റസ്റ്റോറന്റിൽ നിന്നാണ് ഉച്ച ഭക്ഷണം കഴിച്ചത്.ആ സമയത്ത് ഇന്ദുകലാ മാഡത്തിന്റെ ബന്ധുവായ ഒരു പെൺകുട്ടി മാഡത്തിനെയും മകളെയും കാണാൻ അവിടെയെത്തുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.ആംസ്റ്റർഡാമിലെ സ്ഥിര താമസക്കാരിയായ ആ പെൺകുട്ടിയുടെ മുഖത്ത് യാത്ര പിരിയലിന്റെ നൊമ്പരങ്ങൾ ദർശിച്ചുകൊണ്ട് ജർമ്മനിയിലെ അതിവിഖ്യാതമായ കൊളോൺ പള്ളി ലക്ഷ്യമാക്കി ഞങ്ങൾ യാത്ര പുനരാരംഭിച്ചു.

വിശുദ്ധ പത്രോസിന്റെ നാമധേയത്തിലുള്ള,157 മീറ്റർ ഉയരമുള്ള കൊളോൺ കത്തീഡ്രൽ ജർമ്മനിയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രവും യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ പള്ളിയുമാണ്.പള്ളിയുടെ ഏറ്റവും മുകളിലേക്ക് നോക്കുമ്പോൾ പള്ളി ആകാശത്തിൽ തൊട്ടു നിൽക്കുന്നതായി ഒരു പ്രതീതിയുണ്ടാകും. യൂറോപ്പിൽ ചെന്ന ശേഷം ആദ്യമായി ഭിക്ഷക്കാരെ കണ്ടത് കൊളോൺ പള്ളിയുടെ അടുത്ത് വെച്ചിട്ടാണ്.പള്ളിയുടെ അടുത്ത് പാർക്ക് ചെയ്യാൻ സ്ഥല പരിമിതി ഉണ്ടായിരുന്നതിനാൽ ബസ് അല്പം ദൂരെയായിട്ടാണ് പാർക്ക് ചെയ്തിരുന്നത്. ആയതിനാൽ വാഹനം കാത്തുകൊണ്ട് അല്പനേരം ഞങ്ങൾക്ക് പാതയോരത്ത് നിൽക്കേണ്ടി വന്നു.

അപ്പോഴെല്ലാം സൗന്ദര്യത്തിന്റെ ഉടലെടുത്ത സ്ത്രീ രൂപങ്ങൾ അലക്ഷ്യമായി ആ തെരുവീഥിയിലൂടെ നീങ്ങിക്കൊണ്ടിരുന്നു.അധികം താമസിയാതെ തന്നെ ബസ്സ് ഞങ്ങളുടെ അടുത്ത് എത്തിച്ചേർന്നു.അപ്പോഴാണ് ഞങ്ങളുടെ യൂറോപ്പ്യൻ യാത്രയെ സംബന്ധിച്ചിടത്തോളം ഏറ്റവും നാടകീയമായ സംഭവം അവിടെ അരങ്ങേറിയത്.പാതയോരത്ത് തമ്പടിച്ചിരുന്ന ഭ്രാന്തന്റെ മട്ടിലുള്ള ഒരു ഭിക്ഷക്കാരൻ പെട്ടെന്ന് ഞങ്ങളുടെ വണ്ടി തടയുകയും ഞങ്ങളിൽ പലരുടെയും വസ്ത്രങ്ങളിൽ പിടിച്ചു വലിക്കുകയും അപരിചിതമായ ഏതോ ഭാഷയിൽ ബഹളമുണ്ടാക്കുകയും വണ്ടിയിൽ കയറാൻ




ശ്രമിക്കുകയും ചെയ്തു.ആറടിയിൽ കൂടുതൽ പൊക്കമുണ്ടായിരുന്ന അയാളുടെ മുഖത്തും കണ്ണുകളിലും ദൈന്യത പ്രകടമായിരുന്നു.80 കളിൽ അമേരിക്കയിൽ നിരവധി ആളുകളെ കൊന്നൊടുക്കിയ സീരിയൽ കില്ലർ ജെഫ്രി ഡാമറിന്റെ രൂപസാദൃശ്യം അയാൾക്കുണ്ടോ എന്ന് ഒരു നിമിഷം എനിക്ക് തോന്നി. എന്തായാലും വളരെ കഷ്ടപ്പെട്ടിട്ടാണ് ആ ഭ്രാന്തനെ ഒഴിവാക്കി അവിടെ നിന്ന് രക്ഷപ്പെടാൻ ഞങ്ങൾക്ക് സാധിച്ചത്.എന്തായാലും യൂറോപ്പിൽ ചെന്നശേഷം ഞങ്ങളോട് ' ഇഷ്ടം പ്രകടിപ്പിച്ച ' ഒരാളെയെങ്കിലും കണ്ടുമുട്ടാൻ കഴിഞ്ഞല്ലൊ എന്ന കാര്യത്തിൽ ഞങ്ങളിൽ പലർക്കും 'ആശ്വാസം' തോന്നി.ദൈന്യതയാർന്ന ആ കണ്ണുകൾ ഞങ്ങളെ പിന്തുടരുന്നുണ്ടോയെന്നറിയുന്നതിനായി ബസ്സിൽ കയറിയ ശേഷം ഞാനൊന്ന് തിരിഞ്ഞു നോക്കി. അപ്പോഴേക്കും ആ ഭ്രാന്തൻ എവിടേക്കോ അപ്രത്യക്ഷനായിരുന്നു.എന്നാൽ കണ്ടാൽ ഭീതി ജനിപ്പിക്കുന്ന ആ ഭിക്ഷക്കാരൻ സൃഷ്ടിച്ച രംഗങ്ങൾ ഒരിക്കലും മറക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല.മനോഹരമായ കാഴ്ചകളെ പോലെ അതിമോശമായ കാഴ്ചകളും നാം ഒരിക്കലും വിസ്മരിക്കാറില്ലല്ലോ.

നാം വിശ്വാസപൂർവ്വം പറയുന്ന കാര്യങ്ങൾ മറ്റൊരാളുടെ അടുക്കലെത്തി വേറൊരു രീതിയിൽ പറയുന്ന ആൾക്കാരെ ലോകത്ത് അല്ലെങ്കിൽ നമ്മുടെ നാട്ടിൽ ധാരാളമായി കാണാൻ കഴിയും.പക്ഷേ കൊളോണിൽ കണ്ട ഈ ഭ്രാന്തൻ അവരെക്കാൾ എത്രയോ ഭേദമാണ്. ഭ്രാന്തൻ നമ്മളെ നേരിട്ട് ആക്രമിക്കുന്നു മേൽപ്പറഞ്ഞവരാകട്ടെ നമ്മെ മറഞ്ഞിരുന്നും. No matter what you do : osme would find fault with you എന്ന് മദർ തെരേസ പറഞ്ഞിട്ടുണ്ടല്ലോ.

തുടരും...



**2024 ഡിസംബർ 30 ന് സർവ്വീസിൽ നിന്ന് വിരമിച്ച പി എസ് സി എംപ്ലോയിസ് അസോസിയേഷന്റെ മുൻട്രഷററും ബഹു.തോമസ് കെ തോമസ് എം എൽ എയുടെ പി എ യുമായ ശ്രീ.ജോൺസൺ ജി ക്ക് അസോസിയേഷന്റെ സ്നേഹോപഹാരം സ്ഥാപകനേതാവ് ശ്രീ.എ.കെ സാദിക് കൈമാറുന്നു.**



# ഒരു ചെറുപുഞ്ചിരി



ബിനു.എസ്

**ലോ**ക ജനസംഖ്യ 800 കോടിയോടടുക്കുന്നു. അതിൽ തനിക്ക് എത്ര പേരെ അറിയാം?

ഒരിക്കൽ ഒരു അമേരിക്കൻ എഴുത്തുകാരന്റെ തലയിൽ ഈ ചോദ്യമുദിച്ചു. അദ്ദേഹം തന്റെ ഡയറി എടുത്ത് തനിക്കറിയാവുന്നവരുടെ പേരുകൾ കുറിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ വിളിച്ചു അവരോടും , അവർക്ക് അറിയാവുന്നവരുടെയും പേരുകൾ കുറിക്കുവാൻ ആവശ്യപ്പെട്ടു. ആദ്യം അവർക്ക് തമാശയായിട്ടാണ് തോന്നിയത്, അവരെല്ലാവരും അദ്ദേഹത്തെ കളിയാക്കി.

അദ്ദേഹത്തിന്റെ നിരന്തര പ്രേരണ കാരണം അവർ ഒരു പരീക്ഷണത്തിന് തയ്യാറായി. അവർക്ക് അറിയാവുന്ന വ്യക്തികളുടെ പേരുകളും കുറിച്ചു വച്ചു. അങ്ങനെയുള്ള വിവരങ്ങൾ എല്ലാം ശേഖരിച്ചുവച്ചുകൊണ്ട് അദ്ദേഹം ഒരു നിഗമനത്തിൽ എത്തി. അത് ഇപ്രകാരമായിരുന്നു.

ശരാശരി എൺപത് വയസ്സുവരെ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻ, തന്റെ ജീവിത കാലത്തിനിടയിൽ കൺമുന്നിലൂടെ കടന്നു പോയ മനുഷ്യരുടെ എണ്ണം കണക്കാക്കുവാൻ കഴിഞ്ഞാൽ ഏകദേശം പതിനായിരത്തോളം ആളുകൾ ഉണ്ടാകും എന്നാണ് അദ്ദേഹത്തിൻറെ കണക്ക്. അതിൽ തന്നെ വീണ്ടും വീണ്ടും കാണുന്നവരുടെ എണ്ണം കണക്കാക്കി നോക്കിയാൽ ചിലപ്പോൾ ഒരായിരം അല്ലെങ്കിൽ ആയിരത്തി അഞ്ഞൂറ് പേരുണ്ടാകും.

കണ്ടാൽ തിരിച്ചറിയാൻ കഴിയുന്നവരുടെ കണക്കെടുത്താൽ, ഒരുപക്ഷേ അറുന്നൂറോ എഴുന്നൂറോ പേരുണ്ടാകും. ഇനി അതിൽ തന്നെ, പേരറിയാവുന്നവരുടെ എണ്ണമെടുത്താൽ നൂറോ നൂറ്റിഇരുപതോ പേരുണ്ടാകും.

ഒരു മാസത്തിൽ ഒരിക്കൽ എങ്കിലും വീണ്ടും വീണ്ടും കാണുന്നവരുടെ എണ്ണം എടുക്കാൻ കഴിഞ്ഞാൽ ഒരു നാൽപതോ അൻപതോ പേരുണ്ടാകും.. ഒരാഴ്ചയിൽ ഒരിക്കലെങ്കിലും കാണുന്നവരുടെ കണക്ക് എടുക്കാൻ കഴിഞ്ഞാൽ നാൽപ്പതോ അറുപതോ പേരുണ്ടാകും, എന്നാണ് അദ്ദേഹത്തിൻറെ കണക്ക്.

ദിവസവും കാണുന്നവരുടെ എണ്ണം എടുക്കാൻ കഴിഞ്ഞാൽ ഒരു പതിനഞ്ചോ ഇരുപതോ പേരുണ്ടാകും.

ഈ 20 പേർ എന്നത് വലിയ സംഖ്യയെങ്കിലും, എണ്ണൂറു കോടി ജനതയിൽ 20 എന്ന് ചിന്തിക്കുമ്പോൾ ആ മനുഷ്യർ എത്ര വിലപ്പെട്ടവരാണെന്ന് മനസ്സിലാകും.

നമുക്ക് സ്നേഹിക്കാനും ഇടപെടാനും ഈശ്വരനോ, പ്രകൃതിയോ അനുവാദം തന്നിരിക്കുന്ന മനുഷ്യരുടെ എണ്ണം വിരലിലെണ്ണാവുന്നതാണ് . ഇനി നമുക്ക് ഒന്ന് അനലൈസ് ചെയ്തു നോക്കാം.

നിർഭാഗ്യവശാൽ മനുഷ്യൻ തന്റെ സ്നേഹമായാലും, വൈരാഗ്യമായാലും, ദേഷ്യമായാലും, ഈഗോ ആയാലും കാണിക്കുന്നത് വിലപ്പെട്ട ഈ മനുഷ്യരോടാണ് . ഈ മനുഷ്യരോടുള്ള നമ്മുടെ പെരുമാറ്റമാണ് നമ്മുടെ ജീവിതത്തിന്റെ സന്തോഷവും ദുഃഖവും കുറിക്കുന്നത്. ഓർക്കുക, ദിവസവും നിങ്ങൾ കണ്ടുമുട്ടുന്ന വ്യക്തി 800 കോടിയിൽ ഒരാളാണ്. ഒരു പുഞ്ചിരി എങ്കിലും സമ്മാനമായി നൽകുക.



# വിടപറയും നേരം...



**ജിതിൻ ജോസ്**

പടിയിറങ്ങുന്നൂ ഞാനും
നിൻ മറുപടിക്കായ് കാത്തുനിൽക്കാതെ,
ഇതാ എൻ മൗനം നിനക്കായ്
കടലിരമ്പുമീ  നോവും കിനാക്കളും
ചേർന്നു പ്രണയിച്ചൊരെൻ മൗനം...

തിരിഞ്ഞുനോക്കാൻ കഴിയില്ലെനിക്കെൻ
കണ്ണീരെൻ പീലികളെ മൂടും മുമ്പായ്
എൻ കാലടികളകലും വരെ കാക്കരുതെൻ പ്രിയേ
തിരിഞ്ഞു നടന്നുകൊൾക
ചോദിക്കരുതൊരിക്കലും നീയെനിക്കാരായിരുന്നെന്ന്
ഉതിർന്നുവീഴുന്നോരോ കണ്ണുനീർത്തുള്ളിയും
പറയും അവയ്ക്കിനിയൊരു ജന്മമുണ്ടെങ്കിൽ....

കൂടെക്കൂട്ടുന്നു ഞാൻ
മനസ്സിൽ ചീന്തീയെറിഞ്ഞ സ്വപ്നങ്ങൾ
ഒരു തരി പോലും ശേഷിക്കാ-
തെടുക്കുന്നു നിന്നോർമ്മയും എൻ കൂടെ

ഒന്നും തന്നെയില്ലെൻ കൈകളിൽ
പകരം നിനക്കായ് പകർന്നീടുവാൻ
ആ നീർമിഴിയിലെ മായാത്ത പുഞ്ചിരി
കാണുവാൻ വയ്യയെന്നിമകൾ
പൂട്ടണമെനിക്കിപ്പോൾ പ്രാണൻ
പകുക്കുന്ന ....പിടയുന്ന നോവിലും
കരുതിവയ്ക്കണം നിൻ സ്നേഹമെൻ തോഴീ ......
ഇനിയും പിറക്കാത്ത നാളേക്കായ്..

എന്തെന്നാൽ തിരികെ വരാതിരിക്കാനാവില്ലെനിക്ക്
എൻ പ്രിയ കോഴിക്കോട്..
ഒരിക്കൽ കൂടി നിൻ സ്നേഹം നുകരാൻ...
നിൻ മടിയിൽ തലചായ്ക്കാൻ...
എല്ലാം മറന്നൊന്നുറങ്ങാൻ ........

# സമകാലിക രാഷ്ട്രീയവും കേരളവും

## പൂരം കലക്കി സീറ്റ് പിടിച്ചു കൊടുക്കരുത് !!!





**എ.കെ.സാദിക്**
(സ്ഥാപക ജനറൽ സെക്രട്ടറി)

വനജ ടീച്ചറേ, ഈ ക്ഷേത്രത്തിൽ കയറുമ്പോൾ മന്ത്രി ഗണേശനെപ്പോലെ ഷർട്ട് ഊരണമെന്ന് ടീച്ചർക്ക് നിർബന്ധമുണ്ടോ ? എന്താ...ഫൂ...വച്ചിട്ട് പോടാന്നോ ? ഒരു മുഖ്യമന്ത്രി വരുത്തി വയ്ക്കുന്ന ഓരോരോ വേണ്ടാതീനങ്ങളല്ലാതെന്തു പറയാൻ. തന്റെ ഭരണ പരാജയങ്ങളെല്ലാം വഴി തിരിച്ചു ശ്രദ്ധ തിരിക്കാൻ മുഖ്യൻ പുതുവർഷത്തിൽ കണ്ടെത്തിയ കുരുട്ടുബുദ്ധിയാണ് കുപ്പായം അഴിക്കൽ പദ്ധതി. മുമ്പ് ശബരിമല യുവതി പ്രവേശനമായിരുന്നു പുലിവാലായത്. ക്ലിഫ്ഹൗസിലെ 20 പടിയോ പമ്പയിലെ 18 പടിയോ പോയിട്ട് നവകേരള ബസിൽ ഒരു പടി പോലും കയറാൻ ത്രാണി ഇല്ലാത്ത മുഖ്യനെ ഇരട്ടച്ചങ്കനെന്നും ഉദയസൂര്യനെന്നും നിരന്തരം വാഴ്ത്തി പാടിയ എല്ലാ 'മാപ്ര' കൾക്കും പാലക്കാട്ട് കൃഷ്ണദാസ് മുൻ എം.പി കൈയോടെ കൂലി നൽകി. ''ഇറച്ചി കടയ്ക്കു മുമ്പിൽ വായ് നോക്കി ഇരിക്കുന്ന പട്ടികളെപ്പോലെ രാവിലെ കൈയിലൊരു കോലും കൊണ്ടിറങ്ങുന്ന നാറികൾ. എന്തായാലും പരനാറി എന്നു പറയാത്തതു മഹാഭാഗ്യം. മാപ്രകൾക്ക് പാലറ്റിൽ.... അതു തന്നെ അണ്ണാക്ക് – തന്നെ തറച്ചു.

2024 തുടക്കത്തിൽ തന്നെ എം.ടി മുഖ്യനെ മുമ്പിലിരുത്തി കണക്കിനൊന്നു കൊടുത്തു. ഇ.എം.എസ് ജനകീയനായിരുന്നു. എന്നാൽ ഇപ്പോഴത്തെ അധികാരിക്ക് സർവ്വാധിപതി എന്ന തോന്നൽ ശരിയല്ല. അധികാരിയുടെ ഔദാര്യമല്ല ജനങ്ങളുടെ സ്വാതന്ത്ര്യം. എം.ടി കൈചൂണ്ടി പ്രസംഗിച്ചപ്പോൾ ജനങ്ങൾ ജഗതിയുടെ ഒരു വാചകം ഓർമ്മിച്ചു. ''ഇത് എന്നെ ഉദ്ദേശിച്ച്, എന്നെ മാത്രം ഉദ്ദേശിച്ച് പറഞ്ഞത് തന്നെ. സാംസ്കാരിക നായകന്മാരിൽ നട്ടെല്ലുണ്ടെന്ന് തെളിയിച്ച ആ വടക്കൻ വീരനായകനാണ് യഥാർത്ഥത്തിൽ മാൻ ഓഫ് ദി ഡക്കേഡ്. കേരളം ഗവർണറുടെ തന്തയുടെ വകയല്ല എന്നു സഖാക്കൾ. ആ പറഞ്ഞവന്മാർ ബ്ലഡി ക്രിമിനൽസ് എന്ന് ആരിഫ്ഖാൻ. മുഖ്യന്റെ ചെപ്പടിവിദ്യയ്ക്ക് ഖാന്റെ പിപ്പിടി വിദ്യ. കാണികൾക്ക് രസം. പക്ഷേ തെരഞ്ഞെടുപ്പുകളിലെ CPM + BJP = CJP സമവാക്യം പുറത്തായതോടെ മുഖ്യൻ – ഗവർണർ പോര് പഴയ തടിച്ചക്കിലെ ''കോക്കനട്ട് ഓയിൽ'' ചങ്കുളത്തിപോരു മാത്രമായിരുന്നു എന്ന് പൂർണ്ണമായി ബോധ്യപ്പെട്ടു. CJP ദൗത്യം പൂർത്തിയാക്കിയ ആശാനെ കേന്ദ്രം വടക്കോട്ടെടുത്തു.

കൂട്ടത്തിലൊരാൾ മുഖ്യനെ ഒന്നു ചൊറിഞ്ഞിട്ടുണ്ട്. ''ഷർട്ടൂരണം എന്നു നിർബന്ധമുള്ള ക്ഷേത്രത്തിൽ അതിന് തയ്യാറുള്ളവർ പോയാൽ മതി എന്ന് ഒരു താക്കീത്. മിടുക്കനെന്നാശംസിച്ച മതനേതാവിനോട് മന്ത്രി ചെവിയിൽ പറഞ്ഞത് ''ഒന്നാം തീയതി ഒന്നിച്ച് ശമ്പളം വേണ്ടാത്തവർ മാത്രം KSRTC യിൽ പണിക്കു വന്നാൽ മതി എന്നാണ് ഞാനുദ്ദേശിച്ചത്. ഒരു വെടിക്കു രണ്ടു പക്ഷി. വെടി എന്ന വാക്ക് സൂക്ഷിച്ച് ഉപയോഗിക്കണേ അമ്പാനേ. എന്തായാലും പുരുഷുവിന്റെ അനുഗ്രഹം വാങ്ങാനുള്ള ആ നില വന്നവൻ ഷർട്ടു മാത്രമല്ല അടിവസ്ത്രം വരെ ഊരിയെടുത്തതും സുന്ദരമായ ഇരു കവിളുകളിലും കോൺഗ്രസിന്റെ ചിഹ്നം മാറി മാറി പതിച്ചതുമെല്ലാം ജനം ഇന്നും ഓർക്കുന്നു. നവ

കേരള ബസ്സുടമ മന്ത്രിക്കുപ്പായ ഷർട്ട് ഊരി വാങ്ങാതെ നോക്കുക. KSRTC യൂണിയൻ സഖാവ് ചോദിച്ചത് ഒന്നാം തീയതി തന്നെ ശമ്പളം നൽകണമെന്ന് ഏത് ഭരണഘടനയിലുണ്ട് എന്ന്. സംശയം തീർക്കാൻ സജി ചെറിയാനെ കണ്ടു. ശമ്പളവും ഡി.എ യും ഒന്നും ഭരണഘടനയിൽ പറയുന്നില്ല. കുറെ കുന്തവും കൊടച്ചക്രവും കുത്തി നിറച്ച് ജനത്തെ കൊള്ളയടിക്കാൻ സഹായിക്കുന്ന നമ്മുടെ കരുവന്നൂർ ബാങ്ക് പോലെ ഒരു സാധനം. 75 വയസ് പൂർത്തിയാക്കിയ ആ വിശുദ്ധ ഗ്രന്ഥം രോമാഞ്ചകഞ്ചുകമണിഞ്ഞു. പക്ഷേ സജി പറഞ്ഞത് പുതിയ CJP ബന്ധത്തിൽ മോദി യാഥാർത്ഥ്യമാക്കാൻ തുടക്കമിട്ടു. ഇന്ത്യ ൻ പീനൽകോഡ് മാറ്റി എഴുതി. കുന്തത്തിനു പകരം പുള്ളിക്കു ശൂലം ആണ് ഇഷ്ട ആയുധം. ഗുജറാത്തിൽ പണ്ട് പരീക്ഷിച്ച് വിജയിച്ചതാണല്ലോ. ഇന്ത്യൻ പീനൽകോഡ്, ഇന്ത്യൻ ഭരണഘടന എന്നൊക്കെ കേൾക്കുമ്പോൾ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ഓർമ്മ വരുന്നത് BJP യ്ക്കും CPM ഉം അല്ല CJP ക്കു തന്നെ ഹാനികരം. അതു മാറ്റി ഭാരതീയ ന്യായസംഹിത ആക്കുമ്പോൾ പുത്തൻ തലമുറ ഭാരതത്തിനു സ്വാതന്ത്ര്യം നേടി തന്നത് ഭാരതീയ ജനതപാർട്ടി എന്നു ധരിക്കുമല്ലോ. ബുദ്ധി CPM ന്റെതോ BJP യുടെതോ. പക്ഷേ ഇന്ത്യൻ മഹാസമുദ്രം BJP യുടെയും CPM ന്റെയും ഒരുത്തന്റെയും തന്തയുടെ വക അല്ലാത്തതിനാൽ ആ പേരിൽ തന്നെ നിലനില്ക്കും.

ലോക്സഭ ഇലക്ഷന് സഖാക്കളുടെ വീമ്പിളക്കൽ എന്തായിരുന്നു. 543 സീറ്റിലെ അവസാനത്തെ അക്കം സീറ്റ് നേടി. അപ്പോൾ ലോക്സഭയിൽ മൂന്നിലൊന്നു പ്രാതിനിധ്യമായി എന്ന് ഡോ. ബേബി. MA, BA, BY. (MBA, BBA, BAM എല്ലാം പേരിലുള്ള പണ്ഡിതൻ) വടകരയിൽ വനജ സോറി, ശൈലജ ടീച്ചർ റെക്കോർഡ് ഭൂരിപക്ഷത്തിൽ തോറ്റത് വർഗ്ഗപാർട്ടി വർഗ്ഗീയകാർഡ് കളിച്ചതിനാൽ. ഷാഫി പറമ്പിലിനെതിരെ 'കാഫിർ' പോസ്റ്റർ പ്രചരിപ്പിച്ചു. പൊട്ടൻമാരെപ്പോലെയല്ല എന്ന് വടകരക്കാർ തെളിയിച്ചു. ഇങ്ങ് പാലക്കാട്ട് മറ്റൊരു വർഗ്ഗീയ വിജയരാഘവൻ പുലമ്പിയത് ''രാഹുൽഗാന്ധിയും പ്രിയങ്കഗാന്ധിയുമെല്ലാം ജയിച്ചത് മുസ്ലീം തീവ്രഭീകരവാദികളുടെ പിൻബലത്തിലെന്ന്. വർഗ്ഗീയതയും വിവരക്കേടും മാത്രം പറയുന്ന വഷളൻചിരിയുടെ പി. ബി അംഗം. കമ്മ്യൂണിസ്റ്റുകാരന് വിവരക്കേട് അലങ്കാരം പക്ഷേ അത്തരക്കാരെ പി.ബി അംഗം ആക്കുന്നത് തനി വിവരമില്ലായ്മ. 9 വർഷമായി പിണറായി ഭരിക്കുന്ന കേരളത്തിലെ വയനാട്ടിലും പാലക്കാട്ടും എല്ലാമായി 6 ലക്ഷത്തോളം മുസ്ലീം തീവ്രവാദികളെന്നാണല്ലോ വർഗ്ഗീയ രാഘവൻ പറഞ്ഞത്. എങ്കിൽ മോദി 356 വകുപ്പ് പ്രകാരം കേരള സർക്കാരിനെ പിരിച്ചു വിടണ്ടേ ? ഈയിടെ കേന്ദ്രമന്ത്രി പറഞ്ഞത് കേരളം മിനി പാകിസ്ഥാൻ എന്ന്. അതായത് പിണറായി പാക്കിസ്ഥാൻ മുഖ്യമന്ത്രി. രാഹുൽഗാന്ധി വയനാട് മത്സരിച്ചപ്പോൾ ലീഗിന്റെ പച്ചക്കൊടി കാട്ടി രാഹുൽഗാന്ധി പാക്കിസ്ഥാനിൽ മത്സരിക്കുന്നു എന്നു BJP യും RSS ഉം പ്രചരിപ്പിച്ചു. മോഹൻ ഭാഗവതിന്റെയും വിജയരാഘവന്റെയും ശബ്ദം ഒരു പോലെ. പട്ടണപ്രവേശത്തിൽ ശ്രീനിവാസൻ ചോദിച്ച പോലെ. ചേട്ടാ ചേട്ടന്റെ നാട് എവിടെയാ കായംകുളത്താണോ. പ്രിയങ്കയുടെ മൂന്നുലക്ഷത്തിനു മുകളിലെ ജയത്തിൽ BJP പോലും വർഗ്ഗീയത പറഞ്ഞിട്ടില്ല. മതവിഷം ചീറ്റുന്നതിൽ CPM നെ തോല്പിക്കാനാവില്ല മക്കളെ. CPM ഉം **BJP** യും ഒന്നാണെന്ന് ഇനിയും മനസ്സിലാകുന്നില്ലെങ്കിൽ അവരുടെ തലയിൽ ചോ റില്ല പകരം ചേറ് മാത്രം. വിവരക്കേടിന്റെ പര്യായമായ രാഘവൻ മുമ്പ് SFI ക്കാരന്റെ വീട്ടിൽ നിന്ന് യൂണിവേഴ്സിറ്റി ഉത്തരക്കടലാസിന്റെ ബണ്ടിലുകൾ പിടിച്ചെടുത്തപ്പോൾ ഉത്തരം എഴുതാത്ത കടലാസ് എങ്ങനെ ഉത്തരക്കടലാസ് ആകുമെന്ന വിഡ്ഢിത്തം. വന്ദേഭാരതും മറ്റു ട്രെയിനും എങ്ങനെ തീവണ്ടി ആകും. ഫയർ എഞ്ചിൻ മാറ്റി വാട്ടർ എഞ്ചിൻ ആക്കണ്ടേ ? ഉള്ളിൽ ചെല്ലുന്ന പുകയുടെ അളവ് ഈയിടെ കൂട്ടുന്നത് കേരളത്തിന്റെ ആരോഗ്യത്തിനു ഹാനികരമാകുന്നത് ശ്രദ്ധിക്കണേ അമ്പാനേ. വിലക്കയറ്റവും നികുതി, ഫീസ് വർദ്ധനവിലും ജനം നട്ടം തിരിയവേ തലസ്ഥാനത്ത് വഞ്ചിയൂരിൽ കോടതിയുടെ മൂക്കിനു താഴെ റോഡിന് നടുവിൽ സ്റ്റേജ് കെട്ടി കമ്മ്യൂണിസത്തിന് സ്റ്റഡി ക്ലാസ്. കോടതി സ്വമേധയാ കേസെടുത്തു. വിജയരാഘവന്റെ ഉത്ബോധനം കേട്ടല്ലോ ? ആളുകൾ കാർ എടുത്ത് റോഡിൽ ഇറങ്ങുന്നതെന്തിന് ? വലിയ കാർ എന്തിന് ? അമ്മായിഅമ്മയ്ക്ക് വായുഗുളിക വാങ്ങാൻ കാറ്. സല്ലപിച്ചാണ് യാത്ര ? പണ്ടൊക്കെ നടന്നല്ലേ നമ്മൾ പോയിരുന്നത്. ഇതൊക്കെ കേട്ട് കൈയടിക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നവനെ മാവോയിസ്റ്റുകൾ വെടിവെച്ചു കൊല്ലാതെ സൂക്ഷിക്കുക. ജഗതി

ചോദിച്ച പോലെ റോഡിലൂടെയാണോടാ കാർ ഓടിക്കുന്നതെന്ന് ചോദിക്കാത്തതിന് ദൈവത്തിനു സ്തുതി.

ചിറ്റപ്പന്റെ സ്ഥിതി പരിതാപകരം. മന്ത്രി സ്ഥാനത്തിനു പിറകേ ആഗസ്റ്റ് വിപ്ലവത്തിൽ കൺവീനർ സ്ഥാനവും പോയി. ബി.ജെ.പി നേതാവ് ജാവേദ്കറുമായി ചായസൽക്കാരം. ബി.ജെ.പി കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറുമായുള്ള ചങ്ങാത്തം എല്ലാം തിരിഞ്ഞു കൊത്തി. സമനില തെറ്റി പറഞ്ഞതെങ്കിലും അപാരബുദ്ധി. കേരളത്തിൽ പിണറായിയെയും സി.പി.എം നെയും തകർക്കാൻ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നും അതിവിദഗ്ദ്ധരെ കേരളത്തിലേയ്ക്ക് അയയ്ക്കുന്നു. പക്ഷേ അമേരിക്ക പറയുന്നത് കേരളത്തിൽ നിന്ന് ഒരു മടയൻ കുടുംബസമേതം ഇവിടെ വന്നു. അമേരിക്കക്കാരെയും മണ്ടൻമാരാക്കാൻ ശ്രമിക്കുന്നു എന്നാണ് അതെന്തായാലും പാലക്കാട്ടെ തെരഞ്ഞെടുപ്പ് സൃഷ്ടിച്ച കോലാഹലം എന്തായിരുന്നു.സീറ്റുമോഹി സരിൻ ബിജെപിയെ സമീപിച്ച് നാണംകെട്ടു. ഉറങ്ങി എണീറ്റ് നേരെ CPM ൽ. BJP രണ്ടാം സ്ഥാനത്തു സ്ഥിരം വരുന്നിടത്ത് LDF ശക്തനായ സ്ഥാനാർത്ഥിക്കു പകരം സരിന് സ്തെസ്കോപ്പ് നല്കി സ്ഥാനാർത്ഥിയാക്കി. ജനം 'എനിമ' നല്കി ഇളക്കി ഡോക്ടറെ ചികിത്സിച്ചു ഭേദമാക്കി. BJP യെ ജയിപ്പിക്കാൻ വീണ്ടും നാണം കെട്ട പണി. രണ്ടു മുസ്ലീം പത്രത്തിൽ വർഗ്ഗീയവിഷം വമിക്കുന്ന സന്ദീപും കോൺഗ്രസും എന്നു മുഴുപേജ് പരസ്യം. പാലക്കാട്ടെ എ.കെ.ബാലൻ സന്ദീപിന് നല്കിയ സർട്ടിഫിക്കറ്റ് ഓർമ്മയില്ലേ. ക്രിസ്റ്റൽക്ലിയർ നമ്പർ വൺ കമ്രേഡ്. AKG ഗവേഷണ കേന്ദ്രത്തിൽ MRI സ്കാനിംഗും DNA ടെസ്റ്റും നടത്തി ബാലൻ നൽകിയ സർട്ടിഫിക്കറ്റുമായി സന്ദീപ് ചേർന്നത് കോൺഗ്രസിൽ. ഉടൻ ബാലന്റെ തനിനിറം കണ്ടു. വാര്യർ ഡയമണ്ട് ഹാർഡ് & നമ്പർ വൺ ഫ്രോഡ്. റിസൽറ്റ് തിരുത്തി. ബാലന്മാരുടെ പ്രൊഡ്യൂസർ ബഹുവചനമാണോ എന്ന് ജനം ചോദിച്ചാൽ കുറ്റം പറയാനാകുമോ ? പാതിരാത്രി സഖാക്കളും സംഘികളും സംഘം ചേർന്ന് നീലട്രോളി കള്ളപ്പണ റെയ്ഡ് നാടകം. സംഘിയായ ADGP യും SFI എസ്.പി മാരും മുനിസിപ്പാലിറ്റി മുഴുവൻ തപ്പി. പാതിരാവിൽ വനിതകളുടെ വാതിലിൽ മുട്ടി. നടിമാരുടെ വാതിലിൽ മുട്ടിയവർക്കെതിരെ ഉറഞ്ഞു തുള്ളിയ സഖാത്തികൾ കോൺഗ്രസ് വനിത നേതാക്കളുടെ മുറിയിൽ പുരുഷ പോലീസ് തപ്പിയതിനെ ന്യായീകരിച്ചു വിളറി വെളുത്തു. ഒടുവിൽ ആടു കിടന്നിടത്ത് പൂട പോലും ഇല്ലെന്ന് പോലീസ്. അപ്പോൾ സൂര്യ ടിവിയിലെ സാബുമോന്റെ 'തരികിട' എന്ന പോലെ CPM ന്റെ ഒരു കോമഡി ഷോ എന്നു പറഞ്ഞു തടിതപ്പി. എന്തായാലും രാഹുൽ MLA യ്ക്ക് നീല ട്രോളി നൽകി ഷംസീർ പഴയ സ്പീക്കർ എം.ബി.രാജേഷിന് പകരം വീട്ടി.

തൃശൂരിലാകട്ടെ, കെ.മുരളീധരൻ നേമത്ത് BJP അക്കൗണ്ട് പൂട്ടിച്ചതിന്റെ പ്രതികാരം തീർക്കാൻ സർക്കാരും CPM ഉം ADGP യും പൂരം കലക്കി സഹായിച്ചു. CPIയെബലിയാടാക്കിയതിൽ സ്ഥാനാർത്ഥി വി.എസ്.സുനിൽ കുമാർ തന്നെ പച്ചയായി CPM + BJP = CJP സമവാക്യം വെളിപ്പെടുത്തി. കായംകുളം കൊച്ചുണ്ണിയ്ക്കു ശേഷം പേരെടുക്കുന്നത് ഇപ്പോഴാണ്. കേരള എക്സൈസ് സംഘ വലിയന്മാരെ തൊണ്ടിയോടെ പിടിച്ചു കേസാക്കി പിടിച്ച തെണ്ടിയെ സ്ഥലം മാറ്റി സർക്കാരും കൈവിട്ട ആയുധവും വായിൽ നിന്നു വിട്ട പുകയും തിരിച്ചെടുക്കാനാവില്ലല്ലോ? നല്ല പ്രതിഭയുള്ള കുടുംബത്തിലെ പയ്യൻ വലിച്ചില്ലെന്നു അമ്മ എം.എൽ.എ. പിന്നെ അത് പിൻവലിച്ച് രണ്ട് പഫ് എടുത്തു കാണുമെന്നായി. പഫും പഫ്സും തിരിച്ചറിയാത്ത പ്രായമല്ലേ കുഞ്ഞിന്. ക്യാപ്സൂൾ മന്ത്രി സജി ചെറിയാൻ ന്യായീകരിച്ച രീതി കലക്കി. ഞാനും വലിക്കും. എം.ടി ഒരു കെട്ടു ബീഡി വലിക്കും. പാവം എം.ടി യെ കഞ്ചാവ് വലിയനാക്കി. പയ്യൻ ആരെയും പീഡിപ്പിക്കാത്തത് സജിയുടെ ഭാഗ്യം. അല്ലെങ്കിൽ ഞാനും എത്ര സ്ത്രീകളെ പീഡിപ്പിച്ചിട്ടുണ്ട്. ഗോവിന്ദച്ചാമി പീഡിപ്പിച്ചു കൊന്നില്ലേ എന്നു ന്യായീകരിച്ച് വെട്ടിലായേനേ. വിദേശിയുടെ സൈസ് ഹശീഷ് ഷെഡ്ഢി വെട്ടിച്ചുരുക്കി 18 ഇഞ്ചാക്കി കോടതിയെ കബളിപ്പിച്ച് വിദേശിയെ രക്ഷപ്പെടുത്തിയ ആന്റണി രാജുവിനൊപ്പം മന്ത്രിസഭയിലിരുന്നതിനാൽ രക്ഷാപ്രവർത്തനം നന്നായി പഠിച്ചിട്ടുണ്ട്. എന്തായാലും സുപ്രീംകോടതി അത് പുനരന്വേഷണ ഉത്തരവിട്ടിട്ടുണ്ട്.

പാടത്തെ പണിക്ക് വരമ്പത്ത് കൂലി അഥവാ ഉടൻ പണം കോടിയേരി പദ്ധതിയാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും ''ഇവിടൊന്നും കിട്ടിയില്ല'' എന്ന പരുവത്തിൽ ജീവനക്കാരും പെൻഷൻകാരും. മരിച്ച MLA യുടെ മകന് ആശ്രിതനിയമനം നല്കി എഞ്ചിനീയറാക്കിയ പണി സുപ്രീംകോടതി റദ്ദാക്കി. രണ്ടാമത്തെ

എം.എൽ.എ യുടെ മകൻ ഉടൻ പുറത്താകും. ഇല്ലാത്ത അധികാരം ഉപയോഗിച്ച സർവ്വാധിപ തിയുടെ മർമ്മത്തിന് കിട്ടിയ ചവിട്ട്.

പി.എസ്.സി ക്കും കിട്ടുന്നുണ്ട് സുപ്രീം കോടതി വക ഭത്സനം. സുപ്രീംകോടതിയുടെ ഡസനോളം വിധികളിൽ പറഞ്ഞിട്ടുള്ള മുൻ കാല പ്രാബല്യത്തിൽ റദ്ദായ റാങ്ക് ലിസ്റ്റ് കാലാ വധി നീട്ടരുതെന്ന വിധിയാണ് 2020 മാർച്ച് മാസം ബഹു. സക്കീർ കമ്മീഷൻ മുൻകാല പ്രാബല്യത്തിൽ കാലാവധി നീട്ടിയത്. ഒരു ദിവ സമെങ്കിലും കാലാവധി നീട്ടൽ ആനുകൂല്യം ലഭിച്ച റാങ്ക്ലിസ്റ്റ് ഒഴികെ ഉള്ളവ മാത്രം നീട്ടിയത് സുപ്രീംകോടതി റദ്ദുചെയ്ത മറ്റു ലിസ്റ്റുകൾക്കും അത് നല്കിയപ്പോഴും നാ ണം കെട്ടു. ഒടുവിൽ 2012 ലെ വാട്ടർ അതോറിറ്റി ക്ലാർക്ക് ലിസ്റ്റിൽ പി.എസ്.സി മാറി മാറി മറുകണ്ടം ചാടിയതും സെലക്ഷൻ കുത്തഴിഞ്ഞ കൂമ്പാരമാക്കി, സ ത്യവാങ്മൂലം ലംഘിച്ചു കുഴപ്പം മൊത്തം PSC യ്ക്കാണെന്ന് പറയാൻ ഞങ്ങൾക്കൊരു മടി യുമില്ല എന്ന സുപ്രീംകോ ടതി വിധി ചില്ലിട്ട് സൂക്ഷിക്കുന്നത് എന്നും നമുക്ക് നാണക്കേടാണ്. സർവ്വകലാശാല ഓഫീസ് അറ്റൻഡന്റ് ബിരുദ അയോഗ്യത കല്പിച്ച പി.എസ്.സി തീരുമാന വും കോടതി റദ്ദാക്കിയതും വൻ തിരിച്ചടിയാ യി. ചന്തുവിനെ തോല്പിച്ചപോലെ പലവട്ടം പ ല കോടതികൾ PSC യെ തോല്പിച്ചു. ചന്തുവി നും PSC യ്ക്കും തോൽക്കാൻ ഇ നിയും എത്ര എത്ര ബാക്കി. എന്നാൽ യുഡിഎഫ്, കമ്മീ ഷനുകളുടെ ഇന്റർവ്യൂ മാർക്ക് 100 ൽ നിന്ന് 50. 50 ൽ നിന്ന് 20. പി.എസ്.സി യ്ക്ക് സ്വന്തം എംബ്ലം. പി.എസ്.സി ബുള്ളറ്റിൻ. സ്വന്തം പ രീക്ഷാഹാളുകൾ. ജില്ലകൾക്കു സ്വന്തം ഭൂമി യിൽ സർക്കാർ കെട്ടിടം. മേഖലാ ആഫീസു കൾ. ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ. റാങ്ക് ലിസ്റ്റിൽ എഴുത്തു പരീക്ഷ, ഇന്റർവ്യൂ മാർക്ക് അറിയിക്കൽ. ഇന്റർവ്യൂ മാർക്കിന്റെ 70% (20 ൽ 14) മുകളിൽ മാർക്ക് നല്കാത്ത അലിഖിത ചട്ടം. വിരമിക്കുന്നവർക്ക് കമ്മീഷന്റെ യാത്ര യയപ്പ്, മൊമെന്റോ ചായ സല്ക്കാരം. കമ്മീ ഷന്റെ പ്രാക്ടിക്കൽ ടെസ്റ്റുകൾക്കു PSC ഉദ്യോ ഗസ്ഥർ ബോർഡ് ചെയർമാൻ, സ്ത്രീകൾക്ക് സ്വന്തം ജില്ല / താലൂക്കിൽ തന്നെ പരീക്ഷാ കേന്ദ്രം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത നേട്ട ങ്ങൾ ചില്ലിട്ടു വയ്ക്കാനുണ്ട്. ഇതെല്ലാം കണ്ടും കേട്ടും എംപ്ലോയീസ് യൂണിയന് മിണ്ടാട്ടം ഇല്ല. പക്ഷേ സെക്രട്ടറിയേറ്റുകാർ ഒരു കോടി ദേശാഭിമാനിക്ക് നല്കിയാൽ PSC യൂണിയൻ മുപ്പതുലക്ഷം നല്കി മാനം കാത്തു. പിടിച്ചു പറിക്കാൻ ഉള്ള ആ കഴിവ് സർക്കാരിൽ നിന്ന് ചോദിച്ച് വാങ്ങാൻ സ്റ്റഡി ക്ലാസിൽ പഠിപ്പിക്കാൻ സാറില്ലാതെ പോയി. പിന്നെ 8 ഗഡു ഡി.എ കുടിശ്ശിക എങ്കിൽ 2 ഗഡു തന്നില്ലേ എന്ന് മറു ചോദ്യം. ഒരാഫീസിൽ ജോലി കിട്ടുന്നവരിൽ ബുദ്ധി ഇല്ലാത്തവർ ഉണ്ടാകും. പക്ഷേ വരുന്ന മണ്ടൻമാരെല്ലാം കൂടി ഒരൊറ്റ യൂണിയനിൽ മെമ്പർഷിപ്പെടുത്താൽ ദൈവത്തിനു പോലും രക്ഷിക്കാനാവില്ല. കൊട്ടി ഘോഷിച്ച മെഡി സെപ്പ് പേര് മാറ്റി ഉഡായിപ്പ് എന്നാക്കി. പുതു വർഷം ശമ്പളത്തിന്റെ 30% ജീവാനന്ദം പിടിച്ചു പറിക്കാൻ ഫയൽ നീങ്ങിയിട്ടുണ്ട്. നോട്ടുനിരോ ധനത്തിൽ ഡോ. മൻമോഹൻ പറഞ്ഞ പോലെ Organised loot and legalised plunder. അതായത് സംഘടിത കൊള്ള, നിയമപരമായ പിടിച്ചുപറി. മോദിയും വിജയനും രണ്ടല്ലല്ലോ. ഒന്നാണെന്ന് ഇടയ്ക്കിടെ ലാവ്ലിൻ കേസ് നമ്മെ ഓർമ്മിപ്പി ക്കുന്നുണ്ട്. ഐ.എ.എസ്, IPS തമ്മിലടി. ഐ. എ.എസുകാർതമ്മിലടി.DGP-ADGP ഗുസ്തിപി.വി അൻവർ പറഞ്ഞത് ക്വാർട്ടേഴ്സിലെ തേക്കു മുറിച്ച് ഡൈനിംഗ് ടേബിളാക്കുന്ന പോലീസു കാർ. ഭിക്ഷ ചോദിച്ചു വരുന്ന വയോധികയുടെ പത്തു രൂപ വരെ പിടിച്ചുപറിക്കുന്ന പോലീ സ്. ജീവനക്കാരും പൊതുജനവും ഒന്നു പോ ലെ സ്നേഹിച്ച പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിനെയും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെയും ചരിത്രം മറക്കുകയില്ല. പക്ഷേ ഇപ്പോൾ ജീവ നക്കാർ എന്തെല്ലാമാണ് മറക്കേണ്ടത്. 6 ഗഡു ഡി.എ കുടിശ്ശിക, 4 വർഷമായ ലീവ് സറണ്ട ർ, ശമ്പളപരിഷ്കരണ കുടിശ്ശിക, 15% വരെ സർവ്വീസ് വെയിറ്റേജ് ഇല്ലാതാക്കിയത്, **HBA, CCA** ഇല്ലാതാക്കിയത്. തന്ന 2 ഗഡു ഡി.എ യുടെ 39 മാസത്തെ കുടിശ്ശിക. 01-07-2024 മുത ലുള്ള ശമ്പള പരിഷ്കരണം PSC യ്ക്ക് ഒരു മാസ അവധിയ്ക്ക് ലഭിച്ചിരുന്ന പ്രമോഷൻ, പതിവു ജോലിയ്ക്ക് പുറമേയുള്ളവയ്ക്കുള്ള ഹോണ റേറിയം, എൻ.പി.എസുകാരുടെ 14% സർക്കാർ വിഹിതം, ഡി.സി.ആർ.ജി, പഴയ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്. ഇതെല്ലാം മറക്കുന്നതിലും എളുപ്പവും ഭാവിയിൽ പ്രയോജനം ചെയ്യുന്നതും നശീകരണ സ്വഭാവമുള്ള അരിവാളും ചുറ്റികയും പോലുള്ള ചിഹ്നങ്ങൾ തലച്ചോറിൽ നിന്നും മറ ക്കുക. അതെ Delete Permanently എന്നതിൽ ക്ലിക്ക് ചെയ്ത് സ്വയം രക്ഷപ്പെടുക.



# കാകദൃഷ്ടി

**തു**ളസിക്കുന്നിലെ ആൽമരക്കൊമ്പിലിരുന്ന കിളി രാവിലെ പഞ്ച് ചെയ്ത ശേഷം കൂട്ടം കൂട്ടമായി പുറത്തിറങ്ങി പോകുന്ന ചുവപ്പൻ കിളികളുടെ പുറകേ പറന്ന് എത്തിയത് ഹുജൂർ കച്ചേരിക്ക് മുൻപിലാണ്. കിളിക്ക് ആശ്ചര്യമായി നുമ്മ സർക്കാർ ഭരിക്കുമ്പോൾ സേട്ടന്മാർക്ക് ഇവിടെയെന്ത് കാര്യം. നോക്കുമ്പോൾ ഒരു ധർണ്ണയ്ക്കുള്ള വട്ടം കൂട്ടാണ്. ഈ പാവം കിളിയ്ക്ക് തോന്നിയ അതേ സംശയം ചുവപ്പൻമാരുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ ചില 'മാപ്ര'കൾക്കും തോന്നി. സർക്കാരിനെതിരെ ആണോ സമരമെന്ന ന്യായമായ ഒരു ചോദ്യം ചോദിക്കാതെ തരമില്ലല്ലോ ? ഇതിനുള്ള മറുപടിയാണ് കിളിയെ ഞെട്ടിച്ചത്. സമരം സർക്കാരിനെതിരെയല്ല എന്നും, സർക്കാർ പി.എസ്.സി യ്ക്ക് എല്ലാം നൽകിയെന്നും, പി.എസ്.സി യ്ക്ക് ഇപ്പോൾ തന്നെ അപാരശക്തിയാണെന്നും, പിന്നെ കുറച്ച് ശക്തി കൂടി തരാമെന്ന് പറഞ്ഞത് ചോദിക്കാനും അല്പം കാറ്റുകൊള്ളാനുമാണ് സെക്രട്ടറിയേറ്റ് നടയിൽ വന്നതത്രേ! ഭക്തിനിർഭരവും തീഷ്ണവുമായ ആ സമരം സൂര്യനും ചന്ദ്രനും ഫീനിക്സ് പക്ഷിയുമൊക്കെയായ മുഖ്യന് അഭിവാദ്യമർപ്പിച്ച് പിരിച്ചുവിട്ടതായാണറിവ്. ഈ അപാർശക്തിവാല പി.എസ്.സി യിൽ നിന്ന് സർവ്വീസിന്റെ 19-ാം വർഷം അസിസ്റ്റന്റായി തന്നെ ഹതഭാഗ്യനായ ഒരു സഹോദരൻ വിരമിക്കുന്നത് എന്ന് ഓർക്കുമ്പോൾ കിളിക്ക് കമ്മീഷനെയും എല്ലാം നേടിത്തരുന്ന സംഘടനയെയും ഓർത്ത് ഉൾപുളകം തോന്നാതെയില്ല.

സർക്കാർ പി.എസ്.സി യ്ക്ക് ഒന്നും നൽകിയില്ല എന്നു പറയുന്നത് ശരിയല്ല എന്നും അണ്ടിപ്പരിപ്പാണ് നൽകുന്നതെങ്കിലും ഒരു മുഷിപ്പും കാട്ടാതെ ഇവിടുത്തെ ജോലികളായ ജോലികളെല്ലാം ചെയ്യുന്ന ബഹു. കമ്മീഷനംഗങ്ങൾക്കും വിരമിച്ച പൂർവ്വീകർക്കും ത്യാഗനിർഭരവും സമർപ്പിതവുമായ അവരുടെസേവനം പരിഗണിച്ച് 246% ഡിഎ അനുവദിച്ച് കുടിശ്ശിക പണമായി നൽകാനും ചോദിച്ചത്രയും ശമ്പള വർത്തനവ് നൽകാൻ തീരുമാനിച്ചതുമായ ആ നടപടിയെ എത്ര വാഴ്ത്തിയാലും മതിയാകില്ല. സാദാ കിളികൾക്ക് എന്ത് ഡി.എ ? എന്ത് കുടിശ്ശിക ?

ത്രിവർണ്ണക്കാർ പൂർവ്വാധികം ശക്തിയായി പ്രവർത്തിക്കുന്നു എന്നൊരു നല്ല വാക്ക് ചുവപ്പർ സംഘം പറഞ്ഞതിൽ അവരോടുള്ള ചാരിതാർത്ഥ്യം ചില്ലറയല്ല. പക്ഷേ ഒരു കാര്യത്തിൽ മാത്രമാണ് വിയോജിപ്പ്. ത്രിവർണ്ണക്കാരുടെ ഫ്ളക്സുകളും, നോട്ടീസുകളും അശ്ലീലം നിറഞ്ഞവയാണെന്നുള്ള ഭാഷ്യമാണത്. ഡി.എ, റ്റി.എ, ലീവ് സറണ്ടർ, എച്ച്.ബി.എ, ശമ്പള പരിഷ്കരണം, കുടിശ്ശിക തുടങ്ങിയ പദങ്ങൾ ഒക്കെ അടിമക്കമ്മികളുടെ സദാചാര നിഘണ്ടുവിൽ അശ്ലീല പദങ്ങളായിരിക്കാം. പക്ഷേ മറ്റുള്ളവർക്ക് അത് പച്ചയായ ജീവിത യാഥാർത്ഥ്യവും അവകാശ ബോധത്തിന്റെ പ്രതീകങ്ങളുമാണ്. ഇവിടെയൊക്കെ അധികാര ധാർഷ്ട്യത്തിന്റെയും ഭരണ പരാജയത്തിന്റെയും ജനവഞ്ചനയുടെയും ദുർഗന്ധം വമിക്കുന്നുവെന്ന യാഥാർത്ഥ്യം തിരി

ച്ചറിഞ്ഞത് നന്ന്. അതിന് ഈ സർക്കാരിനെ സ്തുതി പാടി വഴിതെറ്റിക്കുന്നവർ മാത്രമാണ് ഉത്തരവാദികൾ. ജീവനക്കാരെ ശത്രുക്കളായി കാണുന്ന പൊതുജനത്തെ വെറും അടിമകളായി കാണുന്ന ഈ സർക്കാരിനെ കാലം തൂത്തെറിയുക തന്നെ ചെയ്യും. പിന്നീട് സദ്ഭരണത്തിന്റെയും സമഭാവനയുടെയും സുഗന്ധം പരത്തിക്കൊണ്ട് ഒരു പുതിയ സർക്കാർ അധികാരത്തിലേറും. അത് വരെ എല്ലാവരും കാത്തിരിക്കാനേ നിവൃത്തിയുള്ളൂ.

ഡി.എ, സറണ്ടറുമൊന്നുമില്ലെങ്കിലും മാന

കൊള്ളാതെ ടൂവീലറൊന്നൊതുക്കി വയ്ക്കാൻ നോക്കിയാൽ ആകെയുള്ള ഇടങ്ങളിലെല്ലാം ഇ-വേസ്റ്റ് കൂമ്പാരങ്ങളാണ്. ഇതൊക്കെ കിളികൾ ആരോട് പറയാൻ.

ഉദ്യോഗാർത്ഥികളുടെ വ്യക്തിഗതവിവരങ്ങൾ ചോർന്നു എന്നത് സംബന്ധിച്ച് ഒരു ബേജാറും ആർക്കും ഇല്ലെങ്കിലും ഇത് സംബന്ധിച്ച ചർച്ചാക്കുറിപ്പ് ചോർന്നതാണിപ്പോൾ പുലിവാലായിരിക്കുന്നത്. കപ്പലിലെ കള്ളനെ കണ്ടെത്താൻ ക്രൈംബ്രാഞ്ചിനെയാണ് ഏർപ്പാടാക്കിയിട്ടുള്ളത്. എല്ലാ കിളികളുടെയും ഫോൺനമ്പർ



സികോല്ലാസത്തിന് വിവിധങ്ങളായ കാഴ്ചകളും നവനിർമ്മിതികളും തുളസിക്കുന്നിലെമ്പാടും ഒരുങ്ങുകയാണല്ലോ ? 27 ലക്ഷത്തോളം മുടക്കി നവീകരിച്ച ക്യാന്റീനിൽ നിന്ന് ഊണ് കഴിച്ചിറങ്ങിയാൽ തൊട്ടടുത്ത് ഒരു കോടിയുടെ വാഷ് റൂമാണ് ഒരുക്കിയിരിക്കുന്നത്. മറുവശത്തായി പൈതൃക മന്ദിരത്തിൽ ദശലക്ഷങ്ങൾ മുടക്കി മ്യൂസിയം നിർമ്മാണം തകൃതിയിൽ പുരോഗമിക്കുന്നു. ഉദ്യാനപാലനവും സൗന്ദര്യവൽക്കരണവും കെങ്കേമം. ഇതിനൊക്കെ മേൽനോട്ടം വഹിക്കാൻ നിലവിലെ കാര്യസ്ഥൻമാർക്ക് തീവ്രത പോരാത്തതുകൊണ്ട് പഴയ ചെങ്കീരി കാര്യസ്ഥനെയും ഇറക്കിയിട്ടുണ്ട്. 'റ'പോലെ വളയാനും റാൻ മൂളാനും അദ്ദേഹത്തോളം ആരും വരില്ലത്രേ! ഇങ്ങനെ പോയാൽ പി.എസ്.സി വിട്ടു പോയെന്നു കരുതി സമാധാനിച്ച പഴയ പല വിരുതന്മാരും തിരിച്ചു വരുമോ എന്ന് പാവം കിളികൾക്ക് ചങ്കിടിപ്പ് തോന്നാതെയില്ല. നിർമ്മാണങ്ങൾ പെരുകുമ്പോഴും മഴയും വെയിലും

അവരോട് ഒരു വാക്ക് ചോദിക്കാതെ കൊടുക്കാനും ഏർപ്പാടായി കഴിഞ്ഞു. സംഗതി പോലീസാണ്. ചുറ്റിക്കളികളുള്ള കിളികളൊക്കെ ആകെ അങ്കലാപ്പിലായിട്ടുണ്ട്. ചക്കിന് വച്ചത് കൊക്കിനു കൊണ്ട അവസ്ഥ.

മുളമൂട്ടിലെ വായ്പാസംഘം മെഡിസെപ്പിനെ തള്ളിപ്പറഞ്ഞത് കിളിക്ക് നന്നെ ബോധിച്ചു. സ്വന്തം തടി കേടാവുമ്പോൾ വെളിവുണ്ടാകുന്നത് സ്വാഭാവികം. ഉഡായിപ്പു മെഡിസെപ്പിനെ . തങ്ങളുടെ സ്ഥിരം ഇനമായ കൊള്ളപ്പിരിവിന്റെ മറ്റൊരു വകഭേദമായി പൂർണമായി ഉൾക്കൊണ്ട് തന്നെ കൊള്ളാവുന്ന മറ്റേതെങ്കിലും പോളിസി ഒപ്പിക്കാനുള്ള തത്രപ്പാടിലാണത്രേ സംഘം.

സി.ജെ.പി എന്നൊക്കെ പാലക്കാട് ഉപതെരഞ്ഞെടുപ്പ് സമയത്ത് കേട്ടപ്പോൾ കിളിക്ക് അതങ്ങോട്ട് പൂർണ്ണമായി ദഹിച്ചില്ല. പക്ഷേ കഴിഞ്ഞ പണിമുടക്കും ഈയിടെ തുളസിക്കുന്നിലെ കേന്ദ്ര ബജറ്റിനെ പുകഴ്ത്തിതാമരക്കിളികൾ വച്ച ഫ്ളക്സും കണ്ടപ്പോൾ കിളിക്ക്

എല്ലാം മണി മണിയായി വെളിപ്പെട്ടു. ഫ്ളക്സിൽ കാവി വർണ്ണം ചുവപ്പു രാശിയിൽ അലിഞ്ഞില്ലാതാവുകയാണോ അതോ ചുവപ്പ് കാവിയിൽ അലിഞ്ഞു ചേരുകയാണോ എന്ന സംശയം മാത്രമാണ് ബാക്കി.

രണ്ടാം ശനിയാഴ്ചകളിലെ നിർബന്ധിത പരീക്ഷ ഡ്യൂട്ടി ജീവനക്കിളികളെ ചില്ലറയല്ല വലയ്ക്കുന്നത്. രണ്ട് ദിവസം ഒരുമിച്ച് അവധി കിട്ടുമ്പോൾ ജോലിത്തിരക്കുകളിൽ നിന്ന് ഒരാശ്വാസത്തിനായി ഒരു യാത്ര പോലും നടത്താൻ പറ്റാത്ത അവസ്ഥ. ഇങ്ങനെ ഒക്കെ ചിലക്കാമോ ആവോ ? ഒന്നു ക്രിസ്തുമസ് ആഘോഷിച്ചതിന്റെ പുകിൽ ഇതുവരെ തീർന്നിട്ടില്ല.

വരുതിയിൽ നിൽക്കാത്തവർക്ക് പണി കൊടുക്കുന്ന ചുവപ്പൻ അടവ് ചിലരൊക്കെയും പയറ്റിത്തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഭാഗമായി **OMR** ന്റെ A പാർട്ട് B പാർട്ടിൽ ഒളിക്കാനും വ്യാജ പരാതികൾ ചമച്ച് ദ്രോഹിക്കാനുമൊക്കെ തുടങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന് തന്നെ കളങ്കമാകുമെന്ന് ഓർത്താൽ നന്ന്. തപാലുകൾ കണ്ണുകൊണ്ട് സ്കാൻ ചെയ്തശേഷം അപ്രത്യക്ഷമാക്കുന്ന  നൂതന തിണ്ണമിടുക്ക് അധിഷ്ഠിത സാങ്കേതികവിദ്യയും നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഇതൊ ക്കെ മുളയിലെ നുള്ളിയില്ലെങ്കിൽ ഭസ്മാസുരന് വരം കിട്ടിയതു പോലെയാവുമെന്ന് പ്രത്യേകം പറയണ്ടല്ലോ.

ജീവനക്കിളികൾ  അർഹതപ്പെട്ടതിലും കൂടുതൽ നൽകുമെന്ന് ബഡ്ജറ്റു മുമ്പ് ബാലൻ മന്ത്രി പറഞ്ഞെങ്കിലും ബഡ്ജറ്റിനു ശേഷം ചുവപ്പൻകിളികൾ മൗനത്തിലാണ്. പതിവ് ആഹ്ലാദ പ്രകടനം കണ്ടില്ല. മനോനില തെറ്റിയ അണികൾക്ക് സമയോചിതമായി മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി ക്ലാസ് നടത്തുക എന്ന മാതൃകാപരമായ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് അവരെ അഭിനന്ദിക്കാതെ തരമില്ല.

ചിത്രസേനൻ 'വാഴ്ത്തുപാട്ടിലൂടെ' കാരണഭൂതനെന്ന ബിംബത്തെ ചിത്രവധം ചെയ്യുന്നതായാണ് കിളിക്ക് തോന്നിയിട്ടുള്ളത്. പാട്ടിലൂടെ അതിവിദഗ്ധമായാണ് മുഖ്യനെ ട്രോളിയിട്ടുള്ളത്. എന്നാൽ പഴയ ധനസെക്രട്ടറിക്കും വിധേയരായ ചീഫ് സെക്രട്ടറി, ഡിജിപികൾക്കും ലഭിച്ച പോലെ പോസ്റ്റ് റിട്ടയർമെന്റലാവണം നൽകി തിരിച്ചു ട്രോളിയതായും മനസ്സിലാക്കാം. വാഴ്ത്തുപാട്ടുകളും ആമോദ നൃത്തങ്ങളും കണ്ട് മടുപ്പായിട്ടുണ്ടാവും എന്ത് ധരിച്ചാവും മുഖ്യന്റെ ഭരണത്തിന്റെ മോടി കൂട്ടാൻ തുളസിക്കുന്നിൽ



ജീവനക്കിളികൾ പട്ടിണിയും പരിവട്ടവുമായി ഉഴലുമ്പോഴും 'ലാവണ്യവൽക്കരണം' പരകോടിയിലെത്തിയിരിക്കുന്നത്. ലക്ഷങ്ങൾ മുടക്കി വച്ച പുല്ല് പുല്ല് പോലെ ഇളക്കി മാറ്റി പുതിയ പുല്ല് വച്ചുപിടിപ്പിക്കുമ്പോൾ എല്ലാം ശരിയാവുമെന്നായിരിക്കും. പൊള്ളയായ മുഖം മിനുക്കലല്ല, യുക്തിഭദ്രമായ പൊളിച്ചെഴുത്താണ് വേണ്ടതെന്ന് ആരോട് പറയാൻ ?

ചില പക്ഷികൾ നേരത്തെ ഉണരാറുണ്ടെങ്കിലും ചുവപ്പൻകിളികൾക്ക് നേരം വെളുക്കാൻ വൈകുന്നേരം വരെയൊക്കെ ആയെന്നിരിക്കും. അതാണല്ലോ 'തൊഴിൽ തിന്നുന്ന ബകൻമാർ' ഇപ്പോൾ ഉറ്റ ചങ്ങാതികളായത്. പാവം വിദേശ സർവ്വകലാശാലയെന്നോ മറ്റോ പണ്ട് ഒരു വാക്കു പറഞ്ഞുപോയതിന് ഇവറ്റകൾ കരണത്തടിച്ച് നിലത്തിട്ട ഒരു പഴയ അമ്പാസിഡറുണ്ടല്ലോ, അങ്ങേരുടെ പേരെന്താ മക്കളേ ? സ്വാശ്രയസ്ഥാപനങ്ങൾക്കെതിരെ ഇവർ നടത്തിയ സമരത്തിൽ മരിച്ചും ജീവിച്ചുമൊക്കെ രക്തസാക്ഷികളായവരെ ഇരുട്ടിലുപേക്ഷിച്ചുകൊണ്ട് സ്വകാര്യ സർവ്വകലാശാലകൾക്ക് ചുവപ്പു പരവതാനി വിരിക്കാമത്രേ! കൂത്തുപറമ്പിൽ തന്നെ പാർട്ടി വക ഒരു ഡിജിറ്റൽ സർവ്വകലാശാല ആരംഭിക്കുകയും എ.ഐ വക്താവും കെ-റെയിൽ അപ്പ സൈദ്ധാന്തികനുമായ ഗോവിന്ദൻമാഷിനെ അതിന്റെ ആദ്യ ചാൻസിലറുമാക്കണമെന്നുമാണ് കിളിയുടെ ഒരിത്. പണ്ട് പരന്ന് കിടന്നിരുന്ന ഭൂമി ഇപ്പോൾ ഉരുണ്ടുവെന്ന് ചിറ്റപ്പൻ തറപ്പിച്ചു പറഞ്ഞ നിലയ്ക്ക് വീണ്ടും കാണും വരെ വണക്കം. 'അടി കൊള്ളാൻ ചെണ്ടയും പണം പറ്റാൻ മാരാരും' എന്ന പഴമൊഴി ഓഫീസിലെ ജീവനക്കിളികൾ ആപ്പീസിലെ പല ഇടനാഴികളിലും ഇരുന്ന് പരസ്പരം പറയുന്നത് കേട്ട് ഒന്നും മനസ്സിലാകാതെ കിളി പറന്നുപോയി....

പിഎസ് സി ഇ എ



# മലയാള സിനിമ 2024 ഒരു തിരനോട്ടം



ദിവ്യഉണ്ണി

**2024**-ലെ മലയാള സിനിമയുടെ പ്രകടനം കെട്ടുറപ്പില്ലാത്ത തിരക്കഥയിൽ പിറന്ന mass entertainer ചിത്രത്തിന് സമാനമായിരുന്നു. പുത്തനുണർവും പ്രതീക്ഷയുമായി ആദ്യ പകുതി ഗംഭീരമായിരുന്നെങ്കിലും ഹേമ കമ്മീഷൻ റിപ്പോർട്ടിൽ പ്രഭമങ്ങിയും അടിപ തറിയും മുന്നോട്ട് നീങ്ങിയ 'കഥയ്ക്ക്' കാമ്പില്ലെന്നു പ്രേക്ഷകർ വിധിയെഴുതും മുൻപേ ക്ലൈമാക്സിലും ടെയിൽ എൻഡിലും ശക്തമായ ഒരു തിരിച്ചുവരവിന്റെ ശുഭ സൂചന നൽകി പര്യവസാനിക്കുകയായിരുന്നു. എന്നിരുന്നാലും മാറ്റത്തിനെ, അത് സാമൂഹിക മായാലും, സാങ്കേതികമായാലും കലാപരമായാലും സ്വീകരിക്കുവാൻ മറ്റു ഭാഷകളെക്കാൾ ആർജ്ജവം മലയാള സിനിമ മേഖലയ്ക്കുണ്ടെന്ന് 2024-ലും തെളിഞ്ഞു. കഥയിലും, ആഖ്യാന ശൈലിയിലും, മേക്കിങ്ങിലും ലോകോത്തര നിലവാരത്തിലുള്ള പരീക്ഷണങ്ങൾക്ക് മലയാള സിനിമാലോകം കഴിഞ്ഞ വർഷം സാക്ഷിയായിട്ടുണ്ട് . ഈ ലേഖനത്തിൽ 2024-ൽ ജനശ്രദ്ധയാകർഷിച്ച, മലയാളഭാഷയിലെ മുഖ്യധാര വാണിജ്യ സിനിമകളുടെ ഒരു ഹ്രസ്വ വിവരണമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്

## പ്രേമലു

2024-ലെ അപ്രതീക്ഷിത ഹിറ്റ് ചിത്രമായിരുന്നു ഗിരീഷ് എം ഡി സംവിധാനം ചെയ്ത് പുതുതലമുറ താരങ്ങളായ നസ്ലനും മമിതയും പ്രധാന വേഷങ്ങളിലെത്തിയ 'പ്രേമലു'. താരപൊലിമയില്ലാതിരുന്നിട്ടും



കഥാവിഷയത്തിലും ഫോർമുലയിലും സവിശേഷതകളൊന്നുമില്ലാതിരുന്നിട്ടും ചിത്രം ശ്രദ്ധേയമായത് Gen Z തലമുറയുടെ 'വൈബ് ' ഒട്ടും നാടകീയതയില്ലാതെ ഈ ചിത്രത്തിന് ഒപ്പിയെടുക്കാൻ കഴിഞ്ഞു എന്നതിനാലാണ്. മിടുക്കനും ബുദ്ധിശാലിയുമായ നായകൻ അവനെ പ്രേമിക്കുകയോ അവനാൽ പ്രേമിക്കപെടുകയോ എന്നതല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലാത്ത നായിക എന്ന സ്ഥിരം നായകൻ-നായിക സങ്കൽപങ്ങളെ പുനർവായന ചെയ്യുന്നുണ്ട് സിനിമ. മിടുക്കിയും തന്റെ നിലപാടിലും സ്വാതന്ത്ര്യത്തിലും ഊറ്റം കൊള്ളുന്നവളുമായ നായിക, 'കഥയില്ലാത്ത', കൊള്ളാവുന്ന ജോലിയില്ലാത്ത, നായികയ്ക്ക് വിധേയനാവുന്നതിൽ അഭിമാനം വ്രണപ്പെടാത്ത നായകൻ, 'ലുക്കിലും' മിടുക്കിലും നായകന് ഭീഷണിയാവുന്ന 'വില്ലൻ'- സ്ഥിരം ചേരുവകളിൽ മാറ്റം വരുത്തി പുതു രുചികൾ സൃഷ്ടിക്കുന്ന ചിത്രത്തിൽ പുതുതലമുറയുടെ വിദേശ സ്വപ്നവും, ആൺ പെൺ സൗഹൃദതലങ്ങളിൽ വന്ന മാറ്റങ്ങളും പ്രതിപാദിക്കുന്നുണ്ട്.



## ഭ്രമയുഗം

ചാത്തനും യക്ഷിയുമൊന്നും മലയാള സിനിമയ്ക്ക് പുതുമയല്ലെങ്കിലും ഇതൊക്കെ കെട്ടുകഥകളാണെന്ന് പൂർണമായി ബോധ്യമുള്ളവരെ പോലും ഉദ്വേഗത്തോടെ പിടിച്ചിരുത്തിയ ചിത്രമാണ് രാഹുൽ സദാശിവന്റെ ഭ്രമയുഗം. ഹോററിന് പുതിയ മാനങ്ങൾ നൽകിയും ചിത്രത്തിന്റെ പേരിനെ അന്വർത്ഥമാക്കും വിധം സമയക്രമത്തിൽ കുടുങ്ങിപോവുന്ന ഭ്രമിപ്പിക്കുന്ന കാഴ്ചകളെ സൃഷ്ടിച്ചും, സത്യം-മിഥ്യ ദ്വന്ദ്വങ്ങളെ പ്രശ്നവത്കരിച്ചും ചിത്രം പ്രേക്ഷകരെ ഒരു മായികലോകത്തേക്ക് കൂട്ടികൊണ്ട് പോവുന്നു. Schindler's List, The Artist എന്നീ ഹോളിവുഡ് ചിത്രങ്ങൾ അവ പ്രതിപാദിക്കുന്ന കാലഘട്ടത്തിനോട് നീതി പുലർത്തുവാൻ Black and White ഫ്രെയിമിൽ ചിത്രീകരിക്കപ്പെട്ടുവെങ്കിൽ, ഭ്രമയുഗത്തിലെ ബ്ലാക്ക് ആൻഡ് വൈറ്റ് പരീക്ഷണം, 17ാം നൂറ്റാണ്ടിലെ കൊടുമൺ പോറ്റിയുടെയും തേവന്റെയും കഥ പറയുന്നതിന് മാത്രമല്ല, സ്ഥിരം നിറകാഴ്ചകളിൽ നിന്നും പ്രേക്ഷകരെ മാറ്റി നിർത്തി 'കാണുന്നതെല്ലാം വിശ്വസിക്കേണ്ടതില്ലെന്ന' ചിത്രത്തിന്റെ പ്രമേയത്തിനോട് സാംഗത്യം പുലർത്താനുതകുന്നു. ചിത്രത്തിന്റെ പശ്ചാത്തല സംഗീതവും, സംഭാഷണങ്ങളും മികവുറ്റതാണ്. സഹജീവിയെ അടിമയാക്കാൻ മടിയില്ലാത്ത, അധികാരകൊതിയിൽ, സഹായം നീട്ടുന്നവനെ പോലും ഇല്ലായ്മ ചെയ്യാൻ അറപ്പില്ലാതാകുമ്പോൾ ചാത്തനും മനുഷ്യനും രണ്ടല്ല, ഒരേ സ്വത്വത്തിന്റെ രണ്ട് മുഖങ്ങൾ മാത്രമാകുന്നു.

## ആട്ടം

നവാഗത സംവിധായകനായ ആനന്ദ് ഏകർഷിയുടെ ഏറെ വ്യത്യസ്തത നിറഞ്ഞ ചിത്രമായിരുന്നു ആട്ടം. നാടക കലാകാരന്മാർ അഭിനേതാക്കളായിവരുന്ന ഈ ചിത്രത്തിന്റെ കഥാപരിസരവും നാടകവുമായി ബന്ധപ്പെട്ടതാണ്. സമൂഹത്തിന്റെ കപട സദാചാരബോധത്തെ വിമർശിക്കുന്ന ചിത്രത്തിൽ, തന്നെ ആക്രമിച്ചവനെ തേടിയുള്ള ഇരയുടെ അന്വേഷണവും അക്രമി താനല്ലെന്ന് തെളിയിക്കുവാനുള്ള ഒരു കൂട്ടം മനുഷ്യരുടെ ഇടപെടലുകളുമാണ് പ്രമേയമായി വരുന്നത്. ഒരു പുരുഷകേന്ദ്രിത സമൂഹത്തിൽ സ്ത്രീ ആക്രമിക്കപ്പെടുമ്പോൾ അവളുടെ ഒപ്പം നിസ്വാർത്ഥരായി നിൽക്കേണ്ടവർ പോലും തന്റെ മുഖം രക്ഷിക്കാനോ അല്ലെങ്കിൽ തന്റെ മാന്യത തെളിയിക്കാനോ ഉള്ള ശ്രമത്തിൽ ഇരയെ പോലും കരുവാക്കുന്നതായി കാണാം. ചിലർ തങ്ങളുടെ സ്ഥാപിത താല്പര്യങ്ങളെ സംരക്ഷിക്കാൻ സന്ദർഭം മുതലെടുക്കുമ്പോൾ ഇന്ന് സമൂഹത്തിൽ അരങ്ങേറുന്ന ഇത്തരം വിഷയങ്ങളിലുള്ള സമൂഹത്തിന്റെ ഇടപെടലുകൾ പ്രേക്ഷകരെ ഓർമപ്പെടുത്തുന്നു. യഥാർത്ഥ പ്രതിയ്ക്ക് വേണ്ടിയുള്ള തിരച്ചിൽ ഒരു ചോദ്യചിഹ്നത്തിൽ ശേഷിപ്പിച്ച് യഥാർത്ഥ പ്രതിയെ കണ്ടെത്താനുള്ള നൈതിക ഉത്തരവാദിത്വം പ്രേക്ഷകർക്ക് നൽകി സംവിധായകൻ തന്റെ കഥാപാത്രങ്ങളോടുള്ള അവിശ്വാസ്യത വ്യക്തമാക്കുന്നുണ്ട്. 2024-ലെ മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ചിത്രം നാടക കലാകാരന്മാർ അനുഭവിക്കുന്ന വ്യഥകളും സംഘർഷങ്ങളും ചർച്ചാവിഷയമാക്കുന്നു.

## ആവേശം

രോമാഞ്ചം എന്ന ചിത്രത്തിന് ശേഷം ജിത്തു മാധവന്റെ സംവിധാനത്തിൽ പിറന്ന ചിത്രമാണ് ഫഹദ് ഫാസിൽ മുഖ്യകഥാപാത്രമായി നിറഞ്ഞാടിയ ആവേശം. 'മാസ്' ചിത്രങ്ങൾ മലയാളത്തിൽ അടിപതറാറാണ് പതിവെങ്കിലും രംഗണ്ണൻ കൊളുത്തിവിട്ട ആവേശം മലയാളക്കരയും കടന്ന് തെന്നിന്ത്യ







മുഴുവൻ പടരുകയായിരുന്നു. ചിത്രത്തിലെ മാസ്സ് ഡയലോഗുകളും ഗാനങ്ങളും സോഷ്യൽ മീഡിയ ഏറ്റെടുത്തതോടെ രംഗണ്ണനും അമ്പാനും ഇല്ലുമിനാറ്റിയുമെല്ലാം സ്കൂൾ മുതൽ ഓഫീസ് വരെയുള്ള ആഘോഷങ്ങളിൽ ആധിപത്യം സ്ഥാപിച്ചു. തെന്നിന്ത്യൻ സിനിമകൾ KGF നെ കോപ്പിയടിച്ച് ഭാഗ്യം പരീക്ഷിക്കുമ്പോൾ ഗുണ്ട നേതാവിനെ ട്രോൾ ചെയ്ത് മാസാക്കുകയായിരുന്നു ആവേശം.

## മഞ്ഞുമ്മൽ ബോയ്സ്

ഒരു യഥാർത്ഥ സംഭവം സിനിമയാക്കുമ്പോൾ അണിയറ പ്രവർത്തകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ആ സംഭവത്തിന്റെ originality ഒട്ടും ചോരാതെ തന്നെ ആസ്വാദ്യകരമായി ചിത്രീകരിച്ച് പ്രേക്ഷകരിലെത്തിക്കുക എന്നതാണ്. തിരക്കഥയിലും ചായാഗ്രഹണത്തിലും കലാസംവിധാനത്തിലും കാസ്റ്റിംഗിലും ഏറെ മികവ് പുലർത്തിയ ചിത്രമായിരുന്നു ചിദംബരം സംവിധാനം ചെയ്ത മഞ്ഞുമ്മൽ ബോയ്സ്. ഗുണകേവിന്റെ വശ്യവും ഭീതിജനകവുമായ ദൃശ്യഭംഗിയിൽ പ്രേക്ഷകർ ലയിക്കുമ്പോൾ അത് ഒരു നിർമ്മിതിയാണെന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ടാവുന്നു. ചിത്രത്തിന്റെ കലാസംവിധാനം നിർവ്വഹിച്ച അജയൻ ചാലിശ്ശേരി അഭിനന്ദനം അർഹിക്കുന്നു. GenX തലമുറയുടെ ഗൃഹതുരതയും അതുണർത്തുന്ന വൈകാരികതയും 'കൂടെ പിറക്കാതെ പിറന്നവരുടെ' സൗഹൃദത്തിന്റെ ആഴവും മലയാളിയുടെ ഏറെ ഇഷ്ടപ്പെട്ട യാത്ര ഡെസ്റ്റിനേഷനായ കൊടൈക്കനാലിന്റെ മനോഹാരിതയും ഒന്നിച്ചപ്പോൾ മികച്ച ഒരു തീയറ്റർ അനുഭവം കാഴ്ചവെയ്ക്കാൻ ഈ ചിത്രത്തിന് കഴിഞ്ഞു.

## ആടുജീവിതം

ബെന്യാമിന്റെ ആടുജീവിതം മലയാളികൾക്ക് സുപരിചിതമാണ്. നജീബ് എന്ന കഥാപാത്രം മനസുകളിൽ അത്രയേറെ ആഴത്തിൽ പതിഞ്ഞതാണ്. അത്തരമൊരു കലാസൃഷ്ടിയെ വെള്ളിത്തിരയിൽ പുനരാവിഷ്കരിച്ചപ്പോൾ പിറന്നത് മറ്റൊരു മഹാത്ഭുതമാണ്. ബ്ലെസി, എ ആർ റഹ്മാൻ, റസൂൽ പൂക്കുട്ടി, കെ എസ് സുനിൽ, ശ്രീകർ പ്രസാദ് തുടങ്ങി ഇന്ത്യയിലെ ഏറ്റവും മികച്ച സാങ്കേതിക വിദഗ്ധർ അണിനിരന്ന ചിത്രത്തിൽ പൃഥ്വിരാജിന്റെ ആത്മസമർപ്പണവും ഒത്തുചേർന്നപ്പോൾ നോവൽ വായനയിൽ അനുഭവിച്ച നീറ്റലും വേദനയും അതേ തീക്ഷ്ണതയോടെ പ്രേക്ഷകരറിഞ്ഞു. ഓർമകളിലെ പുഴയുടെ കുളിരല്ല ജീവിതത്തിലെ കനലെരിഞ്ഞ വഴികൾക്കെന്ന് നജീബ് തിരിച്ചറിയുമ്പോൾ കാണികളുടെ ഉള്ളും പൊള്ളിപോവുന്നുണ്ട്. കണ്ണുനീർ പോലും വരണ്ടുപോവുന്ന മരുഭൂമിയിലെ പൊള്ളൽ തീയറ്ററിന്റെ ശീതളതയിലും പ്രേക്ഷകർ അനുഭവിക്കുന്നുണ്ടെങ്കിൽ ദൃശ്യാവിഷ്കാരത്തിന്റെ മികവ് എടുത്തുപറയേണ്ടതില്ലല്ലോ. വർഷങ്ങളുടെ തപസ്യയും ഹൃദയഹാരിയായ ഗാനങ്ങളും, സന്ദർഭോചിതമായ പശ്ചാത്തല സംഗീതവും മികവുറ്റ ദൃശ്യങ്ങളും സിനിമയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നു. എന്നിരുന്നാലും ആകമാനം കണക്കാക്കുമ്പോൾ നോവലും സിനിമയും നൽകിയത് രണ്ട് വ്യത്യസ്ത അനുഭവങ്ങളായിരുന്നതിനാൽ ചിത്രത്തെ ഒരു പുനരാവിഷ്കരണം എന്നതിനേക്കാൾ സ്വതന്ത്ര സൃഷ്ടി എന്ന രീതിയിൽ കണക്കാക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

## ഉള്ളൊഴുക്ക്

അതിതീവ്രമായ വികാരവിക്ഷോഭങ്ങളുടെ ഓരൊഴുക്കാണ്, കുട്ടനാട്ടിലെ വെള്ളപൊക്കത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്റ്റോ ടോമി അണിയിച്ചൊരുക്കിയ ഉള്ളൊഴുക്ക്. ശരി തെറ്റുകളുടെ നൂൽ പാലത്തിലൂടെ സഞ്ചരിക്കുന്ന 2 സ്ത്രീകൾ- ലീലാമ്മയും അഞ്ജുവും. തന്റെ പ്രണയത്തെ നഷ്ടപ്പെടുത്തി മറ്റൊരു പുരുഷനെ വിവാഹം ചെയ്യുന്ന അഞ്ജു പക്ഷെ അധികം വൈകാതെ വിധവയാവുന്നു. അടക്കിവച്ച വികാരങ്ങളുടെ കുത്തൊഴുക്കിൽ ഭർത്താവ് ജീവിച്ചിരിക്കെ തന്നെ മുൻ കാമുകനാൽ അഞ്ജു ഗർഭിണിയാവുന്നു. കുഞ്ഞ് തന്റെ മകന്റെയാണെന്ന ധാരണയിൽ പ്രാണനായ മകന്റെ വിയോഗത്തിലും ധൈര്യം കൈ

വിടാതെ മുന്നോട്ട് നീങ്ങുന്ന ലീലാമ്മ പക്ഷെ സത്യമറിയുമ്പോൾ ശിഥിലമാവുന്നു. തുടർന്ന് രണ്ടു സ്ത്രീകളും നേരിടേണ്ടിവരുന്ന ആത്മ സംഘർഷങ്ങളാണ് ചിത്രത്തിന്റെ അകകാമ്പ്. ഒട്ടേറെ സങ്കീർണ്ണ നിമിഷങ്ങളിലൂടെ കടന്ന് പോവുന്ന കഥാപാത്രങ്ങൾ അനുഭവിക്കുന്ന വീർപ്പുമുട്ടലുകൾ കാണികളെയും അസ്വസ്ഥരാക്കുന്നുണ്ട്. അതിയായ പുത്രവാത്സല്യത്താൽ സ്വാർത്ഥയാവുന്ന ലീലാമ്മയും സ്വാതന്ത്ര്യം കാംക്ഷിക്കുന്ന, തന്റെ സ്വപ്നങ്ങൾക്കുവേണ്ടി സദാചാരത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്ന അഞ്ജുവും- ആര് ശരി, ആര് തെറ്റ് എന്നത് നിർണ്ണയിക്കാനുള്ള അവകാശം ആരിലും നിക്ഷിപ്തമല്ല എന്ന് സിനിമ നമ്മളെ ഓർമപ്പെടുത്തുന്നു.

## ഗഗനചാരി

2043-ൽ കേരളത്തിൽ സംഭവിച്ചേക്കാവുന്ന സംഭവങ്ങളുടെ ഒരു സാങ്കൽപ്പിക വിവരണമാണ് അരുൺ ചന്തു സംവിധാനം ചെയ്ത പോസ്റ്റ് അപ്പോകാലിപ്റ്റിക് സയൻസ് ഫിക്ഷൻ ചിത്രം ഗഗനചാരി. അന്യഗ്രഹജീവി പ്രമേയമാക്കി മലയാളത്തിൽ സിനിമ വന്നിട്ടുണ്ടെങ്കിലും 'വേൾഡ് ബിൽഡിങ്' എന്ന തലത്തിലേക്ക് മലയാള സിനിമയുയർന്നത് ഗഗനചാരിയിലൂടെയാണ്. പ്രളയവും കോവിഡും ലോക്ഡൗണുമെല്ലാം സുപരിചിതമായ ഈ തലമുറയ്ക്ക് ഗഗനചാരിയുടെ കഥാപരിസരം ഉൾക്കൊള്ളാൻ ബുദ്ധിമുട്ടില്ല. ഭാവികേരളത്തിന്റെ കഥ പറയുമ്പോൾ സംഭവിച്ചേക്കാവുന്ന ലോജിക് പ്രശ്നങ്ങളെ മറികടക്കാൻ ബ്ലാക്ക് ഹ്യൂമ റിലൂടെ ചിത്രത്തിന് സാധിക്കുന്നുണ്ട്. മുൻ ആർമി ഉദ്യോഗസ്ഥനൻ വിക്ടർ (ഗണേഷ് കുമാർ), അദ്ദേഹത്തിന്റെ സഹചാരികളായ അലൻ (ഗോകുൽ സുരേഷ്) വൈഭവ് (അജുവർഗ്ഗീസ്) പിന്നെ ഇവരുടെ ഇടയിലേക്ക് വരുന്ന അന്യഗ്രഹജീവി (അനാർക്കലി മരക്കാർ) - ഇവരാണ് ചിത്രത്തിന്റെ കേന്ദ്ര കഥപാത്രങ്ങൾ. കൗതുകമുണർത്തുന്ന ദൃശ്യാവിഷ്കാരവും പുതുതലമുറയോട് ചേർന്ന് നിൽക്കുന്ന വൈബ് കഥാപാത്രങ്ങളും സംഭാഷണങ്ങളും ഇവയോട് ഒത്തിണങ്ങി സാമൂഹിക-രാഷ്ട്രീയ വിമർശനങ്ങളുമാവുമ്പോൾ ഗഗനാചാരി ഏറെ വ്യത്യസ്തമായ ഒരു പരീക്ഷണമാവുന്നു.

## കിഷ്കിന്ധാകാണ്ഡം

മേക്കിങ്ങിലും തിരക്കഥയിലും ഏറെ പുതുമകളോടെ വന്ന ചിത്രമാണ് ദിൽജിത്ത് അയ്യത്താൻ ഒരുക്കിയ ഇമോഷണൽ മിസ്റ്ററി ത്രില്ലർ കിഷ്കിന്ധാകാണ്ഡം. രാമായണത്തിലെ



കിഷ്കിന്ധാകാണ്ഡവുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലെങ്കിലും സിനിമയുടെ "A tale of 3 wise monkeys" എന്ന ടാഗ് ലൈനും ചിത്രത്തിന്റെ കഥാപരിസരത്തിൽ കുരങ്ങന്മാരുടെ നിർണ്ണായക സ്ഥാനവും ചേരുമ്പോൾ കിഷ്കിന്ധാകാണ്ഡം എന്ന പേര് ചിത്രത്തിന് യോജിച്ചതാവുന്നു. നോൺ ലീനിയർ ആഖ്യാന രീതിയിലെടുത്ത ചിത്രം ഒരു അന്വേഷണയാത്രയാണ്. ദുരൂഹതകളുടെ അന്തസത്ത തേടിയുള്ള അപ്പുപിള്ളയുടെയും അപർണയുടെയും ഈ യാത്രയിൽ പ്രേക്ഷകരും പങ്കാളികളാകുന്നു. കഥാപാത്രത്തിന്റെ സങ്കീർണ്ണതകളും അതിന്റെ ഏറ്റവും സൂക്ഷ്മമായ പെരുമാറ്റ രീതികളും ഹൃദ്യസ്തമാക്കിയുള്ള വിജയരാഘവന്റെ പ്രകടനം പ്രശംസനീയമാണ്. അജയചന്ദ്രനായി ആസിഫ് അലിയും അപർണയായി അപർണ ബാലമുരളിയും തങ്ങളുടെ വേഷങ്ങൾ കയ്യടക്കത്തോടെ ചെയ്തു. ഉത്തരം, ഒരു കരിയില കാറ്റുപോലെ തുടങ്ങിയ മലയാളത്തിലെ എക്കാലത്തെയും ക്ളാസിക്കുകൾക്കൊപ്പം ചേർത്തുവയ്ക്കാവുന്ന മലയാള സിനിമയിൽ നിർമ്മിച്ച ഏറ്റവും മികച്ച മിസ്റ്ററി ത്രില്ലറുകളിൽ ഒന്നാണ് കിഷ്കിന്ധാകാണ്ഡം എന്ന് നിസംശയം പറയാം.

## മാർക്കോ

രക്തചൊരിച്ചിലും വയലൻസും ആഘോഷമാക്കുന്ന ചിത്രമാണ്, 'മോസ്റ്റ് വയലന്റ് ഫിലിം ' എന്ന അവകാശവാദത്തോടെ തീയറ്ററിലെത്തിയ 'മാർക്കോ'. മറ്റൊരു സിനിമയിലെ അത്രകണ്ടു ആഘോഷിക്കപ്പെടാതെ പോയ ഒരു വില്ലനെ കേന്ദ്ര കഥാപാത്രമാക്കി ഒരു ചിത്രമെടുക്കുന്നത് മലയാളത്തിലെ ആദ്യ

പരീക്ഷണമാണ്. വിദേശചിത്രങ്ങളെ അനുസ്മരിക്കുന്ന ഒരു കഥാപരിസരം; ഷേക്ക്സ്പിയറുടെ ഹാംലറ്റിലെ പോലെ കുടുംബത്തിലെ ഒരു അംഗത്തിന്റെ അരുംകൊലയിൽ പ്രതികാരത്തിനായി ഇറങ്ങുന്ന കേന്ദ്രകഥാപാത്രം ഒടുക്കം കുടുംബത്തിനെ ഒന്നടങ്കം ഉന്മൂലനം ചെയ്യുന്നതിൽ ഹേതുവാവുമ്പോൾ സ്വതവേ ഉയരുന്ന കഥയുടെ നൈതിക- ലോജിക് പ്രശ്നങ്ങൾ കാവ്യനീതിയുടെ പേരിൽ തല്ക്കാലം വിസ്മരിക്കാം. ജോൺ വിക്കും SAW യും ഒക്കെ കണ്ടു പരിചയിച്ചവർക്ക് ഒരു പക്ഷെ മാർക്കോയിൽ ഏറെ സമാനതകൾ കാണാം. പ്രേക്ഷകരെ ബോറടിപ്പിക്കാത്ത ഫൈറ്റ് സീക്വൻസുകളും അതിന് കൊഴുപ്പു കൂട്ടുവാൻ പശ്ചാത്തല സംഗീതവും ചേരുമ്പോൾ മാർക്കോ വയലന്റ് ആക്ഷൻ എന്ന പതിപ്പിന് ഒരു ബെഞ്ച് മാർക്ക് സൃഷ്ടിക്കുന്നു.

തിയേറ്ററിൽ ചലനം സൃഷ്ടിച്ചില്ലെങ്കിലും OTT യിൽ സ്വീകാര്യത നേടിയ ചിത്രങ്ങളാണ് വിശേഷം, അന്വേഷിപ്പിൻ കണ്ടെത്തുവിൻ, ഗോളം, നുണക്കുഴി, മന്ദാകിനി എന്നിവ. അതു പോലെ പുതുമുഖങ്ങളെ അണിനിരത്തി വിജയിച്ച വാഴയും, ഹിച്ച്കോക്കിന്റെ Rear Window-യോട് സമാനതകളുള്ള സൂക്ഷ്മദർശിനിയും എടുത്ത് പറയേണ്ട മറ്റ് ചിത്രങ്ങളാണ്. 207 സിനിമകളാണ് മലയാളത്തിൽ കഴിഞ്ഞ വർഷമിറങ്ങിയത്, എന്നാൽ ഇതിൽ ജനപ്രീതി നേടിയത് വെറും 25 ശതമാനത്തോളം മാത്രമാണ്.

തിരുത്തലുകളും പുനർചിന്തനവും തിരശീലയ്ക്ക് അകത്തും പുറത്തും ഒരു പോലെ ആവശ്യമാണെന്ന ബോധ്യം 2025 ൽ സിനിമ ലോകത്തിന് പ്രവൃത്തിയിൽ കൊണ്ടുവരാൻ സാധിക്കട്ടെ.



# വേർപാടിന്റെ വേദന...

നിലാവും നിഴലും മാഞ്ഞുപോയ്
കരളും കടലും കരഞ്ഞുപോയ്
കനവും കനിവും അകന്നുപോയ്
നെഞ്ചകം നീറി പുകഞ്ഞുപോയ്
നൂറ് ഇതളായി വിടരാൻ
കൊതിച്ചവർ ഞെട്ടറ്റ് വീണുപോയ്
ഉയരങ്ങളിലെത്തുമെന്ന
മോഹങ്ങളൊക്കെയും കരിഞ്ഞുപോയ്
അവർ പിച്ച നടന്ന വഴികളിലൊക്കെയും
മരണം മറ പറ്റി നിന്നിരുന്നു
കണ്ണീരടങ്ങാത്ത വഴികളിലൊക്കെയും
കനലെരിയും കാലം കാത്തിരുന്നു
തിരികെയെത്താത്ത ഇന്നലെകളിന്റെ
മുറിവുണങ്ങാത്ത കനവുകളായിരുന്നു
നറുനിലാവിന്റെ സ്വപ്നങ്ങ-
ളിലൊക്കെയും ഒരു മനമുങ്ങിപ്പോഴും
ബാക്കിയാകവേ.



ഷാജി.എ

# സംസ്ഥാന കൗൺസിൽ അംഗങ്ങൾ 2024-25

ചെയർമാൻ



ഷാനവാസ്.എ.എസ്

വൈസ് ചെയർമാൻ



ഫ്രഞ്ചസ്.ഡി



ആർ.സി.സുരേഷ്കുമാർ



ജോസ് ഫ്രാൻസിസ്



സഞ്ജീവ് പി.എ.



പ്രദീപ്കുമാർ ഐ.പി.



പീറ്റർഷാജി.സി.എ



ഷാജു .എസ്



ബിജു.പി.എസ്



നിസാം യൂസഫ്



മുഹമ്മദ് അലി പി.കെ.



അബ്ദുൾ റഷീദ്



ഷൈഫുദ്ദീൻ എസ്.



മധു വി.എസ്.



ഷിൻസ് മാത്യു



വിനോദ്.ബി.ടി



രാജു എഡ്വേർഡ്



രാജേഷ്കൃഷ്ണൻ



മുഹമ്മദ് അബ്ദുൽ ഷുക്കൂർ



അനിൽ.എൻ



ജ്യോതിഷ് ലോപ്പസ്



രാകേഷ് ബാലു



ബിന്ദു സോജ



ആശ.ആർ.നായർ



ജയലക്ഷ്മി എം.



ശ്രീലേഖ.ടി.പി



സജിതകുമാരി.എസ്.എസ്



സിന്ധു എ.എസ്.



ദീപാറാണി.വി.പി



ഷിജിനിമോൾ തമ്പി



അജിന മുഹമ്മദ്

## വനിതാ കമ്മിറ്റി



ജീജ എം.എം
കൺവീനർ



സുമ.ടി.എം
ജോയിന്റ് കൺവീനർ




4.12.2024ന് പി എസ് സി എംപ്ലോയിസ് അസോസിയേഷൻ ഹാളിൽ ഡോക്ടർ മേരി ജോർജ് സർക്കാറിന്റെ സാമ്പത്തിക നിജസ്ഥിതി– ജീവനക്കാരുടെ ആശങ്കകൾ എന്ന വിഷയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു














